പുസ്തകം 72
ലക്കം 6
ജൂൺ 2004
ഇഹ്സാൻ 1383
റ. ആഖിർ - ജ. അവ്വൽ 1425



**ചീഫ് എഡിറ്റർ**
മുഹമ്മദ് ഉമർ എച്ച്. ഏ.

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)

കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**അഡീഷണൽ സെക്രട്ടറി പബ്ലിക്കേഷൻ**
പി. എം. അഹ്മദ് ഹസ്സൻ

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം



വരിസംഖ്യ - 100 ക.
ഒറ്റപ്രതി - 10 ക.



*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫോൺ: 2721609**
e-mail: sathyadoothan@ahmadiyya.com



**സ്ഥാപിതം**
**1925**


# സത്യദൂതൻ

**മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്ലാമിക പ്രസിദ്ധീകരണം**

## ഉള്ളടക്കം


**4** യുഗശബ്ദം

**5** മുഖക്കുറിപ്പ്

ലേഖനം

**6** ***മനുഷ്യഹൃദയത്തിന്റെ യാഥാർത്ഥ്യം***
ഹസ്ത്ത് മിർസാ ഗുലാം അഹ്മദ് (അ)

**8** ***മനുഷ്യ സൃഷ്ടിയുടെ ഉദ്ദേശ്യം***
ഡോ. അസീസു റഹ്മാൻ

**12** ***അമിതവണ്ണവും വ്രതാനുഷ്ഠാനവും***
മൻസൂർ എ.

**15** ***പവിത്ര ജീവിതം***
മുഹമ്മദ് ഉമർ

**19** ***പർദ്ദ : ഖുർആനിക വീക്ഷണത്തിൽ***
ഹ: മീർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

**22** ***ജനാധിപത്യവും മുസ്ലിം പണ്ഡിതന്മാരും***
ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റ)

**25** ***അസ്ഹാബുൽ കഹ്ഫ് (ഗുഹാ നിവാസികൾ) മൂന്നൂറ് കൊല്ലം ഉറങ്ങിയോ?***
എ. പി. കുഞ്ഞാമു

**29** ***പാകിസ്താനിലെ മതനിന്ദാ നിയമം***
എ. എം. മുഹമ്മദ് സലീം

**33** ***ഇസ്ലാം സ്ത്രീയുടെ നേർമാർഗം***
ബി മൻസൂർ, കോഴിക്കോട്

കവിത

**37** ***വേർപാട്***
എസ്. നൗഷാദ്, സന്ധ്യാലയം

യാത്രാവിവരണം

**35** ***ലബ്ബൈക്കല്ലാഹുമ്മ ലബ്ബൈക്ക്***
മുനീറ മുബക്ക്, കൂടാളി

**38** കുറിപ്പുകൾ

**41** വാർത്തകൾ, അനുസ്മരണം,


**മുഖചിത്രം : 1601 ൽ നിർമ്മിച്ച ഇറാനിലെ ഒരു സൂഫിവര്യന്റെ മഖ്ബറ. മരുഭൂമിയിൽ ഒരു പൂന്തോപ്പിന്റെ മാതൃകയിൽ പണിത ഈ കെട്ടിട സമുച്ചയത്തിൽ തലയുയർത്തി നിൽക്കുന്ന കുംഭഗോപുരം സറാമിക്കിൽ (പിഞ്ഞാണക്കൂട്ട്) പണിതതാണ്.**


Printed & Published by A. P. Kunhamoo, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory *Creations*, CLT - 1.

## ഖുർആനിൽ നിന്ന്

'ഓ വിശ്വാസികളെ നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിന്ന് വേണ്ടി നില കൊള്ളുക. ഒരു സമുദായത്തോടുള്ള വെറുപ്പ് അവരോട് നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. അത് ദൈവഭക്തിയുമായി ഏറ്റവും അടുത്തതാണ്' (5:9).

## നബിവചനം

'ആരുടെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് ആ അല്ലാഹുവാണെ സത്യം. നിങ്ങൾ ജനങ്ങളെ നന്മ ചെയ്യാൻ പ്രേരിപ്പിക്കുകയും തിന്മ ചെയ്യുന്നവരിൽ നിന്നും അവരെ തടയുകയും ചെയ്യുക. അല്ലാത്ത പക്ഷം നിങ്ങളുടെ മേൽ അല്ലാഹുവിൽ നിന്നും ശിക്ഷയിറങ്ങുവാൻ സാധ്യതയുണ്ട്. പിന്നെ വൈകിയ വേളയിൽ നിങ്ങൾ താണുകേണപേക്ഷിച്ചാലും അത് സ്വീകരിക്കപ്പെട്ടില്ലെന്നു വരാം

**(തിർമിദി)**

# ഓരോ സമുദായത്തിലും പ്രവാചകൻ



**ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**

ഏതെങ്കിലും ഒരു പ്രത്യേക ദേശക്കാരിലോ രാജ്യക്കാരിലോ മാത്രമെ പ്രവാചകന്മാർ അവതരിക്കയുണ്ടായിട്ടുള്ളൂ എന്ന വിശ്വാസം അബദ്ധമാണെന്നു ദൈവം വിശുദ്ധഖുർആനിൽ പല സ്ഥലങ്ങളിലായി പറഞ്ഞുതന്നിരിക്കുന്നു. അവൻ ആത്മീയാനുഗ്രഹം നൽകുന്ന വിഷയത്തിൽ യാതൊരു ദേശക്കാരേയും വിസ്മരിച്ചുകളഞ്ഞിട്ടില്ല. ഈ പരമാർത്ഥം വിശുദ്ധ ഖുർആനിൽ പല സ്ഥലങ്ങളിൽ സന്ദർഭോചിതങ്ങളായ ഉദാഹരണങ്ങളാൽ വിശദീകരിക്കപ്പെട്ടിട്ടുണ്ട്. സർവ്വൈകദാതാവായ ദൈവം എല്ലാ രാജ്യക്കാർക്കും അവരുടെ ഭൗതികാവശ്യങ്ങൾക്കു വേണ്ട സർവ്വവും സംഭരിച്ചുകൊടുത്തിരിക്കുന്ന പ്രകാരം തന്നെ, എല്ലാ രാജ്യക്കാരുടെയും എല്ലാ ദേശക്കാരുടെയും ആത്മ പരിചരണത്തിനു ആവശ്യകമായ ഏർപ്പാടുകളും അവൻ ചെയ്തു പോന്നിട്ടുണ്ട്.

മുഖക്കുറിപ്പ്

# മതസൗഹാർദ്ദത്തിന്റെ അഹ്മദിയ്യാ മാർഗം

ചെറുതും വലുതുമായ വിവിധ മതങ്ങൾ കഴിയുന്ന നമ്മുടെ രാജ്യത്ത് മതസൗഹാർദ്ദം സാമൂഹ്യ സുരക്ഷിതത്വത്തിന് ഏറ്റവും ആവശ്യമായ ഒരു ഘടകമാണ്. സെക്കുലറിസം, മതേതരത്വം, മതനിരപേക്ഷത എന്നീ മുദ്രാവാക്യങ്ങൾ മുഴക്കി രാഷ്ട്രീയ പാർട്ടികൾ തിരഞ്ഞെടുപ്പുകാലത്തും അല്ലാത്തപ്പോഴും മതസൗഹാർദ്ദത്തിനുവേണ്ടി പ്രവർത്തിക്കാറുണ്ട്. പക്ഷേ, മതസൗഹാർദ്ദം മതത്തിന്റെ അകക്കാമ്പിൽ നിന്നു തന്നെ ആദർശവും വികാരവുമായി ഉയർന്നുവരേണ്ട ഒന്നാണ്. എങ്കിൽ മാത്രമേ സക്രിയമായ ഒരു ധാരയായി സമൂഹത്തിൽ അത് നിലനിൽക്കുകയുള്ളൂ. അന്യമതങ്ങളോടുള്ള സൗഹൃദപൂർണമായ പെരുമാറ്റത്തെ പറ്റിയും മാനവീയവും സാർവ്വലൗകികവുമായ മൂല്യങ്ങളെക്കുറിച്ചും ഇസ്ലാമിനെ പോലെ ഹിന്ദുമതം, ക്രിസ്തുമതം, ബുദ്ധമതം മുതലായ എല്ലാ മതങ്ങളിലും അദ്ധ്യാപനങ്ങളുണ്ട്. പക്ഷേ മതപണ്ഡിതന്മാർ അധികവും അവരവരുടെ മതങ്ങളുടെ വിചാര ലോകത്ത് കഴിയുവാനാണ് ഇഷ്ടപ്പെടുന്നത്. മിക്ക ഇസ്ലാം മതപണ്ഡിതന്നും ഹിന്ദുമതം അയാൾക്കറിയാത്ത ഒരു പരലോകമാണ്. അത് പോലെ ഹിന്ദുമത പണ്ഡിതന് ഇസ്ലാം മതവും. ഭഗവദ് ഗീത കാണാത്ത മുസ്ലിം പണ്ഡിതനും വിശുദ്ധ ഖുർആൻ കാണാത്ത ഹിന്ദുമതപണ്ഡിതനും നമ്മുടെ നാട്ടിൽ സുലഭം. ഭൂമിയുടെ രണ്ട് അർദ്ധഗോളങ്ങൾ തമ്മിലുള്ള ദൂരം ഇന്ന് മനുഷ്യൻ പരിഹരിച്ചിരിക്കുന്നു. കാതോട് ചുണ്ട് ചേർത്ത് അമേരിക്കക്കാരനും ഇന്ത്യക്കാരനും ഇന്ന് സംസാരിക്കനാവും. പക്ഷേ നിത്യവും കാണുന്ന അയൽക്കാരായ ഹിന്ദുവിന്റെയും മുസൽമാന്റേയും മതലോകം തമ്മിലുള്ള അതിവിദൂരത പരിഹരിക്കാതെ ബാക്കിനിൽക്കുന്നു.

ജീവിതത്തിന്റെ അവസാന ശ്വാസം വരെ ഹിന്ദുമുസ്ലിം ഐക്യത്തിന് വേണ്ടി തന്റെ വിശുദ്ധ തൂലിക ചലിപ്പിച്ച ഹസ്റത്ത് അഹ്മദ് (അ). ശ്രീകൃഷ്ണനും (അ) ശ്രീരാമനും (അ) ശ്രീബുദ്ധനും (അ) ദൈവത്തിൽ നിന്നുള്ള പരിശുദ്ധാത്മക്കളായിരുന്നുവെന്നും അവരെ ആദരിക്കേണ്ടത് മുസൽമാന്റെ മതധർമ്മമാണെന്നും ലോകത്തെ പഠിപ്പിച്ചു. ഹിന്ദുക്കളും മുഹമ്മദ് നബി(സ) യെ പറ്റി അപ്രകാരം കരുതണമെന്ന് അദ്ദേഹം ഉൽബോധിപ്പിച്ചു. രാജ്യത്ത് വരാനിരിക്കുന്ന ഭയാനകമായ വർഗ്ഗീയ കലാപങ്ങൾ ആത്മീയ ദൃഷ്ടി കൊണ്ട് കണ്ടറിഞ്ഞ ആ ദിവ്യാത്മാവ് ഹിന്ദു മുസ്ലിം ഐക്യത്തിന് വേണ്ടി 'പൈഗാമെ സുൽഹ്' (മൈത്രീ സന്ദേശം) എന്ന ഉപന്യാസം രചിക്കുകയുണ്ടായി. എല്ലാ മനുഷ്യർക്കും വേണ്ടി സൂര്യനും, ഭൂമിയും, വായുവും വെള്ളവും സൃഷ്ടിച്ച സർവ്വലോക പാലകനും, സർവ്വ സ്രഷ്ടാവുമായ ദൈവത്തിന്റെ, സാർവ്വജനീന പാലകത്വം സാർവ്വത്രിക കാരുണ്യം എന്നീ ഗുണങ്ങൾ സ്വാംശീകരിച്ച് എല്ലാ മതവിശ്വാസികളും അന്യമതസ്ഥരെ സ്നേഹിക്കണമെന്നും എല്ലാവരുടെയും ക്ഷേമത്തിന് വേണ്ടി പ്രവർത്തിക്കണമെന്നുമായിരുന്നു ആ കൃതിയുടെ സന്ദേശം. അദ്ധ്യാത്മിക പ്രബോധനങ്ങളും മനുഷ്യനെ ചിന്താധീനനാക്കുന്ന ധാർമ്മിക യുക്തിയും അടങ്ങിയ ആ ലഘുകൃതി രോഗശയ്യയിൽ വെച്ചാണ് വാഗ്ദത്ത മസീഹ് എഴുതി പൂർത്തിയാക്കിയത്.

തൊള്ളായിരത്തി ഇരുപതുകളിൽ ഹിന്ദു മുസ്ലിം സംയുക്ത ഖിലാഫത്ത് സംരംഭം ഒരു പരാജയമായി കലാശിച്ചു. മതപുരുഷന്മാരെ പരസ്പരം നിന്ദ്യവും രൂക്ഷവുമായി വിമർശിക്കുന്ന ക്ഷുദ്രസാഹിത്യങ്ങൾ അക്കാലത്ത് പ്രസിദ്ധീകരിക്കപ്പെടുകയുണ്ടായി. രാജ്യത്തങ്ങോളമിങ്ങോളം പൊട്ടിപ്പുറപ്പെട്ട വർഗ്ഗീയ കലാപങ്ങളിൽ ആയിരക്കണക്കിന് മനുഷ്യാത്മാക്കൾ ഹോമിക്കപ്പെട്ടു. ഈ സാഹചര്യത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം ഖലീഫ ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ആരംഭിച്ചതാണ് നബിദിനാചരണം. പിന്നീടത് 'മതാചാര്യർ ദിന'മായി ആചരിച്ചുവരുന്നു. മതപണ്ഡിതന്മാർ അന്യമതത്തിൽപ്പെട്ട ദിവ്യാത്മാക്കളുടെ പരിശുദ്ധ ജീവിതത്തെപ്പറ്റി ഒരു സദസ്സിൽ വെച്ച് നടത്തുന്ന പ്രഭാഷണപരിപാടികളാണ് മതാചാര്യർ ദിനം കൊണ്ട് ഉദ്ദേശിക്കുന്നത്. ഹസ്റത്ത് മുഹമ്മദ് നബി(സ)യെക്കുറിച്ച് ഒരു ഹിന്ദുവും ഹസ്റത്ത് ശ്രീകൃഷ്ണൻ (അ) ഹസ്റത്ത് ശ്രീരാമൻ (അ) എന്നിവരെ കുറിച്ച് ഒരു മുസ്ലിമും പ്രഭാഷണം നടത്തുന്ന ഈ പരിപാടി മതവിശ്വാസികളിൽ മതസൗഹാർദ്ദം വളർത്തുന്ന സർഗ്ഗാത്മകമായ ഒരു ഉപാധിയാണ്. അഹ്മദിയ്യാ ജമാഅത്ത് കഴിഞ്ഞ എൺപത് വർഷമായി നടത്തി വരുന്ന ഈ സൗഹൃദ സംരംഭം മതസൗഹാർദ്ദം വളർത്തുന്നതും എല്ലാവർക്കും നടത്താവുന്നതുമായ ഒരു രീതിയാണ്. മതവിദ്വേഷത്തിന്റെ എല്ലാ തിന്മകളിൽ നിന്നും ദൈവം നമ്മെ രക്ഷിക്കട്ടെ. (ആമീൻ) ■

ലേഖനം

# മനുഷ്യഹൃദയത്തിന്റെ യാഥാർത്ഥ്യം

ഹസ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

**മസ്തിഷ്കം യുക്തിയുടെയും ചിന്തയുടെയും ഉറവിടമാണ്. എന്നാൽ ഹൃദയമാണ് ആത്മീയ ഗുണങ്ങളുടെ ഇരിപ്പിടം.**

ദൈവം മനുഷ്യനിൽ മൂന്നു വിധത്തിലുള്ള നിയന്ത്രണഘടകങ്ങൾ സ്ഥാപിച്ചിരിക്കുന്നു. മസ്തിഷ്കം, ഹൃദയം, നാവ് എന്നിവയാണവ. മസ്തിഷ്കവും ബുദ്ധിയും യുക്തിയും ഉപയോഗിച്ച് ആശയങ്ങൾ രൂപീകരിക്കുകയും പുതിയ ചിന്തകളും വിശദീകരണങ്ങളും വാദമുഖങ്ങളും ആവിഷ്കരിക്കുകയും ചെയ്യുന്നു. വിവിധ സങ്കേതങ്ങളിലൂടെ രൂപവത്കൃതമാവുന്ന ഫലങ്ങൾ മസ്തിഷ്കം പുന:പരിശോധിക്കുകയും ചെയ്യുന്നു. ഹൃദയം എല്ലാ സത്തകളുടെയും രാജാവാണ്. ഹൃദയം തെളിവുകളും വാദമുഖങ്ങളും ഉപയോഗിക്കുന്നില്ല. അതിന് രാജാധിരാജനായ (മലിക്കുൽ മുലൂക്ക്) അല്ലാഹുവുമായിട്ടാണ് ബന്ധം. ആയതിനാൽ വ്യക്തവും സ്വച്ഛവുമായ വെളിപാട് (ഇൽഹാം) മുഖേനയോ ചിലപ്പോൾ രഹസ്യമായോ ഗൂഢമായ വെളിപാട് മുഖേനയോ മനുഷ്യന് അറിവുകൾ നൽകപ്പെടുന്നു.

ഇത് മറ്റൊരു വിധത്തിൽ പറയാം. മസ്തിഷ്കം മന്ത്രിയാണ് (വസീർ). മന്ത്രി ഭരണനിർവാഹകനായതിനാൽ തന്ത്രങ്ങളും പദ്ധതികളും മിനഞ്ഞെടുക്കുന്ന ആളാകുന്നു. അപ്രകാരം മസ്തിഷ്കം അഭിപ്രായങ്ങൾ, വ്യവസ്ഥകൾ, കാര്യകാരണങ്ങൾ, ഫലങ്ങൾ എന്നിവയിൽ സദാ വ്യാപൃതമാണ്. എന്നാൽ ഹൃദയത്തിൽ അല്ലാഹു സഹജാവബോധത്തെയാണ് നിക്ഷേപിച്ചിരിക്കുന്നത്. മധുരമുള്ള സ്ഥലത്ത് ഉറുമ്പ് എത്തിച്ചേരുന്നതുപോലെയാണിത്. ഒരിടത്ത് മധുരമുണ്ടെങ്കിൽ ഉറുമ്പിന് അത് ഗ്രഹിക്കാൻ വസ്തുതകളുടെ തെളിവിന്റെ ആവശ്യമില്ല. ദൈവം അതിന് നൽകിയ സഹജാവബോധം അതിന് മാർഗദർശനം നൽകുന്നതിനാൽ അത് മധുരമുളളിടത്ത് എത്തിച്ചേരുന്നു. ഇപ്രകാരം ഉറുമ്പിന് ഹൃദയവുമായി സാദൃശ്യമുണ്ട്. കാരണം അതിലും സഹജാവബോധമുണ്ട്. അതിന്റെ ബലത്താൽ ഹൃദയം ആനയിക്കപ്പെടുന്നു. അതിന് തെളിവുകളുടെയും, യുക്തിവാദങ്ങളുടെയും, നിഗമനങ്ങളുടെയും, ഫലപരിണിതിയുടെയും ആവശ്യമില്ല. ഹൃദയത്തിന് അത്തരം തെളിവുകൾ എത്തിച്ചുകൊടുക്കാൻ മസ്തിഷ്കം സദാ സന്നദ്ധമാണ് എന്നത് മറ്റൊരുകാര്യമാണ്.

ഹൃദയം (ഖൽബ്) എന്നതിന് സ്ഥൂലവും ശാരീരികവുമായ അർത്ഥമുണ്ട്. അതേപ്രകാരം ഹൃദയത്തിന് ആത്മീയമായ അർത്ഥവുമുണ്ട്. 'ഖൽബ്' (ഹൃദയം) എന്ന വാക്കിന് ചംക്രമണം, മടങ്ങിവരുന്ന സഞ്ചാരം എന്നെല്ലാമാണ് അർത്ഥം. ശരീരത്തിൽ രക്തചംക്രമണത്തിന്റെ സ്രോതസ്സായതിനാലാണ് ഹൃദയത്തെ 'ഖൽബ്' എന്ന് വിളിക്കുന്നത്. ഖൽബ് എന്ന പദത്തിന്റെ ആത്മീയമായ അർത്ഥം മനുഷ്യനുണ്ടാകുന്ന അഭിവൃദ്ധിയും പുരോഗതിയും ഹൃദയത്തെ ചുറ്റിക്കൊണ്ടുള്ള പരിവൃത്തിയിലൂടെ ലഭ്യമാകുന്നത് എന്നാണ്. എപ്രകാരമെന്നാൽ മനുഷ്യന്റെ ജീവന് ആവശ്യമായ രക്തസഞ്ചാരത്തിന്റെ പ്രഭവ കേന്ദ്രം ഹൃദയമാണ്. ആയതിനാൽ ആത്മീയ പുരോഗതി ആത്മീയ ഹൃദയത്തെ ആശ്രയിച്ചു നിൽക്കുന്നു.

ഈ കാലത്തെ ദാർശനികരെന്ന് പറയപ്പെടുന്ന ചിലർ അറിവില്ലാത്തവരാണ്. അവർ എല്ലാ നല്ല കാര്യങ്ങളെയും മസ്തിഷ്കവുമായി ബന്ധപ്പെടുത്തുകയാണ്. എന്നാൽ മസ്തിഷ്കം വെറും തെളിവുകളുടേയും വാദമുഖങ്ങളുടേയും ഇരിപ്പിടമാണ്. ചിന്താശക്തിയും ഓർമ്മശക്തിയും തലച്ചോറുമായി ബന്ധപ്പെട്ടു കിടക്കുന്നു. എന്നാൽ ഹൃദയം അതിന്റെ പ്രത്യേകത നിമിത്തം പരമാധികാരിയാണു. അതായത് തലച്ചോറിൽ ഒരു വിധത്തിലുള്ള കല്പിത ഘടകമുണ്ട്. ഹൃദയത്തിൽ ഈ കല്പിത ഘടകമില്ല. അതുകൊണ്ട് ഹൃദയത്തിന് 'റബ്ബുൽ അർശു' മായി ഒരു പ്രതീകാത്മക ബന്ധമുണ്ട്. വെറും സഹജാവബോധം കൊണ്ട് ഒരു വിധത്തിലുള്ള അടയാളവും ദൃഷ്ടാന്തവും ആവശ്യമില്ലാതെ (ആത്മീയ സത്യങ്ങൾ) അത് അറിയുന്നു. അതുകൊണ്ടാണ് ഹദീസിൽ നീ ഹൃദയത്തോടു ഫത്വ (വിധി) ചോദിക്കുക എന്നു പറഞ്ഞിരിക്കുന്നതും. അല്ലാതെ മസ്തിഷ്കത്തോടു ഫത്വ ചോദിക്കുക എന്നല്ല വന്നിരിക്കുന്നത്. ഉലൂഹിയത്തിന്റെ (ദൈവത്വത്തിന്റെ) തത്തുക്കൾ

ഹൃദയവുമായിട്ടാണു ബന്ധപ്പെട്ടു കിട ക്കുന്നത്. ആരും അതിനെ വിദൂരമാ ണെന്നു കരുതരുത്. വളരെ സൂക്ഷ്മവും പ്രയാസകരവുമായ കാര്യ മാണിത്. എന്നാൽ ഹൃദയപരിശുദ്ധി വരുത്തുന്നവർ ഇത്തരം ഉദാത്ത ഗുണ ങ്ങൾ ഹൃദയത്തിനുണ്ടെന്നു മനസ്സിലാ ക്കുന്നു. ഹൃദയത്തിന് ഈ ശക്തികളും ഊർജ്ജങ്ങളും ഇല്ലായിരുന്നുവെങ്കിൽ മനുഷ്യന്റെ അസ്തിത്വം തന്നെ പ്രയോ ജന ശൂന്യമായതായി ഭവിക്കുന്നതാണ്.

തസവ്വുഫിലും മുജാഹിദയിലും മുഴുകിയിരിക്കുന്ന സൂഫികളും മുജാ ഹിദീങ്ങളും ശരിക്കും മനസ്സിലാക്കിയ ഒരു യാഥാർത്ഥ്യമുണ്ട്. ഹൃദയത്തിൽ നിന്നും പ്രകാശത്തിന്റെയും ദീപ്തിയു ടെയും സ്തൂപം പ്രത്യക്ഷമായിത്തന്നെ ആകാശത്തേക്കു പോകുന്നതായിട്ട വർക്കു കാണുവാൻ സാധിക്കുന്നു. വളരെ വ്യക്തവും യഥാർത്ഥവും ആയ സത്യമാണത്. എനിക്കിതിനെ പ്രത്യേ കമായ ഉദാഹരണം മൂലം വ്യക്തമാക്കി ത്തരുവാൻ സാധ്യമല്ല. എന്നാൽ ആർക്കാണ് മുജാഹിദു ചെയ്യുവാൻ സാധിക്കുന്നത്, അതേ പ്രകാരം ആത്മീയ സഞ്ചാരത്തിന്റെ ഘട്ടങ്ങളെ തരണം ചെയ്യുവാൻ സാധിക്കുന്നത് അവർക്ക് ഇത് നേരിട്ടും അനുഭവത്തിൽ കൂടിയും കാണുവാൻ സാധിച്ചിട്ടുണ്ട്. ഹൃദയത്തിനും അർശിന്നുമിടയിൽ സൂക്ഷ്മമായ ഒരു തന്തു ഉണ്ട്. ഹൃദ യത്തിന് ആരാണ് കല്പന നൽകുന്നത് അവനിൽ നിന്നും ദിവ്യാനുഭൂതി ഉണ്ടാ കുന്നു. അത് ബുദ്ധിപരമായ അടയാ ളങ്ങളെയും ദൃഷ്ടാന്തങ്ങളെയും ആശ്ര യിച്ചിട്ടുള്ളതല്ല. മറിച്ച് 'മുൽഹം' (ദിവ്യ വെളിപാടുകിട്ടിയ ആൾ) അല്ലാഹു വിനോട് ആന്തരികമായി സംവദിച്ച് കാര്യങ്ങൾ ഗ്രഹിച്ചുകൊണ്ട് രൂപം കൊള്ളുന്ന ഫത്വ (വിധി)കളാണ്.

അതെ, ഒരു കാര്യം സത്യമാണ്. ഏതുവരെ ഹൃദയം ഹൃദയമായി മാത്രം നിലകൊള്ളുകയും അതായത്, 'നാം കേൾക്കുകയും അറിയുകയും ചെയ്തി രുന്നെങ്കിൽ' (67:11) എന്ന ദൈവികവ ചനമനുസരിച്ച അവസ്ഥയിൽ ആവു കയും ചെയ്യുന്നതുവരെ, അതായത്, ഹൃദയത്തിന്റെയും മസ്തിഷ്ക

**മനുഷ്യൻ ദൈവത്തിന്റെ തായിത്തീരുമ്പോൾ ഹൃദയത്തിന്റെ ശക്തികൾ പ്രവർത്തിച്ചു തുടങ്ങുന്നു. ആ അവസരത്തിൽ എല്ലാ ഊർജ്ജങ്ങളും ഇല്ലാതായി ഹൃദയ ത്തിന്റെ ഭരണകൂടം ആധിപത്യത്തിൽ വരികയും ഹൃദയ ത്തിന്റെ നിയന്ത്രണ ത്തിലും ഭരണത്തിന് കീഴിലും ആവുകയും ചെയ്യുന്നു.**

ത്തിന്റെയും ശക്തികൾ പ്രകടമാകാതി രുന്ന ഒരു നിദ്രാണ കാലഘട്ടം മനുഷ്യനു കഴിഞ്ഞുപോയിട്ടുണ്ട്. മസ്തിഷ്കത്തിന്റെ കഴിവുകൾ വികസി തമായ ഒരു കാലഘട്ടം വന്നു. അതി നുശേഷം ഹൃദയം പ്രകാശ സമ്പൂർണ്ണ മായ ഒരു കാലഘട്ടം ആഗതമായി. ഹൃദയത്തിന്റെ പ്രകാശ പൂർണമായ കാലഘട്ടം വന്നതോടു കൂടി മനുഷ്യൻ ആത്മീയമായി വളർച്ച പ്രാപിച്ചു. അങ്ങനെ മസ്തിഷ്കത്തിനുമേൽ ഹൃദ യത്തിന്റെ അധീശത്വം നിലവിൽ വന്നു. മസ്തിഷ്കപരമായ കഴിവുകൾക്ക് ഹൃദ യത്തിന്റെ സവിശേഷതകളുടെയും ശക്തികളുടെയും മേൽ ഒരാധിപത്യവു മില്ല തന്നെ. ഒരു കാര്യം ഓർക്കുക. മസ്തിഷ്കപരമായ കഴിവുകൾ വിശ്വാ സികൾക്കു മാത്രം പ്രത്യേകമാ യിട്ടുള്ളതല്ല. ഹിന്ദുക്കളും മറ്റുള്ളവരും എല്ലാം തന്നെ താന്താങ്ങളുടെ തലച്ചോ റിനെ പ്രയോജനപ്പെടുത്തുന്നു. ഭൗതി കമായ കാര്യങ്ങളിലും വ്യാപാരങ്ങ ളിലും മുഴുകിയിരിക്കുന്നവരെല്ലാം തന്നെ തങ്ങളുടെ ബുദ്ധിയെ (തലച്ചോ റിനെ) പ്രയോജനപ്പെടുത്തുന്നു. അവ രുടെ മസ്തിഷ്കപരമായ കഴിവുകൾ പൂർണ്ണമായും വികസിതമാണ്. ദിവ സവും തങ്ങളുടെ വ്യാപാരപരമായ പല നവീന കാര്യങ്ങളും അവർ കണ്ടുപിടി ക്കുന്നു. യൂറോപ്പിലേക്കും ആധുനിക ലോകത്തിലേക്കും ദൃഷ്ടിപായിക്കുക. ഇക്കൂട്ടർ എത്ര കണ്ടാണു തങ്ങളുടെ ബുദ്ധിയെ പ്രയോജനപ്പെടുത്തി പുതിയ പുതിയ ഗവേഷണങ്ങൾ നടത്തുന്നത്.

മനുഷ്യൻ ദൈവത്തിന്റെ തായിത്തീരുമ്പോൾ ഹൃദയത്തിന്റെ ശക്തികൾ പ്രവർത്തിച്ചു തുടങ്ങുന്നു. ആ അവസരത്തിൽ എല്ലാ ഊർജ്ജ ങ്ങളും ഇല്ലാതായി ഹൃദയത്തിന്റെ ഭര ണകൂടം ആധിപത്യത്തിൽ വരികയും ഹൃദയത്തിന്റെ നിയന്ത്രണത്തിലും ഭര ണത്തിന് കീഴിലും ആവുകയും ചെയ്യു ന്നു. അപ്പോഴാണ് മനുഷ്യൻ പരിപൂർണ്ണ മനുഷ്യൻ എന്നു പറയപ്പെടുന്നത്. ആ അവസരത്തിലാണ് 'അതിൽ ഞാനെന്റെ ആത്മാവിനെ ഊതി' (15:30) എന്ന വചനത്തിന് മനുഷ്യൻ സജീവ സാക്ഷിയാവുന്നത്. ആ അവ സരത്തിൽ മലക്കുകൾ കൂടി അയാളെ സജ്ദ ചെയ്യുന്നു. അപ്പോൾ അയാൾ ഒരു നവീന മനുഷ്യനായിത്തീരുന്നു. അയാളുടെ ആത്മാവ് അവാച്യമായ ഒരാത്മീയാനുഭൂതി അനുഭവിക്കാൻ തുടങ്ങുന്നു. എന്നാൽ ഒരു കാര്യം ഓർക്കണം, ഈ ആനന്ദം ഒരു ദുഷിച്ച പ്രകൃതമുള്ളവന് വ്യഭിചാരത്തിൽ ലഭി ക്കുന്ന ആനന്ദം പോലെയുള്ളതല്ല. അല്ലെങ്കിൽ മധുര സ്വരത്തിൽ ആലപി ക്കപ്പെടുന്ന ഗാനാസ്വദനത്തിലുണ്ടാ കുന്ന ആനന്ദം പോലെയുള്ളതല്ല. ആത്മീയാനന്ദമുണ്ടാകുന്നത് മനുഷ്യൻ മൃദുചിത്തനായി വ്യാകുലതയോടും ദൈവഭക്തിയോടും സ്വയം അലിഞ്ഞ് ജലം പോലെ ഒഴുകാൻ തുടങ്ങുമ്പോ ഴാണ്. ആ അവസരത്തിൽ അവൻ വച നമായി (കലിമ)ത്തീരുന്നു. താഴെ കാണുന്ന ഖുർആനിക വചനം അവ നിൽ പ്രാവർത്തികമാകുന്നു.

''തീർച്ചയായും അവൻ ഒരു

*(ശേഷം 18 -ാം പേജിൽ)*

ലേഖനം

# മനുഷ്യസൃഷ്ടിയുടെ ഉദ്ദേശ്യം

**ഡോ. അസീസു റഹ്മാൻ**

**മനുഷ്യജീവിതത്തിന്റെ പൊരുളെന്ത്? എങ്ങോട്ടാണ് അതിന്റെ പ്രയാണം? ആരംഭം തൊട്ടേ മനുഷ്യൻ ചോദിച്ചുകൊണ്ടിരുന്ന തത്വജ്ഞാനപരമായ ഈ പ്രശ്നത്തിന് ഇസ്‌ലാം ഉത്തരം നൽകുന്നു.**

മനുഷ്യസൃഷ്ടിയുടെ ഉദ്ദേശ്യമെന്ത്? മനുഷ്യന് ചിന്താശേഷി ആരംഭിച്ചത് മുതൽ അവൻ ഉത്തരം കാണാൻ ശ്രമിക്കുന്ന ചോദ്യമാണിത്. ഞാനെങ്ങനെ ഈ ഭൂമിയിൽ വന്നു? എപ്പോൾ ഞാനിവിടെ വന്നു? എന്തിന് ഞാനിവിടെ വന്നു? എന്റെ ശ്വസനം, ആഹരിക്കൽ, ഉറക്കം, ഉപജീവനം ഇവയിൽക്കവിഞ്ഞ വല്ല ഉദ്ദേശ്യവും എന്റെ ജീവിതത്തിന്നുണ്ടോ? ഭൂമിയിലെ ജീവിതം കഴിഞ്ഞ് മനുഷ്യന് മറ്റെന്തെങ്കിലും അസ്തിത്വം അവശേഷിക്കുമോ? മനുഷ്യൻ ഇന്നുവരെ ചോദിച്ച ചോദ്യങ്ങളിൽ വെച്ച് ഏറ്റവും സങ്കീർണ്ണവും ഏറ്റവും ഗഹനവുമായ ചോദ്യം മനുഷ്യസൃഷ്ടിയുടെ ഉദ്ദേശ്യത്തെക്കുറിച്ചുതന്നെയാണ്.

മനുഷ്യന്റെ സൃഷ്ടിയുടെ ആരംഭം മുതൽ ഇത്തരം പ്രശ്നങ്ങളെക്കുറിച്ച് അവൻ ചിന്തിച്ചുകൊണ്ടിരുന്നു. വേട്ടയാടാനും, ആഹാരം ശേഖരിക്കാനും ശേഷിയുണ്ടായിരുന്ന നിയാണ്ടർതാൽ മനഷ്യൻ സൂര്യന്റെ ഉദയവും അസ്തമയവും കണ്ട് അത്ഭുതം കൂറിയിട്ടുണ്ടാകണം. ഇത് എങ്ങനെ സംഭവിക്കുന്നു? എന്തുകൊണ്ട് സംഭവിക്കുന്നു? എന്നിത്യാദിചോദ്യങ്ങൾ അവൻ സ്വയം ചോദിച്ചിരിക്കും.

പതിനായിരം വർഷങ്ങൾക്കു മുമ്പ് ശിലായുഗത്തിൽ ജീവിച്ചിരുന്ന മനുഷ്യൻ അവന് ചുറ്റുമുള്ള ലോകം ഒരു ക്രമപ്രകാരം ചരിക്കുന്നതാണെന്ന് നിരീക്ഷിച്ചിട്ടുണ്ടാവണം. ശിലായുഗത്തിലെ മനുഷ്യൻ കോറിയിട്ട ചിത്രങ്ങളിൽ നിന്നും അവന്റെ ജീവിതശൈലിയിൽ നിന്നും നമുക്കിത് ഊഹിച്ചെടുക്കാവുന്നതാണ്. ഇതിന്റെയെല്ലാം രഹസ്യമെന്താണെന്ന് അവൻ ചിലപ്പോൾ അമ്പരപ്പോടെ ചിന്തിച്ചിട്ടുമുണ്ടാകാം. കൃഷി ആരംഭിക്കുകയും ആഹാരം വിളയിച്ചെടുക്കുകയും വാസസ്ഥലങ്ങൾ നിർമ്മിക്കാൻ ആരംഭിക്കുകയും പ്രകൃതിയെ അവനനുകൂലമായി ഉപയോഗപ്പെടുത്തുകയും ചെയ്ത മനുഷ്യൻ ജീവജലം പ്രദാനം ചെയ്യുന്ന മഴ എവിടെ നിന്നാണ് വരുന്നതെന്നും ചിന്തിച്ചിട്ടുണ്ടാവും. ആകാശത്ത് ചലിച്ചുകൊണ്ടിരിക്കുന്ന നക്ഷത്രങ്ങളെയും അവൻ നിരീക്ഷിച്ചിട്ടുണ്ടാവും.

ക്രമേണ മനുഷ്യന്റെ ചിന്താശേഷിയും ബുദ്ധിശക്തിയും വികസിക്കുകയുണ്ടായി. മനുഷ്യൻ കൂടുതൽ കൂടുതൽ ഗഹനമായ ചോദ്യങ്ങൾ ചോദിക്കുകയും അവന്റെ ജ്ഞാനശേഷിയും ഭാവനാശേഷിയും ഉപയോഗിച്ച് അതിനെല്ലാം ഉത്തരം കണ്ടെത്താൻ ശ്രമിക്കുകയും മനുഷ്യനെക്കാൾ ശക്തനായ ഒരു അസ്തിത്വത്തെ അന്വേഷിക്കാൻ ആരംഭിക്കുകയും ചെയ്തു. ചിലപ്പോൾ അത്തരം ഒരു ശക്തിയെ അവൻ ആരാധിക്കുകയും ചെയ്തിട്ടുണ്ടാവാം. തകർന്നടിഞ്ഞ പുരാതന സംസ്കാരങ്ങളുടെ അവശിഷ്ടങ്ങളിൽ നിന്നും മനുഷ്യൻ ആരാധിച്ചിരുന്ന ചില മൂർത്തികളെപ്പറ്റി മനസ്സിലാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. മനുഷ്യന് വിശദീകരിക്കാൻ കഴിയാത്ത പ്രകൃതി പ്രതിഭാസങ്ങളെ നിയന്ത്രിക്കുന്ന ഒരു ശക്തിയെ സങ്കല്പിച്ചുകൊണ്ട് ഒരു ആരാധനാമൂർത്തിയെ അവൻ ഉപാസിച്ചു.

അവസാനം, മനുഷ്യന്റെ സ്വാഭാവികവും അവിരാമവുമായ ഈ അന്വേഷണങ്ങൾക്ക് വ്യക്തമായ രീതിയിൽ ഉത്തരം നൽകപ്പെട്ടു. മനുഷ്യനെ സൃഷ്ടിച്ച ദൈവം സ്വയം തന്നെ അവന് ഉത്തരം നൽകി.

ദൈവത്തിന്റെ പ്രതാപത്തിനും അവന്റെ പ്രകാശത്തിനും നിദർശനമായിക്കൊണ്ട് കോടിക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് പ്രപഞ്ചവ്യവസ്ഥ നിലവിൽ വരികയുണ്ടായി. അവൻ ആറുഘട്ടങ്ങളിലായി ആകാശവും ഭൂമിയും സൃഷ്ടിച്ചു. ആകാശവും ഭൂമിയും അതിന്റെ പ്രാഥമിക ഘട്ടത്തിൽ അവ്യവസ്ഥിതമായ ഒരു വാതകപടലമായിരുന്നു. ദൈവം അതിനെ സൗരയൂഥവ്യവസ്ഥയാക്കി പരിവർത്തിപ്പിച്ചു. ജീവൻ കരുപ്പിടിക്കാനാവശ്യമായ സവിശേഷതകൾ രൂപപ്പെടുന്നതുവരെ ഭൂമി നിരവധി മാറ്റങ്ങൾക്കും വികാസങ്ങൾക്കും ഘട്ടം

ഈ
ണ്ടാ
മായ
യിത്
ണയ

> ഈ പ്രപഞ്ചത്തെ ദൈവം സൃഷ്ടിച്ചത് ഘട്ടംഘട്ടമായിക്കൊണ്ടാണ്. അതുപോലെ ദൈവം മനുഷ്യനെയും ഘട്ടം ഘട്ടമായും ഓരോ ദശകളിലായും സൃഷ്ടിച്ചു. ഇതേ രീതിയിൽ തന്നെ മനുഷ്യന്റെ ബുദ്ധിപരമായ കഴിവുകളും ക്രമേണയാണ് വികസിച്ചത്

ഘട്ടമായി വിധേയമായിക്കൊണ്ടിരുന്നു. സമയം ആഗതമായപ്പോൾ ദൈവം മനുഷ്യനെ സൃഷ്ടിച്ചു. ദൈവികഗുണങ്ങളുടെ പ്രതിഫലനവും ദൈവികസൗന്ദര്യത്തിന്റെ ദർപ്പണസമാനമുള്ള ഒരസ്തിത്വവുമായി മനുഷ്യനെ രൂപപ്പെടുത്താൻ ദൈവം ഇച്ഛിച്ചു. അങ്ങനെ ഈ പ്രപഞ്ചവ്യവസ്ഥയിലെ ചുരുങ്ങിയത് ഈ സൗരയൂഥത്തിലെ ദൈവത്തിന്റെ സൃഷ്ടിയുടെ ആത്യന്തികലക്ഷ്യമായി മനുഷ്യൻ മാറുകയായിരുന്നു.

ഈ പ്രപഞ്ചത്തെ ദൈവം സൃഷ്ടിച്ചത് ഘട്ടംഘട്ടമായിക്കൊണ്ടാണ്. അതുപോലെ ദൈവം മനുഷ്യനെയും ഘട്ടം ഘട്ടമായും ഓരോ ദശകളിലായും സൃഷ്ടിച്ചു. ഇതേ രീതിയിൽത്തന്നെ മനുഷ്യന്റെ ബുദ്ധിപരമായ കഴിവുകളും ക്രമേണയാണ് വികസിച്ചത്. നിയാണ്ടർതാൻ മനുഷ്യനും, ശിലായുഗ മനുഷ്യനും ദൈവത്തിൽനിന്ന് വെളിപാടുകൾ ലഭിക്കത്തക്കവിധം ധൈഷണികമായി വികാസം പ്രാപിച്ചിരുന്നില്ല. മനുഷ്യന്റെ കായികമായ കഴിവുകൾ പൂർണത പ്രാപിച്ചപ്പോഴാണ് ആ തലമുറയിലെ മാനസികമായി പൂർണ്ണത പ്രാപിച്ച ഒരു മനുഷ്യന് ദൈവം തന്റെ വെളിപാടുകൾ നൽകുന്നത്. ആ മനുഷ്യനാണ് ആദം (അ). അദ്ദേഹമാണ് ആദ്യത്തെ ആരാധനാലയം പണിതത്.

ക്രമേണ ദൈവം തന്റെ നിയമങ്ങൾ ഒന്നിനുപിറകെ മറ്റൊന്നായി വെളിപാടു മുഖേന തന്റെ തിരഞ്ഞെടുക്കപ്പെട്ട ദാസന്മാർക്ക് അറിയിച്ചുകൊടുത്തുകൊണ്ടിരുന്നു. ഇബ്രാഹിം (അ), ദാവൂദ് (അ), മൂസ്സ (അ), യേശു (അ) മുതലായവരെ വിവിധ കാലങ്ങളിൽ ദൈവം തിരഞ്ഞെടുത്തു. 1400 വർഷങ്ങൾക്ക് മുമ്പ് ദൈവം ഖുർആന്റെ രൂപത്തിൽ അവന്റെ, ദൈവിക നിയമങ്ങൾ സമ്പൂർണ്ണമായും അവതരിപ്പിച്ചു. ഈ നിയമങ്ങൾ ദൈവം നൽകിയത് മുഹമ്മദ് നബി(സ)യിലൂടെയാണ്. അദ്ദേഹം അക്കാലത്തുള്ള ഏറ്റവും സമ്പൂർണ്ണനായ വ്യക്തി എന്നു മാത്രമല്ല, കാലാകാലത്തേക്കുള്ള മനുഷ്യസമൂഹത്തിന്റെ ഉത്തമ മാതൃകയുമാണ്.

നാം ഇന്ന് ചോദിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും യുക്തിപരമായും, സമഗ്രമായും വിശുദ്ധ ഖുർആൻ ഉത്തരം നൽകുന്നുണ്ട്.

എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല. (51;57).

(ഇവിടെ 'ജിന്ന്' എന്നത് ആദമിന് മുമ്പ് ജീവിച്ച മനുഷ്യരെ സൂചിപ്പിക്കുന്നു. ഗുഹയിൽ ജീവിച്ചിരുന്ന അവർക്ക് ദൈവിക വെളിപാടുകൾ സ്വീകരിക്കാൻ മാത്രം ധിഷണാശേഷിയോ മാനസികമോ, കായികമോ, ആയ വളർച്ചയോ വന്നിട്ടുണ്ടായിരുന്നില്ല.

മനുഷ്യജീവിതത്തിന്റെ ആത്യന്തികലക്ഷ്യം ഈ വചനം സൂചിപ്പിക്കുന്നു. ദൈവികഗുണങ്ങളുടെ സൗന്ദര്യം പ്രതിഫലിപ്പിക്കാനുതകുന്ന അനുയോജ്യമായ കഴിവുകളോടെ സൃഷ്ടിക്കപ്പെട്ട ഒരേയൊരു ദൈവികസൃഷ്ടിയാണ് മനുഷ്യൻ. അതായത് മനുഷ്യൻ ദൈവത്തിന് വേണ്ടി അനുസരണയോടെ സമർപ്പിത ജീവിതം നയിക്കണമെന്നും ദൈവത്തിന്റെ എല്ലാ ഗുണങ്ങളോടും സ്നേഹബദ്ധനായി കഴിയണമെന്നും ദൈവം ആഗ്രഹിക്കുന്നു. മനുഷ്യൻ അവന്റെ ഈ ഉദാത്ത ലക്ഷ്യങ്ങൾക്ക് വേണ്ടി ത്യാഗജീവിതം നയിക്കുമ്പോൾ അവന് ജീവിതാനന്തരം പ്രതിഫലം നൽകപ്പെടുന്നു.

മനുഷ്യന്റെ ഭൂമിയിലെ ജനനം മുതൽ മരണം വരെയുള്ള കാലം അവൻ കായികമായ പരിണാമത്തിന് വിധേയമാവുന്നത് പോലെ ആത്മീയമായ പരിണാമത്തിനും വിധേയമാണ്.

### ആത്മീയ പരിണാമങ്ങൾ

ഈ ആത്മീയ പരിണാമം അവന് സാധ്യമാക്കാൻ കഴിയണമെങ്കിൽ മൂന്നുഘട്ടങ്ങളിലൂടെ കടന്നുപോകേണ്ടതുണ്ടെന്ന് വിശുദ്ധ ഖുർആൻ പറയുന്നു. ആദ്യത്തേത് 'നഫ്സുൽ അമ്മാറ'യാണ്. അതിന്നർത്ഥം തിന്മയിലേക്ക് മനുഷ്യനെ പ്രലോഭിപ്പിക്കുന്ന സ്വത്വം എന്നാണ്. ഇത് മനുഷ്യന്റെ സ്വാഭാവികാവസ്ഥയാണ്. ഈ അവസ്ഥയിൽ അവൻ തന്റെ വിവേചനബോധം കൊണ്ടല്ല നയിക്കപ്പെടുന്നത്. ഈ അവസ്ഥ മനുഷ്യന്റെ ജന്മവാസനകൊണ്ടാണ് നിയന്ത്രിക്കപ്പെടുന്നത്. അതായത് ആഹരിക്കുക, പാനം ചെയ്യുക, ഉറങ്ങുക മുതലായവ. മനുഷ്യൻ ഈ അവസ്ഥയെ തന്റെ നിയന്ത്രണത്തിന് വിധേയമാക്കുമ്പോൾ രണ്ടാം ഘട്ടം ആരംഭിക്കുകയായി. അത് ധാർമ്മികാവസ്ഥയാണ്. ഇതിനെ 'നഫ്സുൽ ലവ്വാമ' എന്നു പറയുന്നു. സ്വയം ശാസിച്ചുകൊണ്ടിരിക്കുന്ന ഒരു ആത്മീയ സ്വത്വമാണിത്. ഈ അവസ്ഥയിൽ മനുഷ്യൻ ദൈവത്തിന്റെ നിയമങ്ങൾ അനുഷ്ഠിക്കുകയും ധാർമ്മികനിയമങ്ങൾ പാലിക്കുകയും ചെയ്യുന്നു. പക്ഷേ, എല്ലാസമയത്തും ഇതിൽ വിജയിക്കുന്നില്ല. ആത്മീയ പരിണാമത്തിലെ അന്തിമഘട്ടം. 'നഫ്സുൽ മുത്മഇന്ന' ശാന്തി പ്രാപിച്ച ആത്മാവാണ് ആണ്. ഈ അവസ്ഥയിൽ മനു

ഷ്യന്റെ ആത്മാവ് എല്ലാ ബലഹീനത കളിൽ നിന്നും മുക്തമാവുകയും ദൈവ വുമായി അടുത്തു നിൽക്കുകയും ചെയ്യുന്നു.

### ദൈവത്തെ പ്രാപിക്കാൻ

നമുക്ക് രണ്ടാമത്തെ പ്രശ്നത്തി ലേക്ക് തിരിച്ചുപോകാം. ദൈവസംപ്രാ പ്തിക്ക് വേണ്ടി മനുഷ്യൻ ദൈവ ത്തിന്റെ പ്രതിഛായയിൽ സൃഷ്ടിക്കപ്പെ ട്ടിരിക്കുന്നു എന്ന് സ്ഥാപിക്കപ്പെടു മ്പോൾ അവൻ ആ അവസ്ഥ പ്രാപി ക്കാനുള്ള വഴികളും കണ്ടെത്തേണ്ടതു ണ്ട്. ഒരാൾ ഇതിനെപ്പറ്റി ആദ്യമായി ചിന്തിക്കുമ്പോൾ ഇത് അസാധ്യമാ ണെന്ന് കരുതുന്നു. എങ്ങനെയാണ് മനുഷ്യജീവിതത്തിൽ ഈ മഹത്തായ പരിവർത്തനം സാധിതമാകുക?

ഈയൊരു പ്രശ്നത്തിന് ഇസ്‌ലാം വ്യക്തവും മനുഷ്യന് പ്രാപി ക്കാൻ കഴിയുന്നതുമായ ഒരു വഴി നിർദ്ദേശിക്കുന്നു. മനുഷ്യന് ദൈവ ത്തിന്റെ സാമീപ്യം പ്രാപിക്കാൻ നിര വധി വഴികൾ വിശുദ്ധ ഖുർആൻ നിർദ്ദേ ശിക്കുന്നു. ഞാനിവിടെ ഏറ്റവും പ്രധാ നപ്പെട്ട ഒരു വഴിയെ പറ്റി മാത്രമാണ് പറ യാനുദ്ദേശിക്കുന്നത്.

ഈ ലക്ഷ്യം പ്രാപിക്കാൻ സർവ്വ ശക്തനായ ദൈവത്തെ ശരിയായ വിധ ത്തിൽ അംഗീകരിക്കുകയും ആ സത്യ ദൈവത്തിൽ വിശ്വസിക്കുകയും വേണം. ഒരാൾ സത്യദൈവത്തെയും അവനിലേക്കുള്ള സത്യപാതയെയും അംഗീകരിക്കാതെ ദൈവസാമീപ്യം കര സ്ഥമാക്കാൻ സാധിക്കില്ല. അതു കൊണ്ട് സത്യത്തിന്റെ അന്വേഷകൻ സജീവനും, സർവ്വശക്തനും, സർവ്വസ്ര ഷ്ടാവുമായ ദൈവത്തിൽ വിശ്വസിക്കേ ണ്ടതുണ്ട്. അത്തരമൊരു ദൈവത്തിനു മാത്രമേ അവന്റെ അന്വേഷണങ്ങൾക്കും ആരായലുകൾക്കും ഉത്തരം നൽകാൻ സാധ്യമാവൂ: ഖുർആൻ പറയുന്നു.

“യഥാർത്ഥ പ്രാർത്ഥന അവ നോടു മാത്രമാണ്. അവനു പുറമേ ഇവർ ആരെ വിളിച്ചു പ്രാർത്ഥിക്കു ന്നുവോ – അവർ ഇവർക്ക് ഉത്തര മൊന്നും നൽകില്ല. വായിൽ വെള്ളം എത്തിച്ചേരാൻ വേണ്ടി തന്റെ, ഇരുകൈ കളും വെള്ളത്തിനു നേരെ ഒരുവൻ നീട്ടിപ്പിടിക്കുന്നു. അതാകട്ടെ അവനി ലേക്ക് എത്തുന്നുമില്ല. അങ്ങനെയുള്ള വനെപോലെ (മാത്രമാണ് അവരുടെ സ്ഥിതി). സത്യനിഷേധികളുടെ പ്രാർത്ഥന – നിഷ്ഫലമായിപ്പോകുന്ന തല്ലാതെ മറ്റൊന്നുമല്ല.” (13:15).

രണ്ടാമത്തെ വഴി ദൈവത്തിന്റെ സമ്പൂർണ്ണസൗന്ദര്യത്തെപ്പറ്റിബോധവാ നായിരിക്കലാണ്. മനുഷ്യൻ സൗന്ദര്യ ത്തിലേക്ക് ആകർഷിക്കപ്പെടുന്നു എന്നത് തികച്ചും സ്വാഭാവികമാണ്. ദൈവം സൃഷ്ടിച്ച പ്രപഞ്ചത്തിന്റെ ഓരോ കണികയിലും ഓരോ അണു വിലും അവന്റെ, സൗന്ദര്യം പ്രതിഫലി ക്കുന്നുണ്ട്. സൗന്ദര്യമുള്ള വസ്തുക്ക ളെല്ലാം തന്നെ അത് ഒരു പുഷ്പമാക ട്ടെ, ഒരു പക്ഷിയാകട്ടെ, ഹരിതാഭമായ ഒരു വനമാകട്ടെ, ഹിമാവൃതമായ ഒരു പർവ്വതമാകട്ടെ, ഒരു പിഞ്ചുകുഞ്ഞിന്റെ മന്ദസ്മിതമാകട്ടെ. മനുഷ്യഹൃദയത്തിൽ അത് ഒരു പ്രതികരണം സൃഷ്ടിക്കുന്നു, അതായത് ഒരു അനുരക്തി ജനിപ്പിക്കു ന്നു. ദൈവത്തിന്റെ സൗന്ദര്യം അവന്റെ ഏകത്വത്തിലും, മഹത്വത്തിലും, വലി പ്പത്തിലും, പ്രതാപത്തിലും അവന്റെ മറ്റു ഗുണങ്ങളിലുമാണ്. വിശുദ്ധ ഖുർ ആൻ ദൈവത്തിന്റെ ആറ് ഗുണങ്ങൾ വിവരിക്കുന്നുണ്ട്. അതുപോലെ ആവർത്തിച്ചാവർത്തിച്ച് ദൈവത്തിന്റെ മഹത്വത്തെപ്പറ്റിയും അവന്റെ ശക്തിപ്ര താപങ്ങളെപ്പറ്റിയും പ്രതിപാദിക്കുന്നു. അത്തരത്തിലുള്ള ഒരു സമ്പൂർണ്ണ അസ്തിത്വത്തിന് മാത്രമേ മനുഷ്യന്റെ സ്നേഹത്തിനും ആരാധനക്കും പാത്ര മാവാൻ സാധ്യമാവൂ.

ദൈവത്തിലേക്കുള്ള മൂന്നാ മത്തെ വഴി ദൈവത്തിന്റെ കാരുണ്യ ത്തെപറ്റിയുള്ള അറിവുണ്ടായിരിക്കുക എന്നതാണ്. സൗന്ദര്യവും, കാരു ണ്യവും ദൈവസ്നേഹത്തിലേക്കുള്ള രണ്ട് വഴികളാണ്. വിശുദ്ധ ഖുർആന്റെ (പ്രഥമാദ്ധ്യായമായ) സൂറഃഫാത്തിഹ നമുക്ക് ദൈവത്തിന്റെ മുഖ്യമായ നാല് ഗുണങ്ങൾ പരിചയപ്പെടുത്തുന്നു. ഇതിൽ ഒന്നാമത്തേത് റബ്ബുൽ ആല മീൻ (സർവ്വലോകങ്ങളുടെയും നാഥൻ) ആണ്. അതായത് അല്ലാഹു സർവ്വതിനേയും സൃഷ്ടിക്കുകയും അതിനെ വികസിപ്പിച്ചു വളർത്തി പരി പൂർണ്ണതയിലെത്തിക്കുകയും ചെയ്യു ന്നു. രണ്ടാമത്തേത് അവൻ റഹ്മാൻ ആണ് (പരമകാരുണികൻ). അതായത് ദൈവം അവന്റെ സൃഷ്ടികൾക്ക് അവ രുടെ യാതൊരു പ്രയത്നവും കൂടാതെ അവന്റെ നിലനിൽപ്പിനും വളർച്ചക്കും വേണ്ട വിഭവങ്ങളും സാഹചര്യങ്ങളും അണിയിച്ചൊരുക്കിവെച്ചിരിക്കുന്നു. ദൈവം നമുക്ക് വെള്ളം, വായു, സൂര്യൻ, ഭക്ഷണം, ധാതുക്കൾ, മുതലാ യവയും ജീവസന്ധാരണത്തിനാവശ്യ മായ സകലതും നൽകി അനുഗ്രഹിച്ചി രിക്കുന്നു. മൂന്നാമത്തെ ദൈവികഗുണം ‘റഹിം’ ആണ്. കാരുണ്യവാൻ എന്നാണ് അതിനർത്ഥം. ഈ ഗുണനാമത്തിന്റെ അർത്ഥം, ദൈവത്തിന്റെ കാരുണ്യഗുണ ത്താൽ മനുഷ്യൻ ചെയ്യുന്ന പ്രവൃത്തി കൾക്കനുസരിച്ച് ഉന്നതമായ പ്രതിഫല ങ്ങൾ അവന് നൽകുന്നു എന്നതിനെ വ്യഞ്ജിപ്പിക്കുന്നു. ഈ നാല് ഗുണങ്ങ ളിൽ അവസാനത്തേത് ‘മാലിക്കിയൗമി ദ്ദീൻ’ എന്നതാണ്. വിധിനാളിന്റെ അധി പതി എന്നാണ് അതിനർത്ഥം. എല്ലാ റ്റിന്റെയും അന്തിമവിധി ദൈവത്തിന്റെ കരങ്ങളിലാണ് നിലകൊള്ളുന്നത് എന്ന് ഈ ഗുണനാമം സൂചിപ്പിക്കുന്നു.

ഈ ഗുണനാമങ്ങളെല്ലാം തന്നെ തന്റെ സൃഷ്ടികളോട് ദൈവം കാണി ക്കുന്ന ഔദാര്യങ്ങളുടെ ഒരു ചെറിയ വിവരണം മാത്രമാണ്. ദൈവത്തിന്റെ ഔദാര്യങ്ങൾ അപരിമിതങ്ങളാണ്.

“അല്ലാഹുവിന്റെ അനുഗ്രഹ ങ്ങൾ നിങ്ങൾ എണ്ണുകയാണെങ്കിൽ നിങ്ങൾക്കവയെ തിട്ടപ്പെടുത്താൻ കഴി യുകയില്ല.” (14:35).

ദൈവത്തെ പ്രാപിക്കാനുള്ള നാലാമത്തെ വഴി അവനോടുള്ള പ്രാർത്ഥനയാണ്. അതായത് അവനെ പ്രാപിക്കാൻ പ്രാർത്ഥനകളിലൂടെ അർത്ഥിക്കുക. മനുഷ്യന് ദൈവത്തെ പ്രാപിക്കാനുള്ള ഏകമാർഗ്ഗം ദൈവം തന്റെ കാരുണ്യത്താൽ മനുഷ്യനിലേക്ക് കടാക്ഷിക്കുക മാത്രമാണ്. ഇത് സാധ്യ

മാകാൻ മനുഷ്യവംശത്തിന് പ്രാർത്ഥന എന്ന ഉപകരണം ദൈവം നൽകിയിരിക്കുന്നു. അല്ലാഹു പറയുന്നു.

"എന്നെ വിളിക്കൂ, ഞാനുത്തരം നൽകും" (40:61)

ദൈവത്തെ പ്രാപിക്കാനുള്ള അഞ്ചാമത്തെ വഴി ദൈവമാർഗ്ഗത്തിൽ പരിശ്രമിക്കുക എന്നതാണ്.

"നമ്മുടെ കാര്യത്തിൽ പരിശ്രമിക്കുന്നവരാരോ അവരെ തീർച്ചയായും നാം നമ്മുടെ മാർഗ്ഗത്തിൽ നയിക്കുന്നതാണ്" (29:70).

ഒരാളുടെ ശ്രദ്ധ ദൈവമാർഗ്ഗത്തിലേക്ക് തിരിക്കുന്ന ഏറ്റവും ഫലപ്രദമായ മാർഗ്ഗമാണിത്. കാരണം അത് ദൈവത്തെ പ്രീതിപ്പെടുത്താനുള്ള പ്രായോഗിക മാർഗ്ഗമാണ്. ഈ മാർഗ്ഗത്തിൽ ചരിക്കുമ്പോൾ മറ്റു ദൈവസൃഷ്ടികളെ സഹായിച്ചുകൊണ്ട് നമുക്ക് ഇതിൽ നിന്ന് സംതൃപ്തി ലഭിക്കുകയും ചെയ്യുന്നു.

ദൈവമാർഗത്തിലുള്ള പരിശ്രമം പലവിധത്തിലുള്ളതാണ്. ദരിദ്രരേയും പാവങ്ങളേയും സഹായിച്ചുകൊണ്ട് അവന്റെ മാർഗ്ഗത്തിൽ പണം ചിലവഴിക്കുക. ഒരാളുടെ കഴിവുകൾ വിനിയോഗിച്ച് കൊണ്ടു സഹജീവികളെ സേവിക്കുക. വാസ്തവത്തിൽ തന്റെ സഹചരനെ സേവിക്കുക എന്നത് ദൈവമാർഗ്ഗത്തിലുള്ള പരിശ്രമത്തിൽ എറ്റവും പ്രധാനപ്പെട്ടതാണ്.

ആറാമത്തെ മാർഗ്ഗം ദൈവമാർഗ്ഗത്തിലുള്ള സ്ഥിരോത്സാഹമാണ്. അതിന്നർത്ഥം ദൈവത്തെ അന്വേഷിക്കുന്ന ഒരാൾക്ക് തന്റെ പരിശ്രമത്തിൽ തളർച്ചയോ മനംമടുപ്പ് അനുഭവപ്പെടുകയോ ചെയ്യില്ല എന്നതാണ്. സ്ഥിരോത്സാഹിയായി ദൈവമാർഗ്ഗത്തിൽ പരിശ്രമിക്കുമ്പോൾ അത് സംബന്ധിച്ച് യാതൊരു ഭീതിയും അവനെ ബാധിക്കില്ല. ഖുർആൻ പറയുന്നു:

"ഞങ്ങളുടെ നാഥൻ അല്ലാഹുവാണെന്ന് പറയുകയും എന്നിട്ട് സ്ഥിരചിത്തരായി നിലകൊള്ളുകയും ചെയ്യുന്നവരാരോ അവരുടെയടുക്കൽ മലക്കുകൾ ഇറങ്ങും. (ആ മലക്കുകൾ പറയും) 'നിങ്ങൾ ഭയപ്പെടേണ്ട. വ്യസനിക്കുകയും വേണ്ട. നിങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന സ്വർഗ്ഗം ലഭിച്ചതിൽ സന്തുഷ്ടരാവുക." (41:2)

സ്ഥിരോത്സാഹം എന്ന ഗുണം കൂടാതെ ഒരു സത്യാന്വേഷകനും അവന്റെ ലക്ഷ്യം പ്രാപിക്കാൻ സാധ്യമല്ല. പരീക്ഷണങ്ങളുടെയും, ദൗർഭാഗ്യങ്ങളുടെയും നാളുകൾ എല്ലാവരുടെയും മേലേ വന്നുഭവിക്കും. അതൊന്നും തന്നെ സത്യാന്വേഷകന്റെ മാർഗ്ഗത്തിൽ തടസ്സങ്ങൾ സൃഷ്ടിക്കുന്നില്ല. അവൻ മർദ്ദിക്കപ്പെട്ടാലോ പീഡിപ്പിക്കപ്പെട്ടാലോ ആ മാർഗ്ഗത്തിൽ നിന്നും പിന്തിരിയുന്നതുമല്ല. ദൈവത്തിന്റെ ഇച്ഛയുമായി അത്തരം സജ്ജനങ്ങൾ പരിപൂർണമായും ഐക്യപ്പെട്ടിട്ടുണ്ടാവും. അവർ അനുഭവിക്കുന്ന ദുരിതങ്ങളെസ്സംബന്ധിച്ചും, ദുരന്തങ്ങളെസ്സംബന്ധിച്ചും ഒരു പരാതി പോലും. അവർ ഉന്നയിക്കില്ല. പ്രവാചകന്മാരുടെ ജീവിതത്തിൽ സ്ഥിരോത്സാഹത്തിന്റെ അതിമഹത്തായ മാതൃക നമുക്ക് കാണാം. ഏത് വിധത്തിലുള്ള മർദ്ദനങ്ങൾക്ക് വിധേയമാക്കിയാലും അവരുടെ വിശ്വാസത്തിൽ നിന്നും അണുകിട പ്രവാചകന്മാർ വ്യതിചലിക്കുന്നില്ല.

ദൈവത്തെ പ്രാപിക്കാനുള്ള മറ്റൊരു മാർഗ്ഗം സജ്ജനങ്ങളുമായുള്ള സഹവാസമാണ്. മനുഷ്യൻ ഒരു സാമൂഹ്യജീവിയാണ്. അവൻ മറ്റുള്ളവരുമായി സഹവസിക്കാൻ ആഗ്രഹിക്കുന്നു. മനുഷ്യന്റെ പെരുമാറ്റങ്ങളെയും ശീലങ്ങളെയും അടിസ്ഥാനമാക്കി അവൻ കൂട്ടുകാരെ സ്വീകരിക്കുകയും സഹചരരുടെ സ്വഭാവം ജീവിതത്തിൽ പകർത്തുകയും ചെയ്യുന്നു. ദൈവത്തെ പ്രാപിക്കണമെന്ന് ആഗ്രഹിക്കുന്ന ഒരാൾ അതേ ആഗ്രഹത്തോടെ സംശുദ്ധമായ ജീവിതം നയിക്കുന്ന മറ്റൊരാളെ കണ്ടെത്തേണ്ടതാണ്. അയാൾ പ്രവാചകന്റെ മാതൃക പിന്തുടരുകയും വേണം.

ജീവിതത്തിന്റെ ലക്ഷ്യമെന്താണ് എന്ന പ്രശ്നത്തിന് ഇസ്ലാം സമ്പൂർണ്ണവും സുന്ദരവുമായ ഉത്തരം നൽകുന്നു. ജീവിതത്തിന് ഇസ്ലാം നൽകുന്നത് പോലെയുള്ള ലക്ഷ്യം ഇല്ലായിരുന്നുവെങ്കിൽ അത് അർത്ഥരഹിതമായിത്തീരുമായിരുന്നു. നിർഭാഗ്യകരമെന്ന് പറയട്ടെ, മനുഷ്യജീവിതത്തെ സ്സംബന്ധിച്ച സന്ദേഹങ്ങളും നിരർത്ഥക സങ്കല്പങ്ങളും ലോകം മുഴുവനും ഉയർന്നുകൊണ്ടിരിക്കുകയാണ്. ഭൗതിക സമ്പന്നതയിൽ ആമഗ്നരായി നിൽക്കുന്ന വികസിത രാജ്യങ്ങളിലെ ജനങ്ങൾ ജീവിതത്തെസ്സംബന്ധിച്ച് അസംതൃപ്തരാണ്. അവരുടെ ജീവിതം മുഴുവൻ സംഘർഷനിർഭരമാണ്. മന:സ്വാസ്ഥ്യത്തിന് വേണ്ടി അവർ എല്ലാവിധ പരീക്ഷണങ്ങളും നടത്തുകയും എല്ലാറ്റിനേയും വാരിപ്പുണരുകയും ചെയ്യുന്നു. അവർ എല്ലാ ലോകഭോഗങ്ങളും നേടിക്കഴിഞ്ഞു. അവർ അധികാരവും ശക്തിയും ലഭിച്ചുകഴിഞ്ഞവരാണ്. അവർക്ക് ആവശ്യമുള്ളതിലേറെ ധനവും സമ്പത്തുമുണ്ട്. പക്ഷേ അവർക്ക് മനശ്ശാന്തി ലഭ്യമാകുന്നില്ല – മനഃശാന്തിക്ക് വേണ്ടി ചിലർ ലഹരി പദാർത്ഥങ്ങളെ സമീപിക്കുന്നു. ചിലർ ചില കൾട്ട് വിശ്വാസങ്ങൾ സ്വീകരിക്കുന്നു.

പക്ഷേ ഇതൊന്നും തന്നെ ഉത്തരമാകുന്നില്ല. മനുഷ്യൻ യഥാർത്ഥ ദൈവത്തെക്കൊണ്ടുള്ള സമീപിച്ചാലല്ലാതെ മനഃശ്ശാന്തി ലഭിക്കുന്നില്ല. മനുഷ്യൻ സ്വന്തം അസ്തിത്വം നശിപ്പിച്ച് ദൈവത്തിൽ ലയിക്കുമ്പോൾ മാത്രമേ അവന് മനസ്സമാധാനം ലഭിക്കുകയുള്ളൂ. ഹൃദയത്തിന്റെ സമാധാനത്തിന് സമ്പത്തിന്റെയോ ധനത്തിന്റെയോ ആവശ്യമില്ല. 'നഫ്സുൽ മുത്മഇന്ന' 'ശാന്തി പ്രാപിച്ച ആത്മാവ്' അവന്റെ രക്ഷിതാവിങ്കലേക്ക് തിരികെ ചെല്ലുന്ന രംഗം ഖുർആൻ വിവരിക്കുന്നു:

"ദൈവാശിസ്സുകൊണ്ടു ശാന്തി പ്രാപിച്ച ആത്മാവേ! നിന്റെ രക്ഷിതാവിലേക്ക് നീ അവനിൽ തൃപ്തനായും അവൻ നിന്നിൽ സംതൃപ്തനായുമുള്ള നിലയിൽ മടങ്ങിച്ചെല്ലുക, എന്റെ ദാസരുടെ കൂട്ടത്തിൽ ചേരുകയും എന്റെ ആരാമമാകുന്ന സ്വർഗ്ഗത്തിൽ പ്രവേശിക്കുകയും ചെയ്യുക." (89:28.31). ■

ലേഖനം

# അമിതവണ്ണവും വ്രതാനുഷ്ഠാനവും

മൻസൂർ. എ.

**അമിതവണ്ണം പാശ്ചാത്യലോകത്ത് അതിവേഗം പടരുന്ന രോഗമാണ്. വ്രതാനുഷ്ഠാനം അമിതവണ്ണത്തിന് ഉത്തമ ഔഷധമാണ്.**

തടിച്ചുകൊഴുക്കുന്ന മനുഷ്യസമൂഹത്തെപ്പറ്റി ആരോഗ്യപ്രവർത്തകർ ഇതിന് മുമ്പേ തന്നെ താക്കീത് നൽകിയതാണ്. പാശ്ചാത്യ സമൂഹം അമിതവണ്ണത്തെക്കുറിച്ച് ഈയിടെ മാത്രമാണ് ഗൗരവമായി ചിന്തിക്കാൻ തുടങ്ങിയത്. ഇതോടനുബന്ധിച്ച് അമേരിക്കയിലെ ചില നിയമവിദഗ്ധർ കൊഴുപ്പുള്ള ആഹാരം വിതരണം ചെയ്യുന്ന ചില ഫാസ്റ്റ് ഫുഡ് റസ്റ്റോറന്റുകൾക്കെതിരെ കോടതിയിൽ പരാതിപ്പെടുകവരെയുണ്ടായി. ഒരുപക്ഷേ, ദേശീയ സമ്പദ്ഘടനക്ക് ഇതൊരു ഭാരമാവുമോ എന്ന് കരുതി അമേരിക്കൻ അധികൃതർ ഇതിന്നെതിരെ പ്രതികരിച്ചിരിക്കുകയാണ്. അമിതവണ്ണം ഒരുപാട് ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഹൃദ്രോഗം, രക്തസമ്മർദ്ദം, പ്രമേഹം, കാൻസർ മുതലായവയാണ് അതിൽ ചിലത്. ആളുകളുടെ അമിതവണ്ണം മൂലം അമേരിക്കൻ ഭരണകൂടം പ്രതിവർഷം 99.2 കോടി ഡോളർ ചിലവഴിക്കേണ്ടിവരുന്നുണ്ട്.[1]

സമ്പന്നർക്ക് മാത്രം വരുന്ന ഈ രോഗം പാശ്ചാത്യ നാടുകളിൽ മാത്രം ഒതുങ്ങുന്നു എന്ന് വിചാരിക്കേണ്ട. ഏഷ്യൻ, ആഫ്രിക്കൻ രാജ്യങ്ങളിലേക്കും അമിതവണ്ണം എന്ന ഈ രോഗം അതിവേഗത്തിൽ പടരുകയാണ്. ടൈം മാഗസിന്റെ റിപ്പോർട്ട് പ്രകാരം ചൈനയിലെ പത്ത് ശതമാനം കുട്ടികൾ അമിതഭാരമുള്ളവരാണ്. നഗരവൽകൃതമായ ആഫ്രിക്കയിലെ സഹാറ പ്രാന്തപ്രദേശങ്ങളും അമിതവണ്ണം കൊണ്ട് ദുരിതം അനുഭവിക്കുന്നുണ്ട്[2] അടിയന്തരമായി ഈ പ്രശ്നത്തിൽ ഇടപെട്ടിട്ടില്ലെങ്കിൽ നമ്മുടെ ഭാവി ഇരുളടഞ്ഞതാകും. ആഗോളദുരന്തമായി മാറിക്കൊണ്ടിരിക്കുന്ന അമിതവണ്ണം എന്ന ഈ പ്രശ്നത്തിന് ഇസ്‌ലാം എന്തു പരിഹാരമാണ് നിർദ്ദേശിക്കുന്നത് എന്നു നമുക്ക് നോക്കാം.

ചെറുപ്പത്തിൽത്തന്നെ കുട്ടികളിൽ കൊഴുപ്പുള്ള ഭക്ഷണങ്ങൾ കഴിക്കുന്ന ശീലമാണ് അമിതവണ്ണത്തിന് പ്രധാന കാരണമെന്ന് വിദഗ്ധന്മാർ പറയുന്നു. ഇതോടൊപ്പം കുടുംബപാരമ്പര്യവും സാമൂഹിക സാംസ്കാരിക സവിശേഷതയും ബന്ധപ്പെട്ടിരിക്കുന്നു. Journal of American Dietical Association [3] എന്ന പ്രസിദ്ധീകരണത്തിൽ ഈയ്യിടെ വന്ന ലേഖനം അഭിപ്രായപ്പെടുന്നത്, 'ഭക്ഷണത്തോടുള്ള സമീപനവും ആഹരിക്കലും വീട്ടിൽ വെച്ചുതന്നെ പുനക്രമീകരിക്കുകയും ശീലിക്കുകയും വേണം എന്നാണ്. നാം അടിവേരിൽ നിന്നുതന്നെ ഇതിനെ നേരിടേണ്ടതുണ്ട്. നമ്മുടെ ആഹാരശീലങ്ങൾ വീട്ടിൽവെച്ച് ഉടൻ തന്നെ മാറ്റി എടുക്കേണ്ടതുണ്ട്.

ഇസ്‌ലാം മനുഷ്യജീവിതത്തിന്റെ സമസ്ത മേഖലകളേയും സ്പർശിക്കുന്നു. മനുഷ്യന്റെ ശാരീരികവും ആത്മീയവുമായ പുരോഗതിക്ക് വേണ്ട മാർഗ്ഗനിർദ്ദേശം അത് നൽകുകയും ചെയ്യുന്നു. ഖുർആൻ പറയുന്നു:

> "ആദം സന്തതികളേ, നിങ്ങളുടെ
> ആരാധനയുടെ ഓരോ ഘട്ടത്തിലും
> നിങ്ങളുടെ അലങ്കാരം സ്വീകരിച്ചു
> കൊള്ളുക. നിങ്ങൾ തിന്നുകയും
> കുടിക്കുകയും ചെയ്തു കൊള്ളുവിൻ.
> പക്ഷെ ഒരിക്കലും അമിതത്വം അരുത്.
> നിശ്ചയമായും അമിതത്വം
> പ്രവർത്തിക്കുന്നവരെ അല്ലാഹു
> ഇഷ്ടപെടുകയില്ല." [4]

മനുഷ്യന്റെ ജീവൻ നിലനിർത്താനുള്ള സ്വാഭാവിക ശീലങ്ങളാണ് തിന്നുകയും കുടിക്കുകയും ചെയ്യുക എന്നത്. പക്ഷെ ആഹരിക്കുമ്പോൾ പോലും ശരിയായ വിവേചനബോധം ഒരാൾക്ക് ഉണ്ടാവേണ്ടതുണ്ട്. ദൈവം ചില പരിധികൾ പാലിക്കാൻ നമ്മോട് ആവശ്യപ്പെടുന്നു. നമ്മുടെ ശാരീരിക ആരോഗ്യം സുഖകരമായി നിലനിർത്തുന്നതോടൊപ്പം

തന്നെ സാമൂഹിക ക്രമം പാലിക്കുകയും ജീവിതത്തിന്റെ യഥാർത്ഥ ലക്ഷ്യത്തെസ്സംബന്ധിച്ചു ബോധവാനായിരിക്കുകയും വേണം.

ശരിയായ ആഹാരവും ആഹാരത്തിൽ നിന്ന് വിട്ടു നിൽക്കലും ആരാധനയുടെ ഭാഗം തന്നെയാണ് ഖുർആൻ പറയുന്നു:

"വിശ്വസിക്കുകയും സൽകർമ്മങ്ങൾ
അനുഷ്ഠിക്കുകയും ചെയ്തവരാരോ,
അവർ സൂക്ഷ്മത പാലിക്കുകയും
വിശ്വസിക്കുകയും സുകൃതങ്ങൾ അനു-
ഷ്ഠിക്കുകയും എന്നിട്ട് അവർ സൂക്ഷ്മ
തയിൽ പുരോഗതി പ്രാപിക്കുകയും
വിശ്വസിക്കുകയും പിന്നീട് ഭയഭക്തിയിൽ
കൂടുതൽ പുരോഗതി പ്രാപി-
ക്കുകയും സൽകർമ്മങ്ങൾ ചെയ്യു
കയും ചെയ്യുന്നതായാൽ അവർ
ഏതൊന്ന് ഭക്ഷിക്കുന്നുവോ അതിൽ
അവർക്ക് കുറ്റമൊന്നുമില്ല. അല്ലാഹു
നന്മ പ്രവർത്തിക്കുന്നവരേ
ഇഷ്ടപ്പെടുന്നു." [5]

ആഹാരശീലത്തെപ്പറ്റി ചിന്തിക്കുക എന്നത് മനുഷ്യന്റെ കടമയാണ്. അത് നമ്മുടെ സ്വാത്വിക ജീവിതത്തിന്റെ ഒരു ഭാഗമാണ്. ഭക്ഷണപദാർത്ഥങ്ങൾ നിയമപരമായി അനുവദനീയമാണെങ്കിൽത്തന്നെ അതിൽ ശുദ്ധിയുള്ള ഭാഗങ്ങൾ മാത്രമേ ആഹരിക്കാൻ പാടുള്ളൂ.[6] അല്ലാത്ത പക്ഷം അത് നമ്മുടെ സ്രഷ്ടാവുമായുള്ള ബന്ധത്തെ പ്രതികൂലമായി ബാധിക്കും. ജീവിതത്തിന്റെ സമ്പൂർണ്ണ മാതൃകയായി ഇസ്ലാം കാണുന്നത് മുഹമ്മദ് നബി (സ)യുടെ പരിശുദ്ധ ജീവിതത്തെയാണ്. റസൂൽ തിരുമേനി (സ) പറഞ്ഞു: "ഒരാളുടെ പക്കൽ രണ്ടുപേർക്ക് കഴിക്കാനുള്ള ഭക്ഷണമുണ്ടെങ്കിൽ അയാൾ മൂന്നാമതൊരാളെ ക്ഷണിക്കട്ടെ. ഒരാൾക്ക് നാല് പേർക്ക് കഴിക്കാനുള്ള ഭക്ഷണമുണ്ടെങ്കിൽ അയാൾ അഞ്ചോ ആറോ പേരെ ക്ഷണിക്കട്ടെ." [7] മറ്റൊരിക്കൽ റസൂൽ തിരുമേനി (സ) പറഞ്ഞു: "നിങ്ങളുടെ പരിചാരകൻ നിങ്ങൾക്ക് ഭക്ഷണവുമായി വന്നാൽ അവനോടൊപ്പം ചേർന്ന് നിങ്ങൾ ഭക്ഷണം കഴിക്കുന്നില്ലെങ്കിൽ ചുരുങ്ങിയത് അവനോട് അതിൽ നിന്ന് ഒന്നോ രണ്ടോ പിടി എടുത്തു കൊള്ളുവാനെങ്കിലും പറയണം. കാരണം അവനാണ് നിങ്ങൾക്കുവേണ്ടി ആ ഭക്ഷണം പ്രയാസപ്പെട്ടു പാകം ചെയ്തത്. അതിന്റെ ചൂട് സഹിച്ചതും അവൻ തന്നെ."[8]

പ്രവാചക തിരുമേനി (സ) ആഹാരം കഴിക്കുമ്പോൾ വളരെയധികം ശ്രദ്ധിച്ചിരുന്നു. അബൂഹുറൈറ(റ) നിവേദനം ചെയ്യുന്നു: 'മുഹമ്മദിന്റെ കുടുംബം മരണം വരെ മൂന്ന് ദിവസം തുടർച്ചയായി ഭക്ഷണം കഴിച്ചിരുന്നില്ല'[9]

റസൂൽ തിരുമേനി(സ)യുടെ ധർമ്മപത്നി ആയിശ (റ) നിവേദനം ചെയ്യുന്നു. "റസൂൽ തിരുമേനി (സ) രണ്ടു വസ്തുക്കൾ കൊണ്ട് വിശപ്പ് തീർത്താണ് ഇഹലോകവാസം വെടിഞ്ഞത്. അത് കാരക്കയും വെള്ളവുമാണ്. [10] അദ്ദേഹം തന്റെ അനുചരന്മാരോട് ഇപ്രകാരം താക്കീത് ചെയ്തു."

"ഒരു മുസ്ലിം ഒരു വയറ് മാത്രമേ നിറക്കുകയുള്ളൂ. (അതായത് കുറഞ്ഞ ആഹാരം കൊണ്ട് തൃപ്തിപ്പെടുന്നു). എന്നാൽ അവിശ്വാസി ഏഴ് വയറ് നിറക്കുന്നു (കൂടുതൽ ആഹാരം കഴിക്കുന്നു)." [11]

ഉമറുബ്നു അബീ സലാമ(റ) യിൽ നിന്ന് നിവേദനം: "ഞാൻ അല്ലാഹുവിന്റെ റസൂലിന്റെ പരിചരണത്തിലായിരുന്നു. ചെറിയ കുട്ടിയായിരുന്നപ്പോൾ മുമ്പിലുള്ള ആഹാരത്തളികയിൽ മുഴുവനുമായി എന്റെ കൈ ചലിക്കുമായിരുന്നു. അപ്പോൾ അല്ലാഹുവിന്റെ റസൂൽ എന്നോട് പറഞ്ഞു: 'അല്ലയോ കുട്ടീ, ആഹരിക്കുമ്പോൾ അല്ലാഹുവിന്റെ നാമം ഉച്ചരിക്കുക. നിന്റെ വലത് കൈകൊണ്ട് ഭക്ഷിക്കുക. ആഹാരപാത്രത്തിൽ നിന്നും നിന്റെ അടുത്തുള്ളത് മാത്രം ഭക്ഷിക്കുക." [12]

ആഹാരം കഴിച്ചതിന് ശേഷം റസൂൽ തിരുമേനി (സ) ഇങ്ങനെ പ്രാർത്ഥിക്കുകമായിരുന്നു: ''ഞങ്ങളുടെ ആവശ്യങ്ങൾ നിവർത്തിച്ചുതരികയും വിശപ്പ് ശമിപ്പിക്കുകയും ചെയ്ത അല്ലാഹുവിന് സർവ്വസ്തുതിയും. ഓ നാഥാ, നിന്റെ അനുഗ്രഹങ്ങൾക്ക് പകരം നിൽക്കാൻ ഒന്നുമില്ല. അത് ഇല്ലാതായാൽ ആർക്കും തിരിച്ചു നൽകുവാൻ കഴിയുകയില്ല.[13]

റസൂൽ തിരുമേനി(സ)യുടെ അദ്ധ്യാപനങ്ങൾ ജീവിതത്തിൽ പകർത്താനുള്ള അസുലഭ സന്ദർഭമാണ് റമദാൻ മാസം. ഈ മാസത്തിൽ ലോകം മുഴുവനുമുള്ള ആരോഗ്യവാന്മാരായ മുസ്ലിംകൾ ദിവസത്തിന്റെ വലിയ ഭാഗം ഭക്ഷണവും വെള്ളവുമുപേക്ഷിക്കുന്നു. ശാരീരികമായ ഈ ശുചീകരണത്തോടൊപ്പം അവർ തങ്ങളുടെ ആത്മീയമായ പുരോഗതിക്കു വേണ്ടിയും പരിശ്രമിക്കുന്നു. ശരീരത്തിൽ സംഭരിക്കപ്പെട്ട കൊഴുപ്പിനെ വ്രതാനുഷ്ഠാനം ഇല്ലാതാക്കുന്നു. കൂടാതെ നമ്മുടെ ദഹനേന്ദ്രിയങ്ങൾക്ക്, നല്ല വിശ്രമം നൽകുകയും ചെയ്യുന്നു. മാത്രമല്ല! ലോകത്തിലെ കോടിക്കണക്കിന് മനുഷ്യർ അനുഭവിക്കുന്ന വിശപ്പിനെപ്പറ്റി നമുക്ക് അനുഭവ ജ്ഞാനം ലഭിക്കുകയും ചെയ്യുന്നു. മൂന്നാം ലോകത്ത് ഭക്ഷണമില്ലാതെ പോഷകദാരിദ്ര്യമനുഭവിക്കുന്ന എൺപത് ശതമാനം കുഞ്ഞുങ്ങളെസ്സംബന്ധിച്ച് വ്രതാനുഷ്ഠാനം നമ്മെ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു. [14]

റംസാൻ കാലത്ത് കുറച്ചുകാലം വ്രതമനുഷ്ഠിക്കുമ്പോൾ അതിൽ ധാരാളം ആരോഗ്യപരമായ നന്മകളുണ്ട്. ഇൻസുലിൻ സെൻസിറ്റിവിറ്റി കൂടുന്നു. മാനസിക സമ്മർദ്ദം ലഘൂകരിക്കപ്പെടുന്നു. ദുർമ്മേദസ്സ് കുറയുന്നു. ആയുസ്സ് കൂടുന്നു [15]. ഇൻസുലിൻ പ്രതിരോധം എന്നത് മനുഷ്യശരീരത്തിലെ എല്ലാവിധ ക്രമക്കേടുകൾക്കും കാരണമാണ്. അമി

തവണ്ണം, പ്രമേഹം, രക്തസമ്മർദ്ദം, മദ്യം കഴിക്കാതെയുള്ള കരൾ രോഗങ്ങൾ, അണ്ഡാശയ വീക്കം, പിത്താശയക്കല്ല് (gall stone) എന്നിവയാണ് ഇൻസുലിൻ തകരാറുകൊണ്ടുണ്ടാവുന്ന രോഗങ്ങൾ. അമിതവണ്ണത്തിന്റെ ഫലമായി പഞ്ചസാരരൂപത്തിൽ ഊർജ്ജം ഉപയോഗിക്കാൻ പാകത്തിൽ നിൽക്കുന്നു. ഇതു കൂടുതലായി ഉപാപചയം നടത്തുന്ന ഹോർമോണുകൾക്കെതിരെ പ്രവർത്തിക്കാൻ കോശങ്ങളെ തയ്യാറാക്കുന്നു. ഇത് വീണ്ടും ശരീരത്തിൽ കുടുതൽ കൊഴുപ്പ് സംഭരിക്കാൻ സഹായിക്കുന്നു. അങ്ങനെ ഇതൊരു ചാക്രികപ്രവർത്തനമായി തുടരുന്നു. പുതിയ ചില കണ്ടെത്തലുകൾ തെളിയിക്കുന്നത് – ഉപാപചയ പ്രവർത്തനങ്ങളുടെ രോഗാവസ്ഥയായി ഒരിക്കൽ തെളിയിക്കപ്പെട്ട സിൻഡ്രോം എന്ന രോഗം (അമിതവണ്ണം, പ്രമേഹം, രക്തസമ്മർദ്ദം എന്നീ രോഗങ്ങളുടെ സമവായാവസ്ഥയാലുണ്ടാകുന്ന ഹൃദ്രോഗം) ശരീരത്തിലെ ഇൻസുലിനെതിരെയുള്ള പ്രതിരോധം കൂടുന്നത് കൊണ്ടാണെന്ന് തെളിക്കപ്പെട്ടിരിക്കുന്നു എന്നാണ്.

പാശ്ചാത്യലോകത്ത് ഹൃദ്രോഗം സ്ത്രീപുരുഷന്മാരുടെ ഏറ്റവും വലിയ അന്തകനായി നിലകൊള്ളുന്നു. രക്തസമ്മർദ്ദമാണ് ഹൃദയാഘാതത്തിന്റെ, ഏറ്റവും വലിയ കാരണമായിത്തീരുന്നത്. ഉയർന്ന രക്തമസമ്മർദ്ദത്തിലേക്ക് നയിക്കുന്ന ഏറ്റവും വലിയ ഘടകം ഉപ്പു ചേർത്ത ഭക്ഷണമാണ്. കുറഞ്ഞതോതിൽ ഉപ്പു ചേർത്ത ഭക്ഷണം കുറഞ്ഞ രീതിയിൽ മാത്രമേ രക്തസമ്മർദ്ദത്തെ ബാധിക്കൂ. ചികിത്സക്കുവേണ്ടിയുള്ള ഉപവാസവും ഭക്ഷണത്തിന്റെ അളവ് കുറക്കുന്നു. ഇതിന്റെ ഫലമായി രക്തസമ്മർദ്ദം കുറയുകയും ചെയ്യുന്നു. [16] ഇത് വ്രതാനുഷ്ഠാനം ഇൻസുലിൻ ഉൽസർജ്ജനത്തെ കുറക്കുന്നു എന്ന അഭിപ്രായത്തെ ശരിവെക്കുകയാണ് ചെയ്യുന്നത്.

അമേരിക്കയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് എന്ന സ്ഥാപനം എലികളെ ഉപയോഗിച്ചു നടത്തിയ പരീക്ഷണത്തിൽ ഒന്നിടവിട്ടുള്ള ഉപവാസം എലികളുടെ ആയുസ്സ്, നാടകീയമായി വർദ്ധിപ്പിക്കുന്നുവെന്ന് നിരീക്ഷിച്ചിട്ടുണ്ട്. രക്തത്തിലേക്ക് ഇൻസുലിന്റെ അളവ് കുറയുന്നതുകൊണ്ടാണ് ഇതെന്നു മനസ്സിലാവുന്നു.

മറ്റു ചില പരീക്ഷണങ്ങളിൽ നിന്നും മനസ്സിലാവുന്നത് ഭക്ഷണക്രമീകരണം കൊണ്ട് കാൻസർ പോലെയുള്ള രോഗങ്ങൾ നിയന്ത്രിക്കാനും കിഡ്നി രോഗവും അൾഷിമേയ്സ് പാർക്കിൻസൺസ്, സ്ട്രോക്ക് മുതലായ രോഗങ്ങൾക്കു കാരണമാകുന്ന ന്യൂറോണിനെ പ്രതിരോധിക്കാനും കഴിയുമെന്നാണ്. ന്യൂറോണുകളെ സംരക്ഷിക്കുന്ന കെറ്റോൺ ബോഡികളുടെ (Ketone bodies) വർദ്ധനയും ഭക്ഷണക്രമീകരണം മൂലം അധികരിപ്പിക്കാമെന്ന് കരുതപ്പെടുന്നു. മസ്തിഷ്കത്തിലെ ഹിപ്പോകാംമ്പസിലുള്ള CA3, CA1 എന്നീ സ്ഥൂപാകൃതിയിലുള്ള ന്യൂറോണുകളെ ഉപവാസം അധികരിപ്പിക്കുന്നു. ഈ ന്യൂറോണുകളുടെ കുറവ് ആഘാതങ്ങളുണ്ടാക്കുന്നതിന് പ്രേരകമാണ്. ഇടവിട്ടുള്ള ഉപവാസം ഇത്തരം ആഘാതങ്ങളിൽനിന്നും ശരീരത്തെ രക്ഷപ്പെടുത്തുന്നുണ്ടെന്നു എലികളിൽ നടത്തിയ പരീക്ഷണങ്ങൾ തെളിയിക്കുന്നു.

റമദാനിൽ ചെറുപ്പം മുതൽക്കേ ഉള്ള ഉപവാസശീലം ആരോഗ്യം മാത്രമല്ല ആരോഗ്യത്തെസ്സംബന്ധിച്ച അവബോധവും മനുഷ്യനിൽ സൃഷ്ടിക്കുന്നു. അമിതവണ്ണത്തിനെതിരെയും തദ്ജന്യമായ എല്ലാ രോഗങ്ങളേയും അത് തടയുന്നു. ഭക്ഷണത്തേയും, സുഖങ്ങളെയും വർജ്ജിച്ചുകൊണ്ട് വ്രതമനുഷ്ഠിക്കുക എന്നത് മനുഷ്യന്റെ ആത്മാവിനും ശരീരത്തിനും ആരോഗ്യം നൽകുന്ന കാര്യമാണെന്ന് ലോകം അംഗീകരിച്ചിരിക്കുകയാണ്.


1. *Wolf A.M. Coldits - Obesity Research - 1988*
2. *Gibson - H - Obesity goes global - Time, 2-5- 2003.*
3. *Bruss M.B etal - "Prevention of childhood Obesity - Socio Cultural and familial factors - Journal of the Amercian Dietic Association - 2003 - No. 3.*
4. *Holy Quran : 7:32*
5. *Holy Quran : 5: 94*
6. *Holy Quran : 2 : 169*
7. *Bukari - Hadith*
8. *Bukhari*
9. *Bukhari*
10. *Bukhari*
11. *Bukhari*
12. *Bukhari*
13. *Bukhari*
14. *Gardner G. Halweil B - Underfed and Overfed'*
15. *Ansom R.M. Proc Natl Acasci -USA - 2003.*
16. *Bruce Keller - A.J' American National Journal - 1999.*


## ആഹാരവും സ്വഭാവവും

**ഭ**ക്ഷണക്രമം ഹൃദയത്തേയും മാനസിക ശക്തികളേയും പ്രഭാവിതമാക്കിത്തീർക്കുന്നുവെന്നത് അനുഭവവിഹിതമാണ്. ഉദാഹരണമായി മാംസാ ഹാരം പറ്റെ വർജ്ജിക്കുന്ന തനി സസ്യഭുക്കുകളുടെ ധൈര്യശക്തി ക്രമേണ കുറഞ്ഞുപോകുകയും അവർക്ക് ഹൃദയ ദൗർബല്യം ബാധിക്കുകയും ഒടുവിൽ ദൈവദത്തമായ ഒരു ശ്ളാഘ്യ ഗുണം നഷ്ടമായിപ്പോവുകയും ചെയ്യും. ഇതിലേക്ക് പ്രകൃതിയിൽ ധാരാളം ദൃഷ്ടാന്തങ്ങൾ കാണാവുന്നതാണ്. മാംസഭോജിയായ മൃഗത്തിനുള്ളത്ര ശൗര്യം സസ്യഭുക്കുകളായ മൃഗങ്ങളിലൊന്നിനുമുള്ളതായി കാണുന്നില്ല.

**ഹസ്റത്ത് അഹ്മദ് (അ)**
(ഇസ്‌ലാംമത തത്വജ്ഞാനം)

വാഗ്ദത്ത മസിഹീന്റെ സത്യ സാക്ഷ്യം

# പവിത്ര ജീവിതം

മുഹമ്മദ് ഉമർ

**സത്യാന്വേഷികളുടെ ദൃഷ്ടികൾക്ക് ബോദ്ധ്യം നൽകുന്ന നിരവധി ദൃഷ്ടാന്തങ്ങളാൽ സമ്പന്നമാണ് ഹസ്റത്ത് അഹ്മദ്(അ) വിശുദ്ധ ജീവിതം**

പഞ്ചാബിലെ ഒരു കുഗ്രാമമായിരുന്ന ഖാദിയാനിൽ വെച്ചു ഒരാൾ 122 വർഷങ്ങൾക്കു മുമ്പ്, ദൈവം തനിക്ക് ഇപ്രകാരം ദിവ്യവെളിപാടു അറിയിച്ചിരിക്കുന്നുവെന്നു വാദിക്കുകയുണ്ടായി.

ഖുൽ ഇന്നീ ഉമിർത്തു വ അന അവ്വലുൽ
മുഅ്മിനീൻ കുല്ലു ബാറക്കത്തിൻ മിൻ
മുഹമ്മദിൻ ഫ തബാറക്ക മൻ അല്ലമ വ തഅല്ലമ.

നീ പ്രഖ്യാപിക്കുക, ഞാൻ നിയുക്തനാക്കപ്പെട്ടിരിക്കുന്നു. അതിൽ ഞാൻ ഒന്നാമതായി വിശ്വാസം കൊള്ളുന്നു. എല്ലാ അനുഗ്രഹങ്ങളും മുഹമ്മദു (സ) തിരുമേനിയിൽ നിന്നുള്ളതാണ്. പഠിപ്പിക്കുന്ന ആളും പഠിക്കുന്ന ആളും (ഗുരുവും ശിഷ്യനും) അനുഗൃഹീതരാകുന്നു.

തുടർന്ന് അദ്ദേഹം ഇപ്രകാരം പ്രഖ്യാപിച്ചു

"എനിക്ക് അല്ലാഹുവിന്റെ പരിശുദ്ധവും പവിത്രവും ആയ ദിവ്യവെളിപാടു മുഖേന ഞാൻ അവന്റെ ഭാഗത്തു നിന്നുള്ള വാഗ്ദത്ത മഹ്ദിയും മസീഹും ആണെന്നും ആന്തരികവും ബാഹ്യവുമായ വിശ്വാസവൈരുദ്ധ്യങ്ങൾക്ക് നീതിയോടുകൂടി തീർപ്പുകല്പിക്കുന്നവനും ആണെന്നുമുള്ള വിവരം ലഭിച്ചിരിക്കുന്നു".

(അർബഈൻ വാ. 1. പേജ്. 40).

പിന്നീടു തന്റെ വാദത്തെക്കുറിച്ച് അല്ലാഹുവിനെ സാക്ഷിനിറുത്തിക്കൊണ്ട് അവന്റെ പേരിൽ ആണയിട്ടു അരുൾ ചെയ്യുന്നു:

"ഏതൊരുവന്റെ കയ്യിലാണോ എന്റെ ജീവനിരിക്കുന്നത്, ആ അല്ലാഹുവിന്റെ പേരിൽ ആണയിട്ടു കൊണ്ടു ഞാൻ പറയുന്നു. ഹസ്റത്ത് റസൂൽ കരീം (സ) സഹീഹായ ഹദീസുകളിൽ പ്രവചിച്ചതനുസരിച്ച് ഞാൻ വാഗ്ദത്ത സീഹാണെന്നു - ഈ പ്രവചനം സഹീഹ് ബുഖാരിയിലും മുസ്‌ലിമിലും ഇതര സഹീഹുകളിലുമുണ്ട്. (മൽഫൂസാത്ത്). വീണ്ടും അരുൾ ചെയ്യുന്നു:

"ഞാൻ വാഗ്ദത്ത മസീഹാണ്. ഏതൊരാളുടെ പേര് ഹസ്റത്ത് റസൂൽ തിരുമേനി(സ) 'നബിയുല്ലാഹ്' എന്നു വെച്ചിരിക്കുന്നുവോ ആ ആൾ ഞാൻ തന്നെയാണ്." (നുസൂലുൽ മസീഹ്)

തനിക്ക് ലഭ്യമായ ആത്മീയ സ്ഥാനത്തിന്റെ യാഥാർത്ഥ്യം വിവരിച്ചുകൊണ്ടു അദ്ദേഹം എഴുതുന്നു:

"ഞാൻ നബിതിരുമേനി(സ)യുടെ ഉമ്മത്തിയും അനുസാരിയും അല്ലായിരുന്നുവെങ്കിൽ ലോകത്തുള്ള സർവ്വ പർവ്വതങ്ങൾക്കും സമാനമായത്ര പുണ്യകർമ്മങ്ങൾ ഞാൻ ചെയ്തിട്ടുണ്ടെന്നാലും അല്ലാഹുവിൽ നിന്നുള്ള മധുരഭാഷണത്താൽ ഞാൻ അനുഗൃഹീതനാകുമായിരുന്നില്ല. എന്തെന്നാൽ മുഹമ്മദീനുബുവ്വത്തല്ലാത്ത മറ്റെല്ലാ നുബുവ്വത്തുകളും നിർത്തലാക്കിയിരിക്കുകയാണ്. ശരീഅത്തോടുകൂടിയ ഒരു പ്രവാചകനും ഇനി വരികയില്ല. ശരീഅത്തില്ലാത്ത നബി വരാവുന്നതാണ്. പക്ഷെ ആ നബി ഒന്നാമതായി തിരുനബിയുടെ ഉമ്മത്തായിരിക്കേണ്ടതാണ്." (തജല്ലിയാത്തെ ഇലാഹിയ്യ ഭാ: 24, 25).

മേൽ വിവരിച്ച യാഥാർത്ഥ്യങ്ങളുടെ വെളിച്ചത്തിൽ ഹസ്റത്ത് അഹ്മദിന്റെ (അ) മഹ്ദി മസീഹ് വാദത്തെക്കുറിച്ച് ഒരവലോകനം നടത്തുന്നതിന്ന് മുമ്പായി ഒരു ദൈവനിയുക്ത വാദിയുടെ വാദത്തെ നാം എങ്ങനെയാണ് പരിശോധിക്കേണ്ടതെന്നതിനുള്ള വിശുദ്ധ ഖുർആന്റെ അദ്ധ്യാപനത്തിലേക്ക് ശ്രദ്ധ ക്ഷണിക്കാനാഗ്രഹിക്കുന്നു. അതായത്,

قُلْ أَرَءَيْتُمْ إِنْ كَانَ مِنْ عِنْدِ اللّٰهِ ثُمَّ كَفَرْتُمْ
بِهِۦ مَنْ أَضَلُّ مِمَّنْ هُوَ فِي شِقَاقٍۭ بَعِيدٍ ﴿٥٣﴾

سَنُرِيهِمْ آيَاتِنَا فِي الْآفَاقِ وَفِي أَنْفُسِهِمْ حَتَّىٰ
يَتَبَيَّنَ لَهُمْ أَنَّهُ الْحَقُّ ۗ أَوَلَمْ يَكْفِ بِرَبِّكَ أَنَّهُ
عَلَىٰ كُلِّ شَيْءٍ شَهِيدٌ

പറയുക: നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? ഈ വാദി അല്ലാഹുവിൽ നിന്നുള്ളതാവുകയും എന്നിട്ടു നിങ്ങൾ അദ്ദേഹത്തെ നിഷേധിക്കുകയും ചെയ്യുന്നതായാൽ വിദൂരമായ ഭിന്നതയിൽ ഉള്ളവനേക്കാൾ കൂടുതൽ വഴിപിഴച്ചവൻ മറ്റാരാണ്? ഈ വാദി സത്യവാനാണെന് അവർക്ക് സ്പഷ്ടമായി മനസ്സിലാകുമാറ് നമ്മുടെ ദൃഷ്ടാന്തങ്ങളെ ദിങ് മണ്ഡലങ്ങളിലും (ആകാശ ദൂതുകളിലും അവരുടെ നഫ്സുകളിൽത്തന്നെയും നാം വേഗം അവർക്ക് കാണിച്ചുകൊടുക്കുന്നതാണ്. നിന്റെ നാഥൻ എല്ലാ കാര്യത്തിന്നും സാക്ഷിയാണെന്നത് (അവർക്ക്) മതിയായതല്ലേ?" (41: 53, 54).

വീണ്ടും മറ്റൊരു സ്ഥലത്ത് ഖുർആൻ പറയുന്നു

وَآمِنُوا بِمَا أَنْزَلْتُ مُصَدِّقًا لِمَا مَعَكُمْ وَلَا تَكُونُوا
أَوَّلَ كَافِرٍ بِهِ ۖ وَلَا تَشْتَرُوا بِآيَاتِي ثَمَنًا قَلِيلًا وَإِيَّايَ
فَاتَّقُونِ

"നിങ്ങളുടെ അടുക്കലുള്ളതിനെ സാക്ഷീകരിച്ചുകൊണ്ട് ഞാൻ ഇറക്കിയതിനെ നിങ്ങൾ വിശ്വസിക്കുക. ആ ആളെ നിഷേധിക്കുന്നതിൽ നിങ്ങൾ മുമ്പന്മാരാകരുത്." (2:42).

പ്രസ്തുത രണ്ടു തിരുവാക്യങ്ങളുടെയും വെളിച്ചത്തിൽ ഹസ്റത്ത് അഹ്മദി (അ)ന്റെ വാദത്തെക്കുറിച്ചും അതിന്നു നിദാനവും സാക്ഷ്യവും ആയി വിശുദ്ധ ഖുർആനിൽ നിന്നു തെളിയുന്ന ദൃഷ്ടാന്തങ്ങളെയും തെളിവുകളെയും കുറിച്ചും കൂലങ്കഷമായി ചിന്തിക്കേണ്ടതുണ്ട്. വാദം ശ്രവിച്ച മാത്രയിൽ എതിർക്കുകയും നിഷേധിക്കുകയും ഹാലിളകിക്കൊണ്ട് കുഫിർ ഫത്‌വ പുറപ്പെടുവിക്കുകയും ചെയ്യുന്നത് 'വലാ തകൂനു അവ്വല കാഫിരിൻ ബിഹീ' എന്ന ഖുർആനികാദ്ധ്യാപനത്തിന്നെതിരാണ്. ഇതിന്നുള്ള ഉത്തമ മാതൃക ഹസ്റത്ത് റസൂൽ കരീം (സ) തിരുമേനിയിൽ നിന്നു നമുക്കു മനസ്സിലാകുന്നു. അതായത്, ഹസ്റത്ത് റസൂൽ തിരുമേനി(സ)യുടെ അടുക്കെ ഒരു വ്യാജ നുബുവ്വത്ത് വാദിയായിരുന്ന ഇബ്നു സയാദു വന്നു "അതശ്ഹദു ഇന്നീ റസൂലുല്ലാഹി "ഞാൻ ഒരു ദൈവപ്രവാചകനാണെന്ന് താങ്കൾ സാക്ഷ്യം വഹിക്കുന്നുവോ എന്നു ചോദിച്ചു. അതിന്നുള്ള പ്രതികരണമെന്നോണം തിരുമേനി (സ) അയാളെ എതിർക്കുകയോ താൻ നബിയായിരിക്കെ നിങ്ങൾക്കിപ്രകാരം വാദിക്കാനും ചോദിക്കാനും ഉള്ള അധികാരമെന്തുണ്ട് എന്നു ചോദിക്കുകയോ നീ കള്ളവാദിയാണെന്നു പറഞ്ഞു ദണ്ഡിക്കുകയോ അയാളെ വധിക്കുവാൻ ശ്രമിക്കുകയോ ചെയ്യാതെ വളരെ സൗമ്യനായി കൊടുത്ത മറുപടി. ആമൻത്തുബില്ലാഹി വറുസുലാഹി "ഞാൻ അല്ലാഹുവിലും അവന്റെ ദൂതന്മാരിലും വിശ്വസിക്കുന്നു" എന്നായിരുന്നു.

ഇത്രയും ആമുഖമായി വിവരിച്ചതിന്നുശേഷം, പ്രസ്തുത ആയത്തിന്റെ വെളിച്ചത്തിൽ ഹസ്റത്ത് അഹ്മദി (അ)ന്റെ സത്യത്തിന്നു സാക്ഷ്യമായി വിശുദ്ധ ഖുർആൻ നൽകുന്ന മാനദണ്ഡം എന്താണെന്നു നോക്കാം. അതിന്നായി ഹസ്റത്ത് റസൂൽ തിരുമേനി(സ)യുടെ സത്യത്തിന്നു നിദാനമായി വിശുദ്ധ ഖുർആൻ കാണിക്കുന്ന മാർഗ്ഗദർശനം നമുക്കു മാർഗ്ഗദീപമായി കാണേണ്ടതാണ്.

ഒരു ദൈവനിയുക്ത വാദിയുടെ സത്യസാക്ഷ്യത്തിന്നായി അദ്ദേഹത്തിന്റെ വാദത്തിന്നുമുമ്പുള്ള ജീവിതം പവിത്രവും നിഷ്കളങ്കവും കുറ്റമറ്റതും ആയിരിക്കേണമെന്ന മാനദണ്ഡം വിശുദ്ധ ഖുർആൻ വിളിച്ചോതുന്നു.

അല്ലാഹുവിന്റെ കല്പനയനുസരിച്ച് ഹസ്റത്ത് റസൂൽ തിരുമേനി(സ) മക്കയിലെ അവിശ്വാസികളെ ഇപ്രകാരം വെല്ലുവിളിക്കുകയുണ്ടായി:

فَقَدْ لَبِثْتُ فِيكُمْ عُمُرًا مِنْ قَبْلِهِ ۚ أَفَلَا تَعْقِلُونَ

"ഇതിന്നു (വാദത്തിന്നു) മുമ്പ് ഒരു ദീർഘകാലം ഞാൻ നിങ്ങളുടെയിടയിൽ ജീവിച്ചിട്ടുണ്ടല്ലോ. എന്നിട്ടും നിങ്ങൾ (കാര്യങ്ങൾ) ഗ്രഹിക്കുന്നില്ലേ?" (10:17). ഹസ്റത്ത് റസൂൽ കരിം(സ) തന്റെ സത്യതയെ തെളിയിക്കുവാനായി മക്കയിലെ വിഗ്രഹാരാധകരും അവിശ്വാസികളുമായവരുടെ മുമ്പാകെ വെച്ചിരുന്ന സത്യസാക്ഷ്യം ഇതായിരുന്നു. ഞാൻ എന്റെ വാദത്തിന്നുമുമ്പ് നിങ്ങൾക്കിടയിൽ നാല്പത് വർഷക്കാലം ജീവിച്ചിരുന്നു വല്ലോ. എന്റെ ജീവിതത്തിൽ ഏതെങ്കിലും ന്യൂനതയോ പോരായ്മയോ അസത്യമോ നിങ്ങൾക്ക് തെളിയിക്കുവാൻ സാധിക്കുമോ? എന്റെ പരിശുദ്ധ ജീവിതം കാരണം നിങ്ങളെനിക്ക് 'സിദ്ദീഖ്' എന്നും 'അമീൻ' എന്നും ഉള്ള പേരുകൾ നൽകിയിരുന്നില്ലേ? ഞാനെന്റെ ബാല്യകാലവും യൗവനവും പിന്നിട്ടു നാല്പതാമത്തെ വയസ്സിൽ നിങ്ങളുടെ മുമ്പാകെ നിറഞ്ഞുനിൽക്കുകയാണ്. എന്റെ പരിശുദ്ധ ജീവിതം ദർശിച്ച നിങ്ങൾ "മാ ജർ റബിനാ അലൈക്ക് ഇല്ലാസിദ്ഖാ". നിന്നിൽ ഞങ്ങൾക്ക് സത്യമല്ലാതെ മറ്റൊന്നും തന്നെ കാണുവാൻ സാധിച്ചിട്ടില്ല എന്നു ഐകകണ്ഠ്യേന നിങ്ങൾ സാക്ഷ്യം വഹിച്ചില്ലേ? എന്നിരിക്കെ ഞാൻ പെട്ടെന്നു ഒരു സുപ്രഭാതത്തിൽ ഒരു പെരുംകള്ളം പറഞ്ഞുവെന്നാണോ നിങ്ങൾ പറയുന്നത്? അതും സർവ്വലോക നിയന്താവും സർവ്വജ്ഞനും ആയ അല്ലാഹുവിന്റെ പേരിൽ കറ്റു കെട്ടി കള്ളവാദം പുറപ്പെടുവിക്കുകയാണെന്ന് നിങ്ങൾക്കെങ്ങിനെ പറയുവാൻ

സാധിക്കും? ഹസ്റത്ത് റസൂൽ തിരുമേനിയുടെ ഈ വെല്ലുവിളി സ്വീകരിക്കുവാൻ ഇന്നും ആർക്കും തന്നെ സാധിച്ചിരുന്നില്ല.

ചുരുക്കത്തിൽ ആ പുണ്യാത്മാവ് തന്റെ വാദത്തിന്ന് സത്യസാക്ഷ്യമായി ലോകത്തിന്റെ മുമ്പാകെ വെച്ച മാന ദണ്ഡം തന്റെ പരിശുദ്ധവും പരിപാവനവുമായ ജീവിത മായിരുന്നു. അതേപ്രകാരം ഹസ്റത്ത് വാഗ്ദത്ത മഹ്ദീ മസീഹും തന്റെ സത്യത്തിന്ന് നിദാനമായിട്ടെടുത്തുകാ ണിക്കുന്നത് തന്റെ വാദത്തിന്നുമുമ്പുള്ള പവിത്രജീവിത മായിരുന്നു. അദ്ദേഹം അരുൾ ചെയ്യുന്നു:

"വാദത്തിന്നു മുമ്പുള്ള എന്റെ ജീവിതത്തിൽ നിന്നും നിങ്ങൾക്ക് കളവു, വഞ്ചന, കറ്റുകെട്ടു മുതലായ ഒരു ന്യൂനതയും ദോഷവും എടുത്തുകാണിക്കുവാൻ സാധി ക്കുന്നതല്ല. പണ്ടുമുതലേ കളവും വഞ്ചനയും കൈമുത ലായുള്ള ഒരാൾ പെട്ടെന്ന് ഇങ്ങനെ ഒരു വാദം പുറപ്പെ ടുവിക്കുന്നതാണല്ലോ സംശയാസ്പദമായിരിക്കുക. എന്റെ ജീവിതത്തിൽ ഏതെങ്കിലും ഒരു ദൂഷ്യം നിങ്ങൾക്കു എടുത്ത് കാണിക്കുവാൻ സാധിക്കുമോ? ആരംഭത്തിൽ തന്നെ അല്ലാഹു എന്റെ ജീവിതം ഭയഭക്തിയിലും തഖ്‌വയിലും അധിഷ്ഠിതമാക്കിയത് എനിക്ക് ലഭിച്ച ഒരു മഹാഭാഗ്യമാണ്. ചിന്തിക്കുന്നവർക്ക് ഇതും ഒരടയാളമാ ണ്."

(തദ്കിറത്തു ശഹാദത്തൈൻ)

വീണ്ടും അരുൾ ചെയ്യുന്നു:

"അക്രമികളായ എന്റെ എതിരാളികളുടെ വായടക്കു വാൻ അല്ലാഹു എന്നെ ഇൽഹാം മുഖേന ഇപ്രകാരം അറിയിച്ചിരിക്കുന്നു. "നീ അവരോടു ചോദിക്കുക. എന്റെ നാല്പത് വർഷക്കാലജീവിതം ഒരു തുറന്ന പുസ്തകം പോലെ നിങ്ങളുടെ മുമ്പാകെ ഉണ്ടല്ലോ. ആ ജീവിത ത്തിൽ എന്തൊരു ദൂഷ്യവും ന്യൂനതയുമാണ് നിങ്ങൾക്ക് കാണുവാൻ സാധിച്ചത്? ഏതെങ്കിലും ഒരു കളവു, ചതി എന്റെ ജീവിതത്തിൽ നിന്നും നിങ്ങൾക്കു എടുത്തു കാണി ക്കുവാൻ സാധിക്കുമോ?" (തിരിയാഖുൽ ഖുലൂബ്) വീണ്ടും അരുൾ ചെയ്യുന്നു.

"എനിക്കിപ്പോൾ അറുപത്തഞ്ചു വയസ്സായി. എന്റെ അടുത്തോ ദൂരത്തോ വസിക്കുന്ന ആർക്കും തന്നെ എന്റെ ഇതഃപര്യന്തമുള്ള ജീവിതത്തിൽ നിന്നും ഒരു പോരാ യ്മയും എടുത്തുകാണിക്കുവാൻ സാധ്യമല്ല. മാത്രമല്ല എന്റെ വാദത്തിനു മുമ്പുള്ള ജീവിതത്തിന്റെ പരിശുദ്ധത അല്ലാഹു എന്റെ ശത്രുക്കളെക്കൊണ്ടുതന്നെ പറയിപ്പിച്ചി രിക്കുന്നു. ഉദാഹരണമായി മൗലവി മുഹമ്മദു ഹുസൈൻ സാഹിബ് തന്റെ 'ഇശാഅത്തുസ്സുന്ന' എന്ന മാസികയിൽ എന്നെയും എന്റെ കുടുംബത്തെയും പുകഴ്ത്തിക്കൊണ്ട് ശക്തിയുക്തം എഴുതിയിരിക്കുന്നു. ഈയുള്ളവനെയും കുടുംബത്തെയും കുറിച്ച് തനിക്കറിയുംപോലെ മറ്റാർക്കും അറിയില്ലെന്നും വാദിച്ചിരിക്കുന്നു. അങ്ങനെ എനിക്കെതിരായി പുറപ്പെടുവിക്കപ്പെട്ട കുഫ്ർ ഫത്വക ളുടെ കാരണക്കാരനായ ഒരു ശത്രുവിനെക്കൊണ്ടുതന്നെ അല്ലാഹു എന്റെ പരിശുദ്ധിയെ ക്കുറിച്ച് "ഫഖദ്‌ല ബിസ്ത്തു ഫീക്കു" എന്ന സത്യ സാക്ഷ്യം. പൂർത്തീകരി ച്ചിരിക്കുന്നു." (നുസൂലുൽ മസീഹ്).

ഹസ്റത്ത് വാഗ്ദത്ത മസീഹിന്റെ ഈ വാദം അദ്ദേ ഹത്തിന്റെ സത്യസാക്ഷ്യത്തിന്നുള്ള സുശക്തമായ ഒരു തെളിവാകുന്നു. അദ്ദേഹത്തിന്റെ വാദത്തിന്നു മുമ്പുള്ള ജീവിതത്തിൽ ആർക്കും ഇന്നുവരെ ഒരു ന്യൂനതയും പോരായ്മയും ദൂഷ്യവും ചൂണ്ടിക്കാണിക്കുവാൻ സാധി ച്ചിട്ടില്ല. എന്നുമാത്രമല്ല, ഹസ്റത്ത് വാഗ്ദത്ത മസീഹ് സൂചിപ്പിച്ച മൗലവി മുഹമ്മദു ഹുസൈൻ ബട്ടാലവി, അദ്ദേഹത്തിന്റെ പവിത്രജീവിതത്തെക്കുറിച്ച് ഇപ്രകാരം ഏറ്റുപറയുന്നു:

"ബറാഹീനെ അഹ്മദിയ്യയുടെ ഗ്രന്ഥകർത്താവിന്റെ സ്ഥിതികളെയും അദ്ദേഹത്തിന്റെ ചിന്താഗതികളെയും കുറിച്ച് നാം അറിയുന്നതുപോലെ നമ്മുടെ സമകാ ലീനന്മാർക്ക് അധികവും അറിവുണ്ടായിരിക്കുകയില്ല. അദ്ദേഹം എന്റെ സ്വന്ത നാട്ടുകാരനും ആദ്യകാല സഹ പാഠിയുമായിരുന്നു. ഇശാഅത്തുസ്സുന്ന വോ. 7. പേ. 176).

"ബറാഹീനെ അഹ്മദിയ്യാ ഗ്രന്ഥകർത്താവ് അനു കൂലമായും പ്രതികൂലമായും ഉള്ള അനുഭവങ്ങളുടെയും സാക്ഷ്യങ്ങളുടെയും വെളിച്ചത്തിൽ (അല്ലാഹു പോരുന്ന വനാണ്) ശരീഅത്തെ മുഹമ്മദിയയിൽ അധിഷ്ഠിതനും, പരിശുദ്ധവാനും സത്യാത്മാവും ആണ്" (ഇശാഅത്തു സ്സുന്ന വാ. 7. പേ. 384).

ധനം കൊണ്ടും ദേഹം കൊണ്ടും പേന കൊണ്ടും നാവുകൊണ്ടും പ്രവൃത്തികൊണ്ടും വാക്കുകൊണ്ടും ഇസ്‌ലാമിന്നുവേണ്ടി ഈ ഗ്രന്ഥകർത്താവിനെപ്പോലെ സേവനം ചെയ്തിട്ടുള്ളവർ പൂർവ്വിക മുസ് ലിംക ളിൽപ്പോലും വളരെ വിരളമായേ കാണപ്പെടുന്നുള്ളൂ." (ഇശാഅത്തുസ്സുന്ന: വാ. 6. പേ 169, 1)

അഹ്മദിയാ ജമാഅത്തിന്റെ മറ്റൊരു ബദ്ധവൈരി യായിരുന്ന മൗലാനാ സഫർ അലിഖാൻ തന്റെ 'സമീ ന്ദാർ' എന്ന പത്രത്തിൽ ഹസ്റത്ത് അഹ്മദി(അ)നെക്കു റിച്ചുള്ള ചരമക്കുറിപ്പിൽ എഴുതുന്നു:

"യൗവനദശയിൽക്കൂടി അദ്ദേഹം വളരെയധികം സാത്വികനും മുത്തഖിയും ആയ ഒരു മാന്യദേഹമായിരു ന്നുവെന്ന് ഒരു ദൃക്സാക്ഷിയെന്നോണം ഞാൻ സാക്ഷ്യം വഹിക്കുന്നു. വ്യക്തിപരമായി അദ്ദേഹത്തിന്റെ വാദഗതി കളോട് പൂർണ്ണമായി യോജിക്കുവാൻ സാധിക്കുകയില്ലെ ങ്കിൽ കൂടി അദ്ദേഹം ഒരു യഥാർത്ഥ മുസൽ മാനാണെന്ന് ഞങ്ങൾക്കു പറയുവാൻ സാധിക്കുന്നതാണ്" (സമീന്ദാർ)

അഹ്മദിയ്യത്തിന്റെ മറ്റൊരു ബദ്ധവൈരിയായിരുന്ന

മൗലവി സനാവുല്ലാ അമൃതസരി തന്റെ 'താരിഖെ മിർസാ' എന്ന പുസ്തകത്തിലെഴുതുന്നു.

"എപ്രകാരം മിർസാ സാഹിബിന്റെ ജീവിതത്തിന്നു രണ്ടുഭാഗങ്ങളുണ്ടോ അതേ പ്രകാരം മിർസാ സാഹിബിന്റെ എന്റെ ബന്ധത്തിന്നും രണ്ടു ഭാഗങ്ങളുണ്ട്. ബറാഹീനെ അഹ്മദിയ്യവരെയും അതിന്നുശേഷവും ബറാഹീൻ വരെ ഞാൻ മിർസാസാഹിനോട് സദ്ഭാവന വെച്ചുപുലർത്തിയിരുന്നു. ഒരിക്കൽ എനിക്ക് പതിനേഴോ പതിനെട്ടോ വയസ്സുള്ളപ്പോൾ അദ്ദേഹത്തെ സന്ദർശിക്കാനുള്ള അഭിവാഞ്ഛയിൽ ഞാൻ ബട്ടാലയിൽ നിന്നു ഖാദിയാനിലേക്ക് കാൽനടയായി ചെന്നിരുന്നു." (താരീഖെ മിർസാ – പേജ് 53).

ചുരുക്കത്തിൽ ഹസ്റത്ത് അഹ്മദി (അ)ന്റെ വാദത്തിന്നുമുമ്പുള്ള അദ്ദേഹത്തിന്റെ പവിത്രജീവിതം നിർണ്ണായകമായ ഒരു സത്യസാക്ഷ്യമാണ്. വിശുദ്ധ ഖുർആൻ കാണിച്ചുതരുന്ന ഈ മാനദണ്ഡം ആ മഹാത്മാവിന്റെ സത്യസാക്ഷ്യത്തിന്നുള്ള അനിഷേധ്യമായ ഒരു തെളിവാണ്.

■

# ദൈവകാരുണ്യത്തെ ദേശീയമായി പരിമിതപ്പെടുത്തരുത്

പൗരസ്ത്യ പാശ്ചാത്യഭേദമെന്യേ സകലദേശവാസികളുടെയും മേൽ തന്റെ സൂര്യനുദിപ്പിച്ച് അവർക്കു പ്രകാശം നൽകുകയും എല്ലാ രാജ്യവിഭാഗങ്ങളിലും ആവശ്യാനുസരണം യഥാകാലങ്ങളിൽ മഴ പെയ്യിച്ച് അവയെ ഫലവത്താക്കിത്തീർക്കുകയും ചെയ്യുന്ന സർവ്വ ലോക രക്ഷിതാവായ ദൈവം ആത്മീയ പരിചരണ വിഷയത്തിൽ കൃശ മനസ്കനും ലോഭിയുമാണെന്നു വിചാരിക്കുമാറുള്ള തരത്തിൽ അവനെപ്പോഴും ഒരേ രാജ്യത്തെയും ഒരേ സമുദായത്തേയും ഒരേ ഭാഷയെയും മാത്രം പ്രിയപ്പെടുകയും അങ്ങനെ തന്റെ ആത്മീയാനുഗ്രഹത്തെ പരിമിതമാക്കിത്തീർക്കുകയും ചെയ്തുവെന്നു പറയുന്നതു തീരെ അസംഗതമാകുന്നു. മനുഷ്യൻ അവരുടെ വ്യത്യസ്ത ഭാഷകളിൽ ചെയ്യുന്ന പ്രാർത്ഥനകളും അഭയ യാചനകളും കേൾക്കുന്നതിനു അനിഷ്ടം ഭാവിക്കാത്ത പരമേശ്വരൻ ഗീർവാണഭാഷയിൽ ( വൈദിക സംസ്കൃതത്തിൽ) അല്ലാതെ മറ്റേതെങ്കിലുമൊരു ഭാഷയിൽ ദിവ്യബോധനം നൽകുന്നത് കഠിനമായി വെറുക്കുന്നു എന്നുള്ള സിദ്ധാന്തത്തിൽ എന്തൊരു യുക്തിയും തത്വജ്ഞാനവുമാണ് അടങ്ങിയിരിക്കുന്നത് എന്ന് എനിക്കു മനസ്സിലാകുന്നില്ല.

**ഹസ്റത്ത് അഹ്മദ് (അ)**

*(7 -ാം പേജിൽ നിന്ന് തുടർച്ച)*

വസ്തുവിനെ ഉദ്ദേശിച്ചാൽ അതിനോട് ഉണ്ടാകുക എന്ന് പറയുക മാത്രമാണ്. അവന്റെ കല്പന അതുകൊണ്ട് ഉണ്ടായിത്തീരുന്നു." (56:83)

മസീഹിനെക്കുറിച്ചു 'കലിമത്തുല്ലാ' എന്ന വാക്ക് പ്രയുക്തമായതിൽ ജനത്തിന് വലിയ തെറ്റു പറ്റിപ്പോയിരിക്കുന്നു. ഇത് മസീഹിനു മാത്രമുള്ള പ്രത്യേകതയാണെന്നു അവർ കരുതി. എന്നാൽ ഒരിക്കലും അപ്രകാരമല്ല. ഒരു മനുഷ്യൻ മാനസികമായ അന്ധകാരങ്ങളിൽ നിന്നും മാലിന്യങ്ങളിൽ നിന്നും പുറത്തുവരുമ്പോൾ അവൻ കലിമത്തുല്ലാ ആയിത്തീരുന്നു. ഓർക്കുക, മനുഷ്യൻ കലിമത്തുല്ലാ ആണ്. അവന്റെ അന്തരംഗത്ത് ആത്മാവുണ്ട്. അതിന്റെ നാമം വിശുദ്ധഖുർആനിൽ എന്റെ റബ്ബിന്റെ കല്പന എന്നു വെച്ചിരിക്കുന്നു. എന്നാൽ മനുഷ്യൻ തന്റെ അറിവില്ലായ്മയും അജ്ഞതയും നിമിത്തം ആത്മാവിനെ തീരെ വിലമതിക്കാതെ അതിനെ പല വിധത്തിലുള്ള ചങ്ങലകളാൽ ബന്ധിച്ച് നിർത്തിയിരിക്കുകയാണ്. അതിന്റെ പ്രകാശത്തെയും പരിശുദ്ധിയെയും അപകടകരമായ അന്ധകാരങ്ങളും ദുഷ്ക്കർമ്മങ്ങളും കാരണം, അന്ധവും ഇരുളടഞ്ഞതും ആക്കിയിരിക്കുന്നു. ഒന്നും കാണാൻ സാധിക്കാത്ത നിലയിൽ അതിനു മങ്ങലേല്പിച്ചിരിക്കുകയാണ്. എന്നാൽ മനുഷ്യൻ തൗബാ ചെയ്തു അല്ലാഹുവിങ്കലേക്കു മടങ്ങുകയാണെങ്കിൽ തന്റെ മലിനവും അന്ധകാര പൂർണ്ണവും ആയ ജീവിതത്തിന്റെ തിരശ്ശീല നീങ്ങിപ്പോകുന്നു. ഹൃദയം പ്രകാശിതമാകാൻ തുടങ്ങുന്നു. പിന്നെ യഥാർത്ഥ ഉത്ഭവ സ്ഥാനത്തേക്കു ആരംഭമാവുകയും അങ്ങനെ തഖ്വയുടെ അങ്ങേയറ്റത്തെ സ്ഥാനത്തെത്തി എല്ലാ മാലിന്യങ്ങളും അകറ്റി അവൻ പിന്നീടു കലിമത്തുല്ലാ ആയിത്തീരുന്നു. ഇത് അതിസൂക്ഷ്മമായ അറിവിന്റെയും ജ്ഞാനത്തിന്റെയും ബിന്ദുവാണ്. അതിന്റെ നിതാന്തഗഹനതയിലെത്തിച്ചേരുവാൻ എല്ലാവർക്കും സാധിച്ചെന്നുവരില്ല.

**('മൽഫുസാത്ത്' പേജ് 404-408)**

**വിവ. മുഹമ്മദ് ഉമർ** ■

# പർദ്ദ: ഖുർആനിക വീക്ഷണത്തിൽ

ഹ: മീർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)

**സ്ത്രീക്ക് സാമൂഹ്യസുരക്ഷിതത്വത്തിനും ആത്മീയ ജീവിതത്തിനു മുതകുന്ന ഏറ്റവും അനുയോജ്യമായ വസ്ത്രമാണ് പർദ്ദ.**

സ്ത്രീകൾ വീട്ടിനുള്ളിൽ ഒളിച്ചിരിക്കണമെന്നു ഇസ്‌ലാം ഒരിക്കലും ഉപദേശിക്കുന്നില്ല. ഇസ്ലാമിന്റെ ആരംഭത്തിൽ മുസ്‌ലിം സ്ത്രീകൾ അപ്രകാരം ആചരിച്ചിരുന്നുമില്ല. അവർ പുരുഷന്മാരോടൊപ്പം യുദ്ധക്കളത്തിൽ പോകയും, ക്ഷതമേറ്റവരേയും, രോഗികളേയും, ശുശ്രൂഷിക്കുകയും, സവാരി ചെയ്കയും പുരുഷന്മാരുടെ പക്കൽനിന്ന് കലാവിജ്ഞാനങ്ങൾ പഠിക്കുകയും തിരികെ പുരുഷന്മാരെ പഠിപ്പിക്കുകയും ചെയ്കയുണ്ടായിട്ടുണ്ട്. ചുരുക്കത്തിൽ, അവർക്ക് പ്രവൃത്തിപരമായ പൂർണ്ണസ്വാതന്ത്ര്യം അനുഭവിക്കാൻ സാധിച്ചിട്ടുണ്ട്.

മനുഷ്യന്റെ സാന്മാർഗ്ഗികനിലയെ നന്നാക്കിത്തീർക്കുന്നതിനു ഇസ്‌ലാം നിർദ്ദേശിച്ചിരിക്കുന്ന പദ്ധതികളിൽ ഒന്ന് ഹൃദയത്തിൽ പാപവിചാരം കടന്നുകൂടാനിടയുള്ള വഴികളെയെല്ലാം അടച്ചുകളയുക എന്നതാകുന്നു. ഇസ്‌ലാം മതസിദ്ധാന്തപ്രകാരം മനുഷ്യന്റെ പ്രകൃതം നിർദോഷവും പരിശുദ്ധവുമാണ്; പാപം പുറമെനിന്നു വന്നു ചേരുന്നതുമാണ്. മറ്റൊരു വിധത്തിൽ പറയുന്നതായാൽ, നന്മയെ പ്രിയപ്പെടുകയും തിന്മയെ വെറുക്കുകയും ചെയ്യുന്നതായ ഒരു അന്തർബോധം അഥവാ അന്ത:കരണം മനുഷ്യനു ദൈവദത്തമായിട്ടുണ്ട്. ജാതിമതഭേദമെന്യേ സകലരും ഈ ശുദ്ധപ്രകൃതിയോടുകൂടിയാണ് ജനിക്കുന്നത്. എന്നാൽ ഈ അന്തർബോധം മാത്രം മനുഷ്യനെ പാപത്തിൽ നിന്നു രക്ഷിക്കുവാൻ പര്യാപ്തമാകുന്നില്ല. കാരണം, അത് അവനോട് നന്മ ചെയ്‌വാനും തിന്മയെ വർജ്ജിക്കുവാനും മാത്രമേ പറയുന്നുള്ളു. നല്ലതും തീയ്യതും വകതിരിച്ചു തരുന്ന കൃത്യം വിവേകബുദ്ധിയുടേതാണ്. ബുദ്ധിയുടെ ഈ ഗുണദോഷ വിവേചനത്തിനു ഇന്ദ്രിയങ്ങൾ മുഖാന്തരം മനുഷ്യന് സിദ്ധിക്കുന്ന അറിവാണ് ആധാരമാക്കുന്നത്. ആകയാൽ, ഈ ബാഹ്യപ്രേരണകളെ സ്വീകരിക്കുന്നതിൽ അവനു തെറ്റു പറ്റുന്നപക്ഷം ഒരു കാര്യം നല്ലതോ തീയ്യതോ എന്നു വിവേചിക്കുന്ന വിഷയത്തിലും അവനു അബദ്ധം പിണയുമെന്നതു തീർച്ചയാണ്. അപ്പോൾ അവന്റെ അന്തർബോധം അഥവാ അന്തഃകരണം നല്ലതിനെ തീയ്യതായും തീയ്യതിനെ നല്ലതായും തെറ്റിദ്ധരിക്കുകയും തൽഫലമായി സൽകർമ്മത്തെ ആക്ഷേപിക്കുകയും ദുഷ്കർമ്മത്തെ പ്രശംസിക്കുകയും ചെയ്യുന്നതാണ്. ആകയാൽ മനുഷ്യൻ സ്വീകരിക്കുന്ന ഈ ബാഹ്യപ്രേരണകളെ ഇല്ലാതാക്കുകയോ തടയുകയോ ചെയ്യേണ്ടതാകുന്നു. ഇതേപ്രകാരം തന്നെ മനുഷ്യനെ ദോഷകൃത്യത്തിലേക്ക് തള്ളിവിടുന്ന വികാരവിക്ഷോഭങ്ങളുടെ പ്രേരണയും പുറമെ നിന്നുള്ളതാകയാൽ, അതിനേയും പരിഹരിക്കേണ്ടതാവശ്യമാണ്. എന്തുകൊണ്ടെന്നാൽ, ഈ ബാഹ്യപ്രേരണകളെ പരിഹരിക്കുന്നതായാൽ മാത്രമാണ് മനുഷ്യന്നു ആത്മനിയന്ത്രണം ചെയ്‌വാൻ സാധിക്കുമാറാകുന്നത്. ഉദാഹരണമായി മദ്യപിച്ചു ശീലമുള്ളവർ മറ്റുള്ളവർ മദ്യപാനം ചെയ്യുന്നത് കാണുമ്പോഴോ അഥവാ, മദ്യം കുടിക്കുന്നതിനോ അതു സൂക്ഷിക്കുന്നതിനോ ഉള്ള പാത്രങ്ങൾ കാഴ്ചയിൽപെടുമ്പോഴോ അല്ലെങ്കിൽ, അവൻ പതിവായി മദ്യപിക്കാറുള്ള സമയം വരുമ്പോഴോ വികാരവിവശനായിത്തീരുന്നു. ഇങ്ങനെയുള്ള മനുഷ്യനെ മദ്യം കിട്ടാവുന്ന സ്ഥലത്തുനിന്നും അകറ്റിനിർത്തുകയും മദ്യപാനത്തിന്റെ സ്മരണയുണ്ടാക്കുന്ന സാധനങ്ങൾ അവന്റെ മുമ്പിൽ വരാതിരിക്കാൻ സൂക്ഷിക്കുകയും ചെയ്യുന്നപക്ഷം ഒരു ക്ലിപ്തകാലം കൊണ്ടു അവനു ഈ ശീലം വിട്ടുപോവുകയും ആത്മനിയന്ത്രണത്തിനുള്ള ശക്തി വീണ്ടുകിട്ടുകയും ചെയ്യുന്നതാണ്.

ഈ തത്വത്തെ മുൻനിറുത്തി, പാപമോ പാപവിചാരമോ ഉണ്ടാകാവുന്ന വഴികളെയെല്ലാം അടച്ചുകള

യുവാൻ പര്യാപ്തമായ നിർദ്ദേശങ്ങളാണ് ഇസ്ലാം നൽകിയിരിക്കുന്നത്. എന്നാൽ, ഇസ്ലാം ലോകത്തിന്നു നൽകിയിരിക്കുന്ന ബഹുവിധ നന്മകൾ കാരണമായിത്തന്നേ അതിന്റെ നേരെ ലോകത്തിന്നുള്ള ബാദ്ധ്യതകളെ ഒന്നു കൂടി വർദ്ധിപ്പിച്ചുകൊണ്ട് മനോതത്വശാസ്ത്രത്തിന്നനുസൃതമായുള്ള ഈ നിർദ്ദേശങ്ങൾ ലോകരുടെ പ്രതിഷേധങ്ങൾക്കും ആക്ഷേപങ്ങൾക്കും പാത്രമായിത്തീർന്നിരിക്കുന്നുവെന്നത് ആശ്ചര്യാവഹമായിരിക്കുന്നു. മാത്രമല്ല, സത്യാന്വേഷണതൃഷ്ണയും തത്വജ്ഞാനതൽപരതയുമുള്ളവർ കൂടിയും ഈ നിർദ്ദേശങ്ങളുടെ യാഥാർത്ഥ്യം ഗ്രഹിച്ചില്ലെന്നതു കൂടുതൽ വിസ്മയജനകമായിരിക്കുന്നു. പാപത്തിന്നു പ്രേരകമായ മാർഗ്ഗങ്ങളെ വിരോധിക്കുന്നതിനു ഇസ്ലാം നിർദ്ദേശിച്ചിരിക്കുന്ന സംഗതികളെയെല്ലാം ഇവിടെ വിവരിക്കുകയെന്നതു കുറെ വിഷമപ്പെട്ട കാര്യമാകയാൽ ഞാൻ അവയിൽ ചിലതിനെ മാത്രം ഉദാഹരണാർത്ഥം പ്രകൃതത്തിൽ പ്രസ്താവിച്ചുകൊള്ളാം.

ഈ നിർദ്ദേശങ്ങളിൽ പ്രാഥമ്യത്തെ അർഹിക്കുന്നത് ചാരിത്രസംരക്ഷണത്തെ സംബന്ധിക്കുന്ന ശാസനകളാണ് ഇസ്ലാം ഇതരമതങ്ങളെപ്പോലെ "വ്യഭിചരിക്കരുത്" എന്നു ശാസിക്കുക മാത്രമല്ല ചെയ്യുന്നത്. വ്യഭിചാരം നിന്ദ്യമായ ഒരു പാപകർമ്മമാണെന്നു സംഗതി മാത്രം അറിയുകയല്ല നമ്മുടെ ആവശ്യം. മനുഷ്യനു ഈ പാപത്തിൽ നിന്നു രക്ഷനേടാൻ കഴിയുന്നതെങ്ങനെ–എന്നാണ് അറിയേണ്ടിയിരിക്കുന്നത്. ഈ പ്രശ്നത്തിനു ഇസ്ലാം നൽകുന്ന സമാധാനം ഈ പാപത്തിന്റെ പ്രവേശനമാർഗ്ഗങ്ങളെ, അതായത് കാഴ്ചയുടെയും കേൾവിയുടെയും സ്പർശനത്തിന്റെയും മാർഗ്ഗങ്ങളെ നിരോധിക്കുന്നതുമൂലം അതിൽ നിന്നു രക്ഷപ്പെടാവുന്നതാണെന്നാകുന്നു. എന്തുകൊണ്ടെന്നാൽ, വ്യഭിചാരത്തിന്നായുള്ള പ്രേരണ ഈ മാർഗ്ഗങ്ങൾ വഴിയാണ് ഉണ്ടാകുന്നത്. ഒരുവൻ സൗന്ദര്യത്തെ കാണുകയോ അതിന്റെ വർണ്ണന കേൾക്കുകയോ അഥവാ, കർണ്ണമധുരമായ രാഗം ശ്രവിക്കുകയോ മൃദുലകോമളമായ ശരീരം സ്പർശിക്കുകയോ ചെയ്യുമ്പോൾ, ആ സൗന്ദര്യകാന്തിയോ അതിന്റെ വർണ്ണനയോ ശബ്ദമാധുരിയോ ശരീരമാർദ്ദവമോ അവനു ഇഷ്ടകരമായി തോന്നുന്ന പക്ഷം അവൻ അതിൽ ആകൃഷ്ടനായി ഭവിക്കുന്നതാകുന്നു. അതിന്റെ പുലർച്ച സമുദായത്തിനും സദാചാരധർമ്മത്തിനും നാശഹേതുകമാണെന്നു ലോകം മുഴുവനും ഒരുപോലെ ആക്ഷേപിക്കുന്ന സംഭവമായിരിക്കുന്നതാണ്. ആകയാൽ ഈ പാപത്തിന്റെ പ്രവേശനമാർഗ്ഗങ്ങളെയെല്ലാം നിരോധിക്കുന്നതിന്നു ഇസ് ലാം നിർദ്ദേശിച്ചിരിക്കുന്നു. വിശുദ്ധ ഖുർആൻ ഇപ്രകാരം പറയുന്നു.

"വിശ്വാസികളോട് അവരുടെ നോട്ടങ്ങളെ കീഴ്പോട്ടാക്കുവാനും ദോഷവിചാരങ്ങൾ കടന്നുകൂടാനിടയുള്ള മാർഗ്ഗങ്ങളെയെല്ലാം കാത്തുകൊൾവാനും പറയുക; ഇതു അവർക്കു നന്മയ്ക്കു കാരണമായിത്തീരും; അവർ പ്രവർത്തിക്കുന്നതിനെ അല്ലാഹു നല്ലപോലെ അറിയുന്നവനാകുന്നു. അപ്രകാരം തന്നെ വിശ്വാസിനികളോടും അവരുടെ നോട്ടങ്ങളെ കീഴ്പോട്ടാക്കുവാനും പാപവിചാരങ്ങൾ കടന്നുകൂടുന്ന സകലമാർഗ്ഗങ്ങളെയും സൂക്ഷിച്ചുകൊള്ളുവാനും തങ്ങളുടെ സൗന്ദര്യത്തെ, സ്വയം വെളിപ്പെടുന്നതൊഴികെയുള്ള ഭാഗത്തെ, ജനങ്ങൾക്കു കാണിക്കാതിരിക്കാനും പറയുക. അവർ തങ്ങളുടെ കഴുത്തും തലയും മുഖവും വസ്ത്രം കൊണ്ടു മറയ്ക്കുകയും, തങ്ങളുടെ ഭർത്താക്കന്മാർക്കോ പിതാക്കന്മാർക്കോ ഭർത്തൃപിതാക്കന്മാർക്കോ സ്വപുത്രന്മാർക്കോ ഭർത്താക്കന്മാരുടെ പുത്രന്മാർക്കോ സ്വസഹോദരന്മാർക്കോ സഹോദരപുത്രന്മാർക്കോ സഹോദരീ പുത്രന്മാർക്കോ തങ്ങളുടെ സ്ത്രീകൾക്കോ സ്വന്തം അടിമകൾക്കോ സ്ത്രീമോഹമില്ലാത്തവരും കേവലം വൃദ്ധന്മാരുമായ ഭൃത്യന്മാർക്കോ ലിംഗബന്ധപരമായ ബോധമുണ്ടായിട്ടില്ലാത്ത ബാലന്മാർക്കോ അല്ലാതെ മറ്റാർക്കും തങ്ങളുടെ സൗന്ദര്യം പ്രദർശിപ്പിക്കാതിരിക്കുകയും ചെയ്യട്ടെ; അവർ തങ്ങളുടെ ഒളിഞ്ഞു കിടക്കുന്ന സൗന്ദര്യം വെളിപ്പെടുമാറ് കാലുകളടിച്ചു നടക്കാതിരിക്കേണ്ടതാണ്. അല്ലയോ, വിശ്വാസികളെ! നിങ്ങൾ വിജയികളായി ഭവിക്കുന്നതിന്നു നിങ്ങളേവരും അല്ലാഹുവിങ്കലേയ്ക്കു തിരിയുക' (24:30, 31).

ഈ വിശുദ്ധ വാക്യങ്ങളിൽ, പാപകരമായ വിചാരങ്ങൾ ഹൃദയത്തിൽ പ്രവേശിക്കുന്നതിനിടയാകുന്ന സകല വഴികളേയും സ്ത്രീപുരുഷന്മാർ അടച്ചിടേണമെന്നാണ് കല്പിച്ചിരിക്കുന്നത്. ആ മാർഗ്ഗങ്ങളിൽ ഒന്നു കണ്ണാകയാൽ, വിശ്വാസികൾ അവരുടെ നോട്ടങ്ങളെ കീഴ്പോട്ടാക്കുവാൻ ശാസിക്കപ്പെട്ടിരിക്കുന്നു. മറ്റൊരു മാർഗ്ഗം കർണ്ണേന്ദ്രിയമാകയാൽ, സ്ത്രീകൾ പുരുഷന്മാരുടേയും പുരുഷന്മാർ സ്ത്രീകളുടേയും മധുരഗാനങ്ങളും രാഗവിശേഷങ്ങളും ശ്രദ്ധിക്കാതിരിക്കുകയും പരസ്പരമുള്ള ശൃംഗാരകഥകൾ കേൾക്കാതിരിക്കുകയും വേണ്ടതാണെന്നാണ് കല്പിച്ചിരിക്കുന്നത്. പാപപ്രേരണക്കുള്ള മൂന്നാമത്തെ മാർഗ്ഗം സ്പർശനമായിരിക്കകൊണ്ടു ന്യായമായ ആവശ്യവും കാരണവും കൂടാതെ സ്ത്രീപുരുഷന്മാർ പരസ്പരം തൊടരുതെന്നും വിരോധിക്കപ്പെട്ടിരിക്കുന്നു. സ്ത്രീപുരുഷന്മാർ ആവശ്യാർത്ഥം ഒരുമിച്ചുകൂടുവാൻ ഇടയാകുന്ന പെരുവഴികൾ തുടങ്ങിയ പൊതുസ്ഥലങ്ങളിൽ വെച്ചു നോട്ടങ്ങളെ കീഴ്പോട്ടാക്കുകയെന്നതു പ്രയാസമേറിയ ഒന്നായതുകൊണ്ടു, സ്ത്രീകളോട് അവർ വെളിയിലിറങ്ങുമ്പോൾ മാറിടവും മുഖവും അതായത്, അവരുടെ കഴുത്തും തലയും അവർക്കു നോക്കുവാനും ശ്വസിക്കുവാനും ആവശ്യമുള്ള ഭാഗമൊഴികെയുള്ള മുഖത്തിന്റെ മറ്റു ഭാഗങ്ങളും മറക്കേണ്ടതാണെന്നുകൂടി കല്പിച്ചിരിക്കുന്നു.

എത്രയും യുക്തിയുക്തമായ ഈ നിർദ്ദേശങ്ങളെക്കുറിച്ചു നിഷ്പക്ഷമായും സ്വതന്ത്രമായും ചിന്തിക്കുന്ന ഏവർക്കും അവയുടെ മാഹാത്മ്യത്തെ സമ്മതിക്കാതിരിക്കാൻ നിവൃത്തിയില്ല. എന്തുകൊണ്ടെന്നാൽ, അവ ലിംഗബന്ധപരമായുള്ള സകല ദുർവ്വികാരങ്ങളെയും പാപങ്ങളെയും പരിഹരിക്കുവാൻ പര്യാപ്തമായിട്ടുള്ളവയാകുന്നു.

പാശ്ചാത്യർക്കു പ്രസ്തുത നിർദ്ദേശങ്ങൾ അസാധാരണവും അസഹനീയവുമായിതോന്നുമെന്നതു നിസ്സംശയമാണ്. എന്നാൽ, ഇക്കാര്യത്തിൽ അവർക്കു പരിഭ്രമവും അസഹ്യതയും തോന്നുന്നതു അവരുടെ പരമ്പരയായുള്ള ശീലങ്ങളും മാമൂലുകളും നിമിത്തമാകുന്നു. അല്ലാതെ ഈ ശാസനകൾ പ്രവൃത്തിയിൽ വരുത്തുവാൻ പ്രയാസമായതുകൊണ്ടല്ലതന്നെ.

സ്ത്രീകൾ വീട്ടിന്നുള്ളിൽ ഒളിച്ചിരിക്കേണമെന്നു ഇസ്ലാം ഒരിക്കലും ഉപദേശിക്കുന്നില്ല. ഇസ്ലാമിന്റെ ആരംഭത്തിൽ മുസ്ലിം സ്ത്രീകൾ അപ്രകാരം ആചരിച്ചിരുന്നുമില്ല. അവർ പുരുഷന്മാരോടൊപ്പം യുദ്ധക്കളത്തിൽ പോകയും, ക്ഷതമേറ്റവരെയും രോഗികളെയും ശുശ്രൂഷിക്കുകയും, സവാരി ചെയ്കയും, പുരുഷന്മാരുടെ പക്കൽനിന്നു കലാവിജ്ഞാനങ്ങൾ പഠിക്കുകയും തിരിയെ പുരുഷന്മാരെ പഠിപ്പിക്കുകയും ചെയ്യുകയുണ്ടായിട്ടുണ്ട്. ചുരുക്കത്തിൽ അവർക്കു പ്രവൃത്തിപരമായി പൂർണ്ണ സ്വാതന്ത്ര്യം അനുഭവിക്കുവാൻ സാധിച്ചിട്ടുണ്ട്. അവരോടുള്ള കൽപന, പാപവിചാരങ്ങൾ കടന്നുകൂടാനിടയുള്ള പഴുതുകളെയെല്ലാം നിരോധിക്കുന്നതിനായിട്ടു അവർ വെളിയിലിറങ്ങുമ്പോൾ തങ്ങളുടെ കഴുത്തും തലയും മുഖവും മറക്കേണമെന്നുമാത്രമാണ്. എന്നല്ലാതെ അവർ വീട്ടിന്റെ ഉള്ളിൽ മറഞ്ഞിരിക്കേണമെന്നോ വിജ്ഞാനപരമായ പരിശ്രമങ്ങളിൽ നിന്നെല്ലാം അകന്നിരിക്കേണമെന്നോ ഇസ്ലാം ഉപദേശിച്ചിട്ടില്ല; അങ്ങനെയുള്ള ഒരു സമ്പ്രദായം പിൽക്കാലത്തു രാഷ്ട്രീയമായ കാരണങ്ങളെ അടിസ്ഥാനമാക്കി ആചരിച്ചുവന്നിട്ടുള്ളതാണ്. ചില രാജ്യങ്ങളിൽ സ്ത്രീകളുടെ ചാരിത്രത്തിന്റെ വില ഏതാനും നാണയംകൊണ്ടു കണക്കാക്കപ്പെട്ടുവന്നത് സ്ത്രീത്വത്തോടു കാണിച്ച വലിയൊരു ധിക്കാരവും നിന്ദയും ആയിരിക്കയാൽ, അങ്ങനെയുള്ള രാജ്യങ്ങളിൽ മുസ്ലിംകൾ സ്ത്രീകളുടെ മാനത്തെയും ചാരിത്രത്തെയും രക്ഷിക്കുന്നതിനു ഇത്തരം നിബന്ധനകൾ സ്വയം സ്വീകരിക്കുകയാണുണ്ടായത്. എന്നല്ലാതെ ഈ നടപ്പു മതം നിർദ്ദേശിച്ചിട്ടുള്ളതല്ല.

ചാരിത്രസംരക്ഷണത്തെ സംബന്ധിക്കുന്ന പ്രസ്തുത നിർദ്ദേശങ്ങൾ സ്ത്രീകൾക്കു അപമാനഹേതുകമാണെന്നു ചിലർ വിചാരിച്ചുവരുന്നതിനെക്കുറിച്ചു എനിക്കാശ്ചര്യം തോന്നുന്നു. എന്തുകൊണ്ടെന്നാൽ, സ്ത്രീകൾ തലയും മുഖവും മറക്കേണമെന്നുള്ളത് ആൾത്തിരക്കുള്ള സ്ഥലങ്ങളിലും പെരുവഴികളിലും പുരുഷന്മാർ നോട്ടങ്ങളെ കീഴ്പോട്ടാക്കേണ്ടുന്ന ആവശ്യകതയെ പരിഹരിക്കുന്നതിനായിട്ടുള്ള ഒരേർപ്പാടാണ്. പ്രഥമവും പ്രധാനവുമായുള്ള കൽപന നോട്ടങ്ങളെ കീഴ്പോട്ടാക്കുക എന്നുള്ളതാകുന്നു. ഇതാകട്ടെ, സ്ത്രീപുരുഷന്മാർക്കു ഒരുപോലെ ബാധകമായിട്ടുള്ളതത്രെ. ഈ കൽപന അപമാനകരമാണെങ്കിൽ, അതു സ്ത്രീകൾക്കു മാത്രമല്ല, പുരുഷന്മാർക്കും അപമാനകരമായിരിക്കേണ്ടതാണ്. എന്നാൽ, സ്ത്രീകളോടു മുഖം മറയ്ക്കാൻ ആവശ്യപ്പെടുകയും പുരുഷന്മാരോടു അപ്രകാരം ആവശ്യപ്പെടാതിരിക്കുകയും ചെയ്വാൻ കാരണമെന്ത്, എന്നു ഇവിടെ ഒരു ചോദ്യമുണ്ടാകാം. അതിന്നുള്ള സമാധാനം ഇതാണ്: ഇസ്ലാം സ്ത്രീകളുടെയും പുരുഷന്മാരുടെയും പ്രവർത്തനരംഗങ്ങൾ വെവ്വേറെയാണെന്നു പഠിപ്പിക്കുന്നു. സ്ത്രീകളുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യം ഭാവിതലമുറകളുടെ പരിപാലനവും ശിക്ഷണവും ശരിയായ വിധത്തിൽ നടത്തുകയെന്നതാണ്. എന്നാൽ, അവർക്കായി ജീവനോപകരണങ്ങൾ സംഭരിച്ചുകൊടുക്കുക എന്നതാണ് പുരുഷന്മാരുടെ ധർമ്മം. പുരുഷന്മാർക്കു ഈ ധർമ്മനിർവ്വഹണത്തിന്നായിക്കൊണ്ടു തങ്ങളുടെ അധികസമയവും വീട്ടിനുവെളിയിൽ ചെലവഴിക്കേണ്ടിവരുന്നു. അങ്ങനെ പുരുഷന്റെ പ്രവൃത്തിരംഗം തെരുവും പെരുവഴിയും പൊതുസ്ഥലവും ആയിരിക്കുമ്പോൾ സ്ത്രീയുടേതു സ്വന്തം ഭവനമാകുന്നു. ഇസ്ലാം ഓരോരുത്തർക്കും അവരവരുടെ പ്രവൃത്തിരംഗങ്ങളിൽ സ്വാതന്ത്ര്യം നൽകുകയും, മറ്റുള്ളവരുടെ പ്രവർത്തിരംഗങ്ങളിൽ ആ സ്വാതന്ത്ര്യത്തിനു ഒരതിരു നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. പുരുഷന്മാർ അന്യഗൃഹത്തിൽ പ്രവേശിക്കുമ്പോൾ ആ വീട്ടുകാരോടു ഒന്നാമതായി അനുവാദം ചോദിക്കേണമെന്നു കൽപിച്ചിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, അതു സ്ത്രീകളുടെ സ്വാതന്ത്ര്യരംഗമാകുന്നു. എന്നാൽ, സ്ത്രീകൾക്കാകട്ടെ വെളിയിൽ സഞ്ചരിക്കുന്നതിനു പുരുഷന്മാരുടെ സമ്മതം ചോദിക്കേണ്ട നിർബന്ധമില്ല. എങ്കിലും മുൻപ്രസ്താവിച്ച തരത്തിലുള്ള കരുതലുകൾ ചെയ്വാൻ മാത്രം കൽപിച്ചിരിക്കുന്നു. സ്ത്രീക്ക് തെരുവിലും പെരുവഴിയിലും ന്യായമായ ആവശ്യങ്ങൾ ഉണ്ടായെന്നു വരാം. ആയതുകൊണ്ടു പുരുഷന്മാരുടെ സമ്മതംകൂടാതെ അവർക്കു വെളിയിൽ സഞ്ചരിക്കാവുന്നതാണ്. എന്നാൽ, പുരുഷന്മാർക്കു അന്യഗൃഹത്തിൽ, അകത്തുള്ളവരുടെ അനുമതിയോടുകൂടിയല്ലാതെ ന്യായമായ ഒരു ആവശ്യവും ഉണ്ടായിരിക്കാൻ പാടില്ലാത്തതുകൊണ്ടു, അവർക്കു സമ്മതം വാങ്ങിയല്ലാതെ അകത്തു പ്രവേശിക്കാൻ പാടില്ലെന്നുള്ള ഒരു നിബന്ധന ഇസ്ലാം നിർദ്ദേശിച്ചിരിക്കുന്നു. സ്ത്രീക്കാണെങ്കിൽ വെളിയിൽ സഞ്ചരിക്കുമ്പോൾ തന്റെ ശരീരത്തിന്റെ ഒരു ഭാഗം മറക്കണമെന്നുള്ള ഒരു നിബന്ധനയും വെച്ചിരിക്കുന്നു. ആകയാൽ, പർദ്ദയെ സംബന്ധിച്ച ഈ നിബന്ധന സ്ത്രീക്കോ പുരുഷന്നോ അപമാനകരമാണെന്നുള്ള ഒരു പ്രശ്നത്തിനിടയില്ല തന്നെ. ഈ പർദ്ദാസമ്പ്രദായമാകട്ടെ സദാചാരപരമായ പരിഷ്കരണത്തിനുള്ള ഒരു സുവർണ്ണപദ്ധതിയാകുന്നു. ഇതിനെ ഇഷ്ടപ്പെടാതിരിക്കുകയോ എതിർക്കുകയോ ചെയ്യുന്നത് പഴയ ശീലങ്ങളും മാമൂലുകളും നിമിത്തമാണ്. പർദ്ദാസമ്പ്രദായത്തെ സ്വീകരിച്ചിട്ടുള്ള പാശ്ചാത്യവനിതകളെ ഞാനറിയും. അവർക്കു ഈ കാര്യത്തിൽ അസുഖമോ അസൗകര്യമോ തോന്നുന്നില്ല. എന്നാൽ, ആരംഭത്തിൽ ഈ സമ്പ്രദായം സ്വീകരിക്കുമ്പോൾ സ്വൽപമൊരു ലജ്ജയും അലോസരവും തോന്നുക സ്വാഭാവികമാണ്. ■

**പരി. എൻ. ഹാമിദ്.**

ലേഖനം

# ജനാധിപത്യവും മുസ്‌ലിം പണ്ഡിതന്മാരും

ഹസ്‌റത്ത് മിർസാ ത്വാഹിർ അഹ്‌മദ് (റ)

## രാജ്യത്തെ നിയമങ്ങൾ ശരീഅത്തും, അത് വ്യാഖ്യാനിക്കാനുള്ള അധികാരം മുല്ലമാർക്കും നൽകുകയാണെങ്കിൽ അതൊരു ദുരന്തമായിരിക്കും

സമകാലീന ലോകത്തെ മുസ്‌ലിം രാഷ്ട്രീയ ചിന്തകന്മാർക്കിടയിൽ ഇസ്‌ലാം ജനാധിപത്യത്തിന് വേണ്ടി നിലകൊള്ളുന്നു എന്ന വാദത്തിന് പ്രചാരം ലഭിച്ചുകൊണ്ടിരിക്കുകയാണ്. അവരുടെ രാഷ്ട്രീയ സിദ്ധാന്തപ്രകാരം ദൈവത്തിനാണ് പരമാധികാരം.

### ദൈവത്തിന്റെ പരമാധികാരം

കേവലമായ പരമാധികാരം ദൈവത്തിന് തന്നെയാണ്. വിശുദ്ധ ഖുർആൻ ദൈവത്തിന്റെ അധികാരം എന്താണെന്ന് താഴെ പറയുന്ന വചനങ്ങളിൽ സൂചിപ്പിക്കുന്നു.

"എന്നാൽ യഥാർത്ഥ രാജാവായ അല്ലാഹു പരമോന്നതനാകുന്നു".

(23:117)

ഭരണത്തിന്റെ അന്തിമമായ അധികാരം അല്ലാഹുവിലാണ് നിക്ഷിപ്തമായിരിക്കുന്നത്. അവനാണ് പരമാധികാരി എന്ന തത്ത്വം പലവിധത്തിൽ പല രൂപത്തിൽ വിശുദ്ധ ഖുർആനിൽ പരാമർശിച്ചിട്ടുണ്ട്. മേൽകൊടുത്ത വചനം അതിലൊന്നാണ്. രാഷ്ട്രീയ കാര്യങ്ങൾ വ്യവഹരിക്കുമ്പോൾ ദൈവത്തിന്റെ പരമാധികാരം രണ്ടു വിധത്തിൽ പ്രകടമാകുന്നു.

(a) ഖുർആനിൽ നിന്നും ലഭിക്കുന്ന നിയമം (ശരീഅത്ത്) റസൂൽ തിരുമേനി(സ) യുടെ പ്രവർത്തന മാതൃക, ആദ്യകാല മുസ്‌ലിംകൾ റസൂൽ തിരുമേനി(സ) ചെയ്തു എന്ന് സാക്ഷ്യപ്പെടുത്തിയ സുസ്ഥാപിതമായ പാരമ്പര്യങ്ങൾ എന്നിവ പരമപ്രധാനങ്ങളാണ്. അവ നിയമനിർമ്മാണങ്ങൾക്കായുള്ള മാർഗ്ഗനിർദ്ദേശം അടങ്ങിയതാണ്. ജനാധിപത്യരീതിയിലുള്ള തിരഞ്ഞെടുക്കപ്പെട്ട ഭരണകൂടങ്ങൾക്കൊന്നും ദൈവത്താൽ പ്രകടിതമായ ഇച്ഛയിൽ ഇടപ്പെട്ടുകൂട.

(b) മേൽപറഞ്ഞ തത്ത്വങ്ങളെല്ലാം സാധ്യമാകുന്നത് അവ തമ്മിൽ പരസ്പര വൈരുദ്ധ്യങ്ങൾ ഇല്ലാതിരിക്കുമ്പോഴാണ്.

നിർഭാഗ്യകരമെന്ന് പറയട്ടെ. വിവിധ വിഭാഗങ്ങളിൽപ്പെട്ട മുസ്‌ലിം പണ്ഡിതന്മാർക്കിടയിൽ എന്താണ് വ്യക്തമായ ശരീഅത്ത് നിയമം എന്നതിനെ സംബന്ധിച്ച് ഏകീകൃതമായ അഭിപ്രായസമന്വയമില്ല. ദൈവം അവന്റെ ഇച്ഛ ഇസ്‌ലാം മത സ്ഥാപകനായ മുഹമ്മദ് നബി(സ) മുഖേന പ്രകടിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് നിയമങ്ങൾ ദൈവത്തിൽ നിന്നും ലബ്ധമാകുന്നതാണെന്നാണ് എല്ലാ മുസ്‌ലിം പണ്ഡിതന്മാരും സമ്മതിക്കുന്നത്.

മുസ്‌ലിം ഭരണകൂടങ്ങൾ എങ്ങിനെ പ്രവർത്തിക്കണം എന്നതിനെ സംബന്ധിച്ചുള്ള പൊതുജനധാരണയെപറ്റി പറയുകയാണെങ്കിൽ, ദൈനംദിന ഭരണകാര്യങ്ങൾ, മറ്റു നടപടിക്രമങ്ങൾ എന്നീ വിഷയങ്ങളിൽ ജനങ്ങളുടെ പ്രാതിനിധ്യസ്ഥാപനം എന്ന നിലയിൽ ദൈവത്തിന്റെ ഇച്ഛാപ്രകാശനത്തിന് ഭരണക്കൂടങ്ങൾ ഒരു ഉപകരണമായി വർത്തിക്കേണ്ടതുണ്ട്. പ്രാതിനിധ്യ സ്ഥാപനം എന്ന നിലക്ക് ഭരണകൂടത്തിന്റെ പരമാധികാരം നിക്ഷിപ്തമായിരിക്കുന്നത് ജനങ്ങളിലാണ്. അതുകൊണ്ടാണ് അതിനെ ജനാധിപത്യം എന്ന് വിളിക്കുന്നത്.

### മുല്ലായിസം

മുല്ലമാർക്ക് (മുസ്‌ലിം മതപണ്ഡിതന്മാർ) മാത്രമേ ശരീഅത്തിന്റെ അടിസ്ഥാനത്തിൽ ജനാധിപത്യ തീരുമാനങ്ങളെ സംബന്ധിച്ച് അന്തിമമായി വിധി പ്രസ്താവിക്കാൻ അധികാരമുള്ളൂ എന്ന വ്യവസ്ഥയിൽ ആധുനിക ജനാധിപത്യ പ്രവണതകളെ ഉൾക്കൊള്ളുന്ന ജനസാമാന്യത്തിന്റെ യാഥാസ്ഥിക സങ്കുചിത വീക്ഷണത്തെയാണ് മുല്ലായിസം എന്നു പറയുന്നത്. പടു യാഥാസ്ഥിതികവും സങ്കുചിതവുമായ ഒരു വീക്ഷണമാണിത്. ഈ വാദം അംഗീകരിക്കപ്പെടുകയാണെങ്കിൽ നിയമനിർമ്മാണങ്ങളുടെ അന്തിമാധികാരം ദൈവത്തിന് പകരം യഥാസ്ഥികരായ മുല്ലമാരുടെ കൈകളിലോ മുസ്‌ലിം

ഗൂഢമായി പ്രതീക്ഷിക്കുന്നു. ശരീഅത്തിന്റെ രക്ഷകന്മാരായി ജനങ്ങൾ മുല്ലമാരെക്കാൾ ഇഷ്ടപ്പെടുക രാഷ്ട്രീയക്കാരെയാണ്. കർക്കശക്കാരും വിട്ടുവീഴ്ചയില്ലാത്തവരുമായ 'സ്വർഗ്ഗത്തിന്റെ സൂക്ഷിപ്പുകാരായ' മതപണ്ഡിതന്മാർ നിയന്ത്രിക്കുമ്പോഴുള്ളതിനേക്കാൾ മനുഷ്യജീവിതം കൂടുതൽ എളുപ്പമുള്ളതും, യാഥാർത്ഥ്യബോധമുള്ളതുമാക്കിതീരുക രാഷ്ട്രീയക്കാർ ഭരിക്കുമ്പോഴാണെന്ന് ജനങ്ങൾക്കറിയാം. രാഷ്ട്രീയക്കാർക്കിടയിൽ ഏറ്റവും ധാർമ്മികബോധമുള്ളവരും ദീർഘദൃഷ്ടിയുള്ളവരും മുല്ലമാരുടെ ഈ ഇടപെടൽ ഒരു അപകടകരമായ കളിയാണെന്ന് തിരിച്ചറിയുന്നു. കഷ്ടമെന്നു പറയട്ടെ അത്തരം തിരിച്ചറിവുള്ളവർ അതിവേഗം ഒരു ചെറിയ ന്യൂനപക്ഷമായി മാറിക്കൊണ്ടിരിക്കുകയാണ്. രാഷ്ട്രീയവും കാപട്യവും, സത്യസന്ധതയും സന്ദേഹിച്ചുള്ള നിൽപ്പും ഒരിക്കലും പരസ്പരം കൈകോർത്ത് പോകുകയില്ല. അതായത് തിന്മകളും ഉദാത്ത മൂല്യങ്ങളും ഒന്നിച്ചു ചേരുകയില്ലല്ലോ. മറ്റെന്നെത്തേക്കാൾ കൂടുതലായി ബുദ്ധിമാന്മാർ അധികമായി ജനാധിപത്യത്തെകൊള്ളേ അടുക്കുകയാണ്. അത്തരം ബുദ്ധിമാന്മാർ ഇസ്‌ലാമിനെ സ്നേഹിക്കുന്നു. പക്ഷേ മതപുരോഹിതന്മാരുടെ മതകീയഭരണത്തെ (തിയോക്രസിയെ) അവർ വെറുക്കുകയും ചെയ്യുന്നു. ജനാധിപത്യം ഇസ്‌ലാമിന് പകരമല്ലെന്ന് അവർക്കറിയാം. പക്ഷേ ഒരു രാഷ്ട്രീയാദർശം എന്ന നിലക്ക് വിശുദ്ധ ഖുർആൻ മുന്നോട്ടുവെച്ച ഒരു രാഷ്ട്രീയ തത്ത്വദർശനമാണ് ജനാധിപത്യം എന്നവർ ആത്മാർത്ഥമായും വിശ്വസിക്കുന്നു. ഖുർആൻ പറയുന്നു:

തങ്ങളുടെ നാഥന്റെ വിളിക്ക് ഉത്തരം നൽകുകയും നമസ്കാരം നിലനിർത്തുകയും തങ്ങളുടെ കാര്യങ്ങൾ പരസ്പരം കൂടിയാലോചിച്ച് തീരുമാനിക്കുകയും നാം അവർക്ക് നൽകിയതിൽ നിന്ന് ചെലവഴിക്കുകയും ചെയ്യുന്നവരും (42:39).

"ഭരണകാര്യങ്ങളിൽ അവരുമായി കൂടിയാലോചന നടത്തുകയും ചെയ്യു

അവർ നിലകൊള്ളുന്നത്.

പൊതുജനം ആശയക്കുഴപ്പത്തിലാണ്. മതപണ്ഡിതന്മാർ അവരോട് ചോദിക്കുന്നത് അല്ലാഹുവിന്റെ വചനങ്ങളും മുഹമ്മദ് നബി (സ)യുടെ വചനങ്ങളും നിങ്ങൾ ഇഷ്ടപ്പെടുന്നില്ലേ? മറിച്ച് നിങ്ങളുടെ രാഷ്ട്രീയ പ്രകടനപത്രിക തയ്യാറാക്കാൻ ഏല്പിക്കുന്നത് ദൈവവിശ്വാസമില്ലാത്തവരും ദൈവഭയമില്ലാത്തവരുമായ ആളുകളെയാണോ നിങ്ങൾ ഇഷ്ടപ്പെടുന്നത്? ഈ ചോദ്യം സാധാരണക്കാരായ മുസ്‌ലിം കളെ അത്യധികം ആശയക്കുഴപ്പത്തിലാക്കുന്നു. മിക്ക മുസ്‌ലിം രാജ്യങ്ങളിലെയും മുസ്‌ലിംജനസാമാന്യം ഇസ്‌ലാമിനെ സ്നേഹിക്കുകയും അല്ലാഹുവിന്റേ ഇച്ഛ നടപ്പാക്കാൻ വേണ്ടിയും മുഹമ്മദ് നബി(സ)യുടെ ബഹുമതി സംരക്ഷിക്കാനും മരിക്കാൻ പോലും തയ്യാറാണ്. എങ്കിലും ആ രാജ്യങ്ങളിലെല്ലാം തന്നെ മുസ്‌ലിംകൾ അസ്വസ്ഥരും അശാന്തരുമാണ്. അവർക്ക് ദൈവത്തോടും പ്രവാചക തിരുമേനി(സ)യോടും സ്നേഹമുണ്ട്. എങ്കിൽ തന്നെ മുല്ലമാർ എന്നറിയപ്പെടുന്ന ഈ മതപണ്ഡിതന്മാരുടെ സമ്മർദ്ദ ഫലമായോ മുല്ലായിസത്തിന്റെ മറപ്പറ്റിക്കൊണ്ടോ പൂർവ്വകാല മുസ്‌ലിം ഭരണകൂടങ്ങൾ അവരുടെ രാഷ്ട്രീയതാൽപര്യങ്ങൾക്ക് വേണ്ടി ഒഴുക്കിയ ഭീകരമായ രക്തപ്രവാഹങ്ങൾ മുസ്‌ലിം ജനങ്ങളുടെ ചിന്തയിൽ നിലനിൽക്കുന്നുണ്ട്.

മുല്ലായിസത്തോടുള്ള സമീപനത്തിൽ മുസ്‌ലിം രാഷ്ട്രീയക്കാർക്കിടയിൽ അഭിപ്രായ ഭിന്നത കാണപ്പെടുന്നുണ്ട്. മുല്ലായിസത്തോടുള്ള പ്രതികരണങ്ങളിൽ അഭിപ്രായപ്രകടനം നടത്താതെ ചില രാഷ്ട്രീയക്കാർ ഉദാസീനത പാലിക്കുകയാണ് ചെയ്യുന്നത്. മുല്ലമാർ ഈ സാഹചര്യത്തെ ചൂഷണം ചെയ്യുന്നതും രാഷ്ട്രീയക്കാരുടെ രക്ഷകർത്തൃത്വം ഏറ്റെടുക്കുന്നതും ചില രാഷ്ട്രീയക്കാർ തടയുന്നില്ല. തിരഞ്ഞെടുപ്പിൽ ജനങ്ങൾ മുല്ലമാരേയല്ല, രാഷ്ട്രീയക്കാരെയായിരിക്കും ശരീഅത്ത് നിയമം നടപ്പിലാക്കാൻ തിരഞ്ഞെടുക്കുക എന്ന് രാഷ്ട്രീയക്കാർ

പുരോഹിത പ്രസ്ഥാനങ്ങളുടെ കൈകളിലോ ആണ് വന്നു ചേരുക. ശരീഅത്ത് എന്താണ് – എന്തല്ല എന്നീ കാര്യങ്ങളെ സംബന്ധിച്ച് ഈ മുല്ലമാർക്കിടയിൽ രൂക്ഷമായ അഭിപ്രായവ്യത്യാസങ്ങളുണ്ട്. ഈയൊരവസ്ഥയിൽ മുല്ലമാരുടെ കൈകളിലേക്ക് നിയമനിർമ്മാണാധികാരം എന്ന വമ്പിച്ച അധികാരശക്തി ഏല്പിക്കുകയാണെങ്കിൽ അതിന്റെ ഫലം അതിഭയാനകമായിരിക്കും. മുസ്‌ലിം യാഥാസ്ഥിതികർക്കിടയിൽ നിരവധി നിയമശാസ്ത്ര ദർശന സരണികൾ നിലനിൽക്കുന്നു. ഒരേ ചിന്താധാരയിൽപ്പെട്ട മുസ്‌ലിം മത പണ്ഡിതന്മാർക്കിടയിൽ തന്നെ ഓരോ മതപുരോഹിതനും മറ്റൊരാളുമായി വിയോജിക്കുന്നു. അവർ എപ്പോഴും ഏകാഭിപ്രായക്കാരല്ല. മാത്രമല്ല ചരിത്രം പരിശോധിക്കുകയാണെങ്കിൽ ഇസ്‌ലാമിക ശരീഅത്തിൽ അല്ലാഹുവിന്റെ ഇച്ഛ എന്താണ് എന്നതിനെ സംബന്ധിച്ച് അവരുടെ നിലപാടുകൾ കാലാകാലങ്ങളിലായി മാറിവരുന്നതായി നമുക്ക് കാണാം.

മുസ്‌ലിം ലോകം അതിന്റെ യഥാർത്ഥ സ്വത്വബോധം വീണ്ടെടുക്കാനുള്ള പരിശ്രമങ്ങൾ തുടരുകയാണ്. ഇത് സമകാലീന ഇസ്‌ലാമിക ലോകത്ത് സങ്കീർണ്ണമായ പ്രശ്നങ്ങൾ കാഴ്ചവെക്കുന്നു. യാതൊരു വിട്ടുവീഴ്ചയുമില്ലാതെ ഇസ്‌ലാമിക ശരീഅത്ത് നടപ്പിലാക്കണം എന്ന ഒരൊറ്റ പോയന്റിൽ മാത്രമാണ് എല്ലാ വിഭാഗത്തിലും പെട്ട മുസ്‌ലിം മതപണ്ഡിതന്മാർ യോജിക്കുന്നത്. ഈ വസ്തുതയാണ് മുസ്‌ലിം ബുദ്ധിജീവികൾക്ക് ക്രമേണ മനസ്സിലായി വരുന്നത്.

ഇറാനിലെ വിപ്ലവം സുന്നി മുസ്‌ലിംകൾ ഭൂരിപക്ഷമുള്ള രാജ്യങ്ങളിലെ മുല്ലമാരുടെ അധികാരത്തോടുള്ള അടങ്ങാത്ത അത്യാർത്തിക്ക് മൂർച്ചകൂട്ടിയിരിക്കുകയാണ്. അവരുടെ വാദമിതാണ്. ഖുമൈനി ഇറാനിൽ വിജയിച്ചുവെങ്കിൽ തങ്ങൾ എന്തുകൊണ്ട് ഇവിടെ പരാജയപ്പെടണം? അവരുടെ മതിഭ്രമത്തിന്റെ സ്വപ്നലോകം ഇതിനുമപ്പുറത്താണ്. ഈ സ്വപ്നലോകത്താണ്

കവിത

# വേർപാട്

എസ്. നൗഷാദ്, സന്ധ്യാലയം

വേദനയോടെ നിന്റെ മുന്നിൽ
വേർപെടുവാൻ നേരമായി
കഴിഞ്ഞതെല്ലാം പൊറുത്തു തന്നു
കനിവരുളേണമെ തമ്പുരാനെ

കാത്തു രക്ഷിക്കുവാൻ നീ മാത്രമുള്ളു
കാലം താണ്ടുവാൻ നീ തന്നെയുള്ളൂ
ഖൽബിലെ കറകൾ കഴുകിക്കളഞ്ഞു
ഖബറിന്നദാബുകൾ നീക്കിടേണെ

നീയല്ലാതാരുണ്ടെനിക്ക് നാളെ
മഹ്ശറയിൽ തുണയേകിടുവാൻ
നിന്നെയല്ലാതെ ആരെ വിളിക്കും
അന്ത്യയാത്ര ഞാൻ പോകുമ്പോൾ

ആറടി മണ്ണിൽ എന്നെ അടക്കി
ബന്ധുക്കളെല്ലാം പിരിയുമ്പോൾ
നിന്നെയല്ലാതെ ആരെ വിളിക്കും
കരുണാശയനായ രക്ഷിതാവെ ■

ക. അങ്ങനെ കാര്യം തീരുമാനിച്ചുകഴിഞ്ഞാൽ നീ അല്ലാഹുവിങ്കൽ ഭരമേല്പിക്കുക. തീർച്ചയായും അല്ലാഹു ഭരമേൽപ്പിക്കുന്നവരെ ഇഷ്ടപ്പെടുന്നു. (3:160).

മുസ്ലിം വിഭാഗങ്ങളുടെ തമ്മിൽ തല്ലിന്റെ ഫലമായി പാക്കിസ്ഥാനെ പോലെയുള്ള നവജാത മുസ്ലിം രാജ്യങ്ങൾ ആശയക്കുഴപ്പങ്ങളുടേയും പരസ്പരം വൈരുദ്ധ്യങ്ങളുടേയും സങ്കീർണതയിൽ അകപ്പെട്ടായി സ്വയം കരുതുന്നു. നിയമനിർമ്മാണസഭകളിലേക്ക് മുല്ലമാർ വരുന്നതിനെ പാക്കിസ്താൻ ജനത വെറുക്കുന്നു. അവർ എത്ര കുറച്ചു അംഗങ്ങളായിരുന്നാലും ശരി മുല്ലമാരെ അവർ ഇഷ്ടപ്പെടുന്നില്ല. ശരീഅത്ത് ഭ്രാന്തി ന്റെ പാരമ്യാവസ്ഥയിൽപോലും അഞ്ചുമുതൽ പത്ത് ശതമാനം വരെ മുല്ലമാരാണ് പാകിസ്താനിൽ തിരഞ്ഞെടുപ്പിൽ ജയിച്ചത്. മുല്ലമാരുടെ പിന്തുണക്ക് വേണ്ടി മാത്രം ശരീഅത്ത് നിയമങ്ങൾ നടപ്പാക്കുന്നതിനോടു പ്രതിബദ്ധത കാട്ടുന്ന രാഷ്ട്രീയക്കാർ സുഖകരമല്ലാത്ത അവസ്ഥയിലാണ് ഇന്ന് പാക്കിസ്താനിൽ നിലകൊള്ളുന്നത്. ശരീഅത്ത് നിയമം അംഗീകരിക്കുകയാണെങ്കിൽ അത് ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെട്ട ഒരു പ്രാതിനിധ്യസഭയുടെ നിയമനിർമ്മാണതത്ത്വങ്ങളുമായി ഒത്തുപോവില്ല എന്ന് രാഷ്ട്രീയക്കാർക്ക് പൂർണ്ണബോദ്ധ്യമുണ്ട്. നിയമനിർമ്മാണാധികാരം ദൈവത്തിൽ നിക്ഷിപ്തമാണെന്ന് പറയുകയാണെങ്കിൽ ഒരു മുസൽമാന് അത് നിഷേധിക്കാൻ സാധ്യമല്ല. പക്ഷേ ദൈവത്തിന്റെ നിയമമായ ശരീഅത്ത് വ്യാഖ്യാനിക്കുന്നതും അത് മനസ്സിലാക്കുന്നതും മതപുരോഹിതന്മാരും മുല്ലമാരുമായിരിക്കും എന്നതാണ് അതിന്റെ യുക്തിപരമായ പരിണിതി. ഈ പശ്ചാത്തലത്തിൽ നിയമനിർമ്മാണസഭയെ തിരഞ്ഞെടുക്കുക എന്ന യത്നം അർത്ഥരഹിതവും നിഷ്ഫലവുമായി തീരും. എല്ലാറ്റിനുമുപരിയായി മുല്ലമാർ കാണിച്ചുകൊടുക്കുന്ന സ്ഥലങ്ങളിലെല്ലാം ഒപ്പിടാൻ വേണ്ടിമാത്രം പാർലമെന്റ് അംഗങ്ങൾ വേണമെന്നില്ലല്ലോ.

മുസ്ലിം ലോകത്തെ രാഷ്ട്രീയക്കാരും ബുദ്ധിജീവികളും ഒരിക്കലും തന്നെ വിശുദ്ധ ഖുർആൻ ചൂണ്ടിക്കാട്ടുകയോ, അംഗീകരിക്കുകയോ ചെയ്യുന്ന ഭരണകൂട മാതൃകയേയോ മാതൃകകളേയോ പറ്റി മനസ്സിലാക്കുവാൻ ശ്രമിച്ചിട്ടില്ല എന്നതാണ് മറ്റൊരു ദുരന്തം.

***('Islam's Response to contemporary issues' എന്ന പുസ്തകത്തിൽ നിന്ന്)*** ■

# അസ്ഹാബുൽ കഹ്ഫ് (ഗുഹാ നിവാസികൾ) മൂന്നൂറ് കൊല്ലം ഉറങ്ങിയോ?

എ.പി. കുഞ്ഞാമു

**ആദിമ ക്രിസ്ത്യാനികളുടെ ത്യാഗോജ്ജ്വലമായ ചരിത്രം വിവരിക്കുന്ന സൂറ:കഹ്ഫിനെ മുസ്ലിം വ്യാഖ്യാതാക്കൾ കെട്ടുകഥകളുടെ സമാഹാരമാക്കി അവതരിപ്പിക്കുന്നു.**

വളരെ അധികം തെറ്റിദ്ധരിച്ചതും, തെറ്റിദ്ധരിക്കപ്പെട്ടതുമായ വിശുദ്ധ ഖുർആനിലെ ഒരദ്ധ്യായമാണ് സൂറ: അൽ കഹ്ഫ്. ഇസ്ലാമിന്റെ വിമർശകരായ ഓറിയന്റലിസ്റ്റുകളുടെ രൂക്ഷമായ പരിഹാസങ്ങൾക്കും വിമർശനങ്ങൾക്കും വിധേയമായ ഒരദ്ധ്യായമാണിത്. വിശുദ്ധ ഖുർആന്റെ വിമർശകരായ വെറി (Wherry) യെപ്പോലുള്ളവർ ഇതിനെ അത്ഭുതകഥകൾ നിറഞ്ഞ ഒരദ്ധ്യായം (The chapter of wonderful stories) എന്ന് വിശേഷിപ്പിക്കുന്നു. മുസ്ലിം വ്യാഖ്യാതാക്കളുടെ വിവരണങ്ങൾ വായിച്ചാൽ സാധാരണ മുസ്ലിംകൾ തന്നെയുംഇതിനെ വിഷായാനുക്രമം പാലിക്കാത്ത വേതാളകഥകളായെ കാണുകയുള്ളൂ. ഈ അദ്ധ്യായം മുഴുവനുമായി ഒന്നിച്ചവതരിച്ചതായി ഹദീസുകളിലുണ്ട്. ഹിജ്റത്തിന് മുമ്പായി ഈ സൂറ എഴുപതിനായിരം മലക്കുകളുടെ അകമ്പടിയോടു കൂടി ഇറക്കപ്പെട്ടതായി ഹദീസുകളിൽ കാണുന്നു. അസ്ഹാബുൽ കഹ്ഫിനെക്കുറിച്ചും, ദുൽഖ ർനൈനെക്കുറിച്ചും യഹൂദികൾ ഉന്നയിച്ച ചില ചോദ്യങ്ങൾക്ക് ഉത്തരമായിട്ടാണ് ഈ സൂറത്ത് (അദ്ധ്യായം) അവതരിച്ചതെന്നാണ് മറ്റു ചില വിശുദ്ധ ഖുർആന്റെ വ്യാഖ്യാതാക്കൾ അവകാശപ്പെടുന്നത്.

ഗഹനമായ തത്വരഹസ്യങ്ങളും സൂക്ഷ്മമായ ചരിത്രപ്രമേയങ്ങളുടേയും സാരാംശങ്ങൾ ഉള്ളിലൊതുക്കിക്കൊണ്ടുള്ള വിശുദ്ധ ഖുർആന്റെ സവിശേഷ ശൈലിയിലുള്ള പ്രതിപാദനം സൂക്ഷ്മദൃക്കുകൾക്ക് മാത്രമേ ഗ്രഹിച്ചെടുക്കാൻ സാധ്യമാകൂ. ഈ സൂറത്തിലടങ്ങിയ സമസ്യകൾക്കെല്ലാം വളരെ ലളിതവും അതേ സമയം ബുദ്ധിയും യുക്തിയും സമ്മതിക്കുംവിധം ദൈവീക സഹായത്താൽ അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാമത്തെ ഖലീഫ ഹസ്രത്ത് മീർസാ ബഷീറുദ്ദീൻ മഹ്മൂദ് അഹമ്മദ് (റ) വ്യാഖ്യാനിച്ചിട്ടുണ്ട്. ആ മഹാത്മാവ് നൽകിയ വ്യാഖ്യാനം ഈ കാലഘട്ടത്തിലെ മഹാത്ഭുതങ്ങളിൽ ഒന്നാണ്. ഈ ലേഖകനെ അഹ്മദിയ്യാ ജമാഅത്തിലേക്ക് ആകർഷിക്കപ്പെടാനുണ്ടായ പല കാരണങ്ങളിൽ ഒന്ന് 'അൽ കഹ്ഫ്' സൂറത്തിന്റെ ഇംഗ്ലീഷിലുള്ള പരിഭാഷയായിരുന്നു. ഉർദുവിലുള്ള തഫ്സീർ കബീറിന്റെ (ബൃഹദ് വ്യാഖ്യാനം) സംക്ഷിപ്തരൂപത്തിന്റെ വിവർത്തനമാണ് ഇംഗ്ലീഷ് പരിഭാഷ. ഞാൻ ഇതിൽ ഉന്നയിക്കുന്ന കാര്യങ്ങൾ ഇംഗ്ലീഷ് പരിഭാഷ അവലംബമാക്കിക്കൊണ്ടുള്ള ഒരു സ്വതന്ത്ര അവലോകനമാണ്.

വിശുദ്ധ ഖുർആൻ മാനവലോകത്തിന് അന്ത്യനാൾവരേയും വഴികാട്ടിയാണ്. അല്ലാഹുവിൽ നിന്ന് അവതരിച്ച പൂർവ്വിക മതഗ്രന്ഥങ്ങളിൽ പിൽക്കാലത്ത് സംഭവിച്ച കൈകടത്തലുകളും മറ്റു വൈകല്യങ്ങളും ഖുർആന്റെ കാര്യത്തിൽ സംഭവിച്ചിട്ടില്ല. ഖുർആന് അന്ത്യനാൾ വരെ സംരക്ഷണ വാഗ്ദാനമുണ്ടെന്ന് ഖുർആൻ തന്നെ അതിന്റെ വായനക്കാരനെ ഉണർത്തുന്നു.

ഈ സൂറത്ത് ഇറങ്ങാനുണ്ടായ കാരണം (സബബു നുസൂൽ) യഹൂദികൾ റസൂൽ തിരുമേനി(സ)യോട് ദുൽഖർനൈൻ രാജാവിനെ ക്കുറിച്ചും, ഗുഹാവാസികളെക്കുറിച്ചും ചോദിച്ചത് കൊണ്ടാണെന്ന് എല്ലാ മുസ്ലിം വ്യാഖ്യാതാക്കളും പറയുന്നു. സർവ്വജ്ഞാനിയായ അല്ലാഹുവിനാൽ തന്നെ സമാഹരിക്കപ്പെട്ട വിശുദ്ധ ഖുർആനിലെ അതീവഗഹനമായ ഈ അദ്ധ്യായം ഇറങ്ങാൻ യഹൂദികളുടെ

ഈ ചോദ്യമാണ് നിമിത്തമായത് എന്ന വാദം നിരർത്ഥകമാണ്. ഖുർആൻ വചനങ്ങളുടെ അവതരണകാരണ (സബബു നുസൂൽ)ങ്ങൾ ഇത്തരം മനുഷ്യരുടെ നിസ്സാരമായ ചോദ്യങ്ങളും നിമിത്തങ്ങളുമാണെന്ന മുസ്‌ലിം പണ്ഡിതന്മാരുടെ ശുഷ്ക്കമായ വാദം ഖുർആന്റെ ദൈവികതക്ക് നിരക്കുന്നതല്ല. അങ്ങനെയൊരു ചോദ്യം ചോദിച്ചില്ലെങ്കിൽ അൽ കഹ്ഫ് പോലെയൊരു ജ്ഞാന സമ്പൂർണ്ണമായ അദ്ധ്യായം ഇറങ്ങില്ലായിരുന്നു എന്ന് അനുമാനിക്കുന്നത് വിഡ്ഢിത്തമാണ്. മാത്രമല്ല. സൂറ:കഹ്ഫിന്റെ പ്രഥമവചനത്തിൽ തന്നെ അല്ലാഹുവിന് പുത്രനെ കല്പിച്ചവരെ (കൃസ്ത്യാനികളെ) താക്കീത് ചെയ്യുന്നതിനുവേണ്ടിയാണ് ഇതെന്ന് പറയുമ്പോൾ യഹൂദികളുടെ ചോദ്യം നിമിത്തമാണ് ഈ സൂറത്ത് അവതരിച്ചതെന്ന വാദം നിരർത്ഥകമാവുന്നു സൂറ:കഹ് ഫിനെ സംബന്ധിച്ച് ഇത്തരമൊരു ഹദീസ് റിപ്പോർ ട്ടുചെയ്തു എന്ന് പറയപ്പെടുന്ന ഇബ്നു അബ്ബാസ് മേൽപറഞ്ഞ യഹൂദികളുടെ ചോദ്യം നടക്കുന്ന കാലത്ത് വെറും നാല് വയസ്സുള്ള ഒരു ശിശുവായിരുന്നു.

രണ്ടാമത് പറയാനുള്ളത് എഴുപതിനായിരം മലക്കുകളുടെ അകമ്പടിയോടെ ഈ അദ്ധ്യായം ഇറക്കപ്പെട്ടുവെന്നതാണ്. പ്രസ്തുത സൂറായിൽ ഭാവിയിൽ പുലരാനുള്ളതും നമ്മുടെ കാലവുമായി ബന്ധപ്പെട്ടതുമായ നിരവധി പ്രവചനങ്ങളുണ്ട്. സുദീർഘമായ കാലഘട്ടങ്ങളിലെ കാര്യനിർവ്വഹണത്തെ സൂചിപ്പിക്കുന്നതാണ്. മലക്കുകളുടെ ആധിക്യം. ഈ അദ്ധ്യായത്തിന്റെ ആദ്യത്തേതും അവസാനത്തേതും പത്തു ആയത്തുകൾ ഹൃദിസ്ഥമാക്കുന്നവർ ദജ്ജാലിൽ നിന്നു രക്ഷിക്കപ്പെടുമെന്ന് തിരുമേനിയുടെ (സ) അരുളിയിരിക്കുന്നു.

ഒരു ഹദീസിൽ "ഏതൊരാൾ അൽ കഹ്ഫിലെ ആദ്യത്തെ പത്ത് ആയത്തും അവസാനത്തെ പത്ത് ആയത്തും പാരായണം ചെയ്യുന്നുവോ അവർ ദജ്ജാലിന്റെ ഫിത്ത്നയിൽ നിന്ന് രക്ഷിക്കപ്പെടും'' എന്ന് എഴുതപ്പെട്ടിരിക്കുന്നു. ഈ ഖുർആൻ വചനങ്ങളിൽ ദജ്ജാൽ എന്ന വാക്ക് ഉദ്ധരിച്ചിട്ടില്ലെങ്കിലും പ്രസ്തുത സൂറത്തിന്റെ ആരംഭത്തിൽ ഒരു കൂട്ടരെ ശക്തിയായി താക്കീത് ചെയ്യുന്നുണ്ട്. അത്. അല്ലാഹുവിന് ഒരു പുത്രനുണ്ടെന്ന ജുഗുപ്സാവഹമായ ആരോപണം നടത്തിയവരെ പറ്റിയാണ്. അത് ഇക്കാലത്തെ കൃസ്ത്യാനികളുടെ വിശ്വാസമാണെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്. ലോകത്തിന്റെ സൗഭാഗ്യങ്ങൾ ആസ്വദിക്കാനും ലൗകിക വിഭവങ്ങളെ പറ്റി അന്വേഷിക്കാനും തങ്ങളുടെ സമസ്ത കഴിവുകളും ശക്തി യും വിനിയോഗിക്കുന്ന ഭൗതികോന്മുഖമായ ഒരു സമൂഹത്തെ പറ്റിയാണ് കഹ്ഫിന്റെ പ്രഥമ വചനങ്ങളിലും അന്ത്യവചനങ്ങളിലും സൂചിപ്പിച്ചിട്ടുള്ളത്. അവരാണെങ്കിൽ പുതിയ പുതിയ കണ്ടുപിടുത്തങ്ങൾ നടത്തി ശാസ്ത്രങ്ങളിൽ അവഗാഹം നേടി സൃഷ്ടിപ്പിന്റെ രഹസ്യം പോലും കണ്ടെത്താനുള്ള ശ്രമത്തിലാണ്. ഭൗതിക വിജ്ഞാനങ്ങൾ ആർജ്ജിക്കുന്നതിലും വിഭവങ്ങൾ ചൂഷണം ചെയ്യുന്നതിലും തീവ്രപരിശ്രമം ചെയ്യുന്ന ഈ ജനതയുടെ ദൈവ സങ്കല്പവും ദൈവശാസ്ത്രവും അയുക്തികവം അതീവ ഗുരുതരമായ ദൈവനിന്ദയുമാണെന്ന് ഈ ആയത്തുകൾ വ്യക്തമാക്കുന്നു. ഇതെല്ലാം തന്നെ ക്രിസ്തുമതം സ്വീകരിച്ച ഇന്നത്തെ പാശ്ചാത്യശക്തികളെ പറ്റിയാണെന്ന് സൂര്യപ്രകാശം പോലെ വ്യക്തമാണ്. ഈ സൂറത്തിൽ അവരുടെ ഉദ്ദേശ്യത്തെ പറ്റിയും, അവരുടെ വിശ്വാസത്തെ പറ്റിയും, അവരുടെ ഭൗതികമായ ഉയർച്ചയെ പറ്റിയുമാണ് വിവരിക്കുന്നത്. ചുരുക്കത്തിൽ ഈ സൂറയിലെ ആദ്യത്തേയും അവസാനത്തേതുമായ പത്ത് സൂക്തങ്ങൾ ദജ്ജാൽ ആരാണെന്ന് നമുക്ക് മനസ്സിലാക്കിത്തരുന്നതോടൊപ്പം അവരുടെ ഫിത്നയിൽ നിന്ന് രക്ഷ കിട്ടാൻ മുസ്‌ലിംകൾ കരുതിയിരിക്കണമെന്നും പ്രാർത്ഥിക്കണമെന്നുള്ള സൂചനയാണ് ലഭിക്കുന്നത്. ഈ കാലത്തെ കോളോണിയൽ ശക്തികളായി മാറുകയും മുസ്‌ലിം ലോകത്തെ കീഴടക്കി ആക്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ക്രൈസ്തവ രാജ്യങ്ങളെയാണ് ദജ്ജാൽ എന്ന സംജ്ഞ പ്രതീകാത്മകമായി റസൂൽ തിരുമേനി(സ) നമുക്ക് മനസ്സിലാക്കിത്തരുന്നത്.

ദൈവത്തിന് ഒരു മകനെ ആരോപിക്കുന്നതുമൂലം അവർ ദൈവത്തിന്റെ അതൃപ്തിക്കും ശാപത്തിനും കാരണമായിത്തീർന്നു. ഇവർ ഇസ്‌ലാമിനെ വെറുക്കുന്നു. എന്നാൽ അവരുടെ ആരംഭം അവസാനകാലഘട്ടത്തെ പോലെയല്ല. ആരംഭത്തിൽ അവർ വളരെ ബലഹീനരും ഏകദൈവവിശ്വാസത്തിൽ ജീവിക്കാൻ വമ്പിച്ച ത്യാഗങ്ങൾ വരിച്ചവരും ദാരുണമായ പീഡനങ്ങൾക്കും എതിർപ്പുകൾക്കും ഇരയായവരുമായിരുന്നു. ഈ യാതനകളിൽ നിന്നും വേദനകളിൽ നിന്നും ദൈവിക കൃപയാൽ അവർ മോചിതരാകുന്നു. പിന്നീട് അവർ അഭിവൃദ്ധിയുടേയും ഐശ്വര്യത്തിന്റേയും പാരമ്യത്തിൽ എത്തിയശേഷം അവർ ദൈവത്തെ മറന്നു ഏകദൈവവിശ്വാസത്തിൽ നിന്നും വ്യതിചലിച്ച് ദൈവേതരരെ ആരാധിക്കാൻ തുടങ്ങി. ആത്മീയത മറന്നു ഭൗതികാസക്തിയിൽ മുഴുകി അതിൽ അവർ മുങ്ങിത്താണു. അവർക്ക് അവരെ തന്നെ നഷ്ടമായി. കൊടിയ മർദ്ദനങ്ങൾക്കിടയിൽ പോലും ഏകദൈവാരാധന മുറുകെ പിടിച്ചു ലളിതവും ത്യാഗോജ്ജ്വലവുമായ ജീവിതം കാഴ്ച വെച്ച ആദിമ കൃസ്ത്യാനികളുടെ തലമുറ ഭൗതിക പ്രതാപങ്ങളുടെ ഔന്നത്യങ്ങളിലേക്ക് കയറിപ്പോയപ്പോൾ ശിർക്കിന്റെ ഏറ്റവും നഗ്നരൂപത്തിൽ പതിക്കയും ആത്മീയ മൂല്യങ്ങളെല്ലാം അവരിൽ നഷ്ടമാവുകയും ചെയ്തു. ഈ യൊരു ചരിത്രപാഠം മുന്നിൽ വെച്ചുകൊണ്ട് മുസ്‌ലിംകളെ അല്ലാഹു ഈ സൂറത്തിൽ താക്കീതു ചെയ്യുകയാണ്. മുസ്‌ലിംകൾക്ക് ശക്തിയും പ്രതാപവും, സമ്പന്നതയും വരുന്ന കാലഘട്ടത്തിൽ അവർ അല്ലാ

ഹുവിനോട് നന്ദി കാണിച്ചുകൊണ്ട് അവനെ ആരാധിക്കുകയും പ്രപഞ്ചാസക്തിയിൽ ലയിച്ചുപോകരുതെന്ന ഒരു താക്കീതാണിത്. അവസാന കാലം എന്റെ സമുദായം യഹൂദി റസാറാക്കളെ മുഴത്തിനുമുഴമായും ചാണിന് ചാണായും പിൻതുടരുമെന്ന് തിരുമേനി (സ) പ്രതിവചിച്ചത് ഇവിടെ സ്മരണീയമാണ്.

ഞാൻ ഈ സൂറത്തിലെ സൂക്തങ്ങൾക്കെല്ലാം തർജ്ജമയും വ്യാഖ്യാനവും നൽകാൻ മുതിരുന്നില്ല. മറിച്ചു ഇതിന്റെ തുടക്കത്തിൽ പ്രതിപാദിച്ച ഗുഹാനിവാസികൾ മൂസനബി (അ), ദുൽഖർ നൈൻ, എന്നീ വിഷയങ്ങളെ സംബന്ധിച്ച് ഒരു ചെറുവിവരണം നൽകാനാണ് ഉദ്ദേശിക്കുന്നത്. ഇതെല്ലാം തന്നെ മറ്റു മുസ്ലിം കക്ഷികളുടെ വ്യാഖ്യാനങ്ങളിൽ നിന്ന് വ്യത്യസ്തമായതും ഈ കാലഘട്ടത്തിന് യോജിച്ചതുമാണ്. ഇതു വായിക്കുന്നവർ അവർ പണ്ഡിതന്മാരായാലും സാധാരക്കാരായാലും വിശുദ്ധ ഖുർആന്റെ അമാനുഷികത എന്താണെന്നു അറിയാൻ കാരണമാകുമെന്നു ഞാൻ കരുതുന്നു.

ദൈവത്തിന് പുത്രനെ ആരോപിക്കുന്നവരുടെ ആരംഭകാലജീവിതത്തിലേക്കുള്ള ഒരു തിരിഞ്ഞുനോട്ടം നടത്തിക്കൊണ്ടാണ് ഗുഹാവാസികളുടെ കഥ. വിശുദ്ധ ഖുർആൻ പറയുന്നത്:

"ഗുഹയുടേയും ശിലാരേഖയുടേയും ആളുകൾ. നമ്മുടെ ദൃഷ്ടാന്തങ്ങളിൽപ്പെട്ട ഒരു അത്ഭുതമായിരുന്നുവെന്ന് നീ ധരിക്കുന്നുണ്ടോ? ആ യുവാക്കൾ ഗുഹയിലേക്ക് അഭയം പ്രാപിച്ചപ്പോൾ അവർ പറഞ്ഞു.. ഞങ്ങളുടെ നാഥാ നീ ഞങ്ങൾക്ക് നിന്റെ പക്കൽ നിന്നുള്ള കാരുണ്യം നൽകേണമേ. ഞങ്ങളുടെ കാര്യത്തിൽ നീ ഞങ്ങൾക്ക് വഴിയൊരുക്കി തരികയും ചെയ്യേണമേ' (കഹ്ഫ് 18:10,11)

ഗുഹാവാസികളുടെ ചരിത്രം അത്ഭുതകരമായ ഒരു പ്രതിഭാസമോ അസാധാരണമായ സംഭവമോ അല്ല. പക്ഷെ അല്ലാഹുവിന്റെ അടയാളങ്ങളിൽ ഒന്നാകുന്നു എന്നാണ് ഈ ആയത്ത് സ്പഷ്ടമാക്കുന്നത്. ഈ സംഭവങ്ങൾ പ്രകൃതിനിയമങ്ങൾക്ക് അതീതമായ ഒരു അത്ഭുത സംഭവമാണെന്ന് തെറ്റായി നിരൂപിച്ചുകൊണ്ട് ഈ ആയത്തിനെ (വചനത്തെ) ആസ്പദമാക്കി ഒരുപാടു അത്ഭുതങ്ങളും നിറം പിടിപ്പിച്ച കഥകളും വ്യാഖ്യാതാക്കൾ എഴുതി പിടിപ്പിച്ചിട്ടുണ്ട്. ആരാണ് ഗുഹാവാസികൾ? എവിടെയാണ് അവർ നിവസിച്ചിരുന്നത്? ഏതൊക്കെ സാഹചര്യങ്ങളെയാണ് അവർക്ക് അഭിമുഖീകരിക്കേണ്ടി വന്നത്? എന്നിത്യാദികാര്യങ്ങളെ സംബന്ധിച്ച് നൂറ്റാണ്ടുകളായി അവർ ഭാഷ്യങ്ങൾ രചിച്ചുകൊണ്ടിരിക്കുന്നു. ഈ ചോദ്യങ്ങൾക്കെല്ലാം ഒരുവിധം തൃപ്തികരമായ പരിഹാരമാർഗ്ഗം ചരിത്രകാരന്മാരിൽ നിന്നും വ്യാഖ്യാതാക്കൾ ശേഖരിച്ചതായാണ് കാണാൻ സാധിക്കുന്നത്. ഈ ചരിത്രകാരന്മാരിൽ സുപ്രസിദ്ധൻ ഇബ്നു ഇശ്ഹാഖാണ്. അദ്ദേഹം പ്രസ്തുത കഥകളെ താഴെ പറയുന്ന രൂപത്തിൽ വിവരിക്കുന്നു.

'ക്രിസ്തുമതത്തിൽ ആദ്യമായി വിഗ്രഹ ആരാധന ചേക്കേറിയപ്പോൾ ഏകദൈവസിദ്ധാന്തത്തിൽ അടിയുറച്ചുവിശ്വസിക്കുന്ന വിശ്വാസികൾ ദുഃഖിതരാവുകയും അങ്ങിനെ വിഗ്രഹാരാധനക്കാരുമായുള്ള സഹവാസം വെടിയുകയും ചെയ്തു. ഈ സംഭവം നടക്കുന്നത് റോമൻ ചക്രവർത്തിയായ ഡീഷ്യസ് (Decius) ന്റെ കാലത്താണ്. അദ്ദേഹം കൃസ്തുമതത്തിന്റെ ബദ്ധശത്രുവും സംഹാരകനുമായിരുന്നു. ബിംബാരാധനയെ നിരാകരിക്കുന്ന കുറച്ചു കൃസ്ത്യാനി യുവാക്കൾ ബിംബങ്ങളെ ആരാധിക്കാതിരുന്ന കാരണത്താൽ അവരെ വിലങ്ങ് വച്ചു അധികാരികൾ റോമൻ ചക്രവർത്തി ഡീഷ്യസിന്റെ മുമ്പാകെ ഹാജരാക്കി. അദ്ദേഹം അവരോട് അവരുടെ തീരുമാനത്തെപറ്റി പുനർവിചിന്തനം ചെയ്യാനും മാറ്റം വരുത്താനും ആവശ്യപ്പെടുകയുണ്ടായി. അതിനുശേഷം അദ്ദേഹം ഒരു യാത്ര പുറപ്പെട്ടു. വിശ്വാസികളായ ഈ യുവാക്കൾ രാജാവിന്റെ ആജ്ഞ സ്വീകരിക്കുന്നതിനുപകരം അവരുടെ വിശ്വാസത്തെ സംരക്ഷിക്കാൻ വേണ്ടി ഒരു ഗുഹയിൽ അഭയം തേടുകയുണ്ടായി. രാജാവ് യാത്ര കഴിഞ്ഞ് പ്രസ്തുത യുവാക്കളെ തന്റെ സന്നിധിയിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടു. യുവാക്കളാണെങ്കിൽ അവർ പിടിക്കപ്പെട്ടുപോകുമെന്നും തദ്വാരാ കൊല്ലപ്പെട്ടുപോകുമെന്നും ഭയപ്പെട്ട് അവർ ദൈവത്തോടു വളരെ ഹൃദയസ്പൃക്കായി പ്രാർത്ഥന നടത്തി. പ്രസ്തുത പ്രാർത്ഥനക്ക് ശേഷം അവർ ഗാഢനിദ്രയിൽ പതിക്കുകയുണ്ടായി. അവരുടെ വീട്ടു സാമഗ്രികളെല്ലാം സമീപത്തുണ്ടായിരുന്നു. അവരുടെ നായ ഗുഹാമുഖത്ത് കാത്തിരിപ്പുണ്ടായിരുന്നു. അന്വേഷണക്കാർ ഗുഹാമുഖത്ത് എത്തിയെങ്കിലും അതിനകത്ത് കടക്കാൻ അവർ ഭയന്നു. രാജാവ് ബന്ധപ്പെട്ടവരുമായി ആലോചിച്ചു. ഗുഹാമുഖം അടച്ചുകൊണ്ടുള്ള ഒരു ചുമർ പണിയുകയുണ്ടായി. (മ ആനി) (Vol. 5 P. 16)

മറ്റൊരു കഥ ഇങ്ങിനെയാണ്: യേശുവിന്റെ ഒരു അപ്പോസ്തലൻ ഒരു പട്ടണത്തിൽ പ്രവേശിച്ചു. അവിടെയുള്ള ഭരണാധിപന്റെ ആജ്ഞ ഏതൊരാൾ അവിടെ പ്രവേശിക്കുന്നുവോ ആ പട്ടണമുഖത്തുള്ള ബിംബത്തിന്റെ മുമ്പിൽ സാഷ്ടാംഗ പ്രമാണം നടത്തണം എന്നായിരുന്നു. രാജാവിന്റെ പ്രസ്തുത ആജ്ഞയെ അപ്പോസ്തലൻ നിരാകരിച്ചു. അതിനുപുറമെ അദ്ദേഹം ബിംബാരാധനക്ക് എതിരെ പ്രചാരണം നടത്തുകയും ചെയ്തു. അതിന്റെ ഫലമായി നിരവധി ആളുകൾ കൃസ്തുമതം ആശ്ലേഷിക്കുകയുണ്ടായി. ഒരു ദിവസം രാജാവിന്റെ മകനും ഒരു കുളിസ്ഥലത്തിന്റെ ഉടമയും തമ്മിൽ സംഘട്ടനം ഉണ്ടാവുകയും അതിൽ ഭരണാധിപന്റെ മകൻ മരിക്കുകയും ചെയ്തു. കുളിസ്ഥലത്തിന്റെ ഉടമ ഉടനെ സ്ഥലം വിട്ടു. കൃസ്തുമതം ആശ്ലേഷിച്ച ഒരു ജന്മിയും കുറച്ചു യുവാക്കളും പിടിക്കപ്പെട്ടുപോകുമെന്ന ഭയത്താൽ സ്ഥലം വിട്ടിരുന്നു.

ഇവരെല്ലാം ചേർന്നു ഒരു ഗുഹയിൽ അഭയം പ്രാപിച്ചു. തുടർകഥകളെല്ലാം മേലെ എഴുതിയതുപോലെ (ഇബ്നു ഇഷ്ഹാക് – മ ആനി Vol. 5 P. 19).

മൂന്നാമതായി, ഇബ്നു അബ്ബാസിന്റെ ഒരു റിപ്പോർട്ട് ആണ്.

റോമക്കാർക്ക് എതിരായ ഒരു യാത്രാവേളയിൽ അവർ അസ്ഹാബുൽ കഹ്ഫ് (ഗുഹാ നിവാസികൾ) താമസിച്ചിരുന്നു എന്ന് പറയപ്പെടുന്ന ഒരു ഗുഹ കണ്ടിരുന്നു. ആ സംഘത്തിൽ മുആവിയയും ഉണ്ടായിരുന്നു. മുആവിയ തന്റെ കൂടെ ഉണ്ടായിരുന്ന ചിലരെ പ്രസ്തുത ഗുഹയിൽ കടന്നു ചെല്ലാനയച്ചു. പക്ഷെ ഒരു കൊടുങ്കാറ്റ് പെട്ടെന്ന് രൂപം കൊണ്ടതു കൊണ്ട് അവർക്ക് അതിന്റെ അകത്തു കടക്കാൻ സാധിച്ചില്ല. മറ്റൊരു നിവേദനത്തിൽ ഇബ്നു അബ്ബാസ് ഏതാണ്ട് 300 കൊല്ലം പഴക്കമുള്ള ഗുഹാനിവാസികളുടെ ശേഷിപ്പുകൾ കണ്ടതായി പറയുന്നു. (മൻതൂർ Vol. 4. P. 22, 214).

നാലാമതായി അബുഹയ്യാന്റെ ഒരു നിവേദനമാണ്: സ്പെയിനിൽ ഒരു ഗുഹ ഉണ്ടെന്നും അതിൽ ഗുഹാനിവാസികളുടെ ജഢങ്ങളും അവരുടെ നായയുടെ ജഢവും ഉണ്ടെന്ന് ഊഹിക്കപ്പെടുന്നതായി അദ്ദേഹം പറയുന്നു. ഇബ്നു അബ്ദുൽ അത്തിയ്യയുടെ ഒരു നിവേദനം അസ്ഹാബുൽ കഹ്ഫിന്റെ നാനൂറോ അഞ്ഞൂറോ കൊല്ലം പഴക്കമുള്ള ജീവനില്ലാത്ത ജഢങ്ങൾ ഗ്രാനിഡ (Granada) യുടെ സമീപത്തായി ഒരു നഗരാവശിഷ്ടങ്ങൾക്കിടയിൽ കാണാൻ സാധിച്ചു. ആ സ്ഥലം അറിയപ്പെട്ടിരുന്നത് ഡിഷ്യസിന്റെ നഗരമെന്നാണ്. അവിടെയാണ് പ്രസ്തുത ഗുഹ. അതിൽ കല്ലുകൊണ്ടുകെട്ടിയ ഖബറുകളും ഉണ്ട്. (മുഹിത്ത് (Vol. 6 P. 102). ഇവരെ കൂടാതെ ഇബ്നു കാതിർ, അബ്ദുൽ റസ്സാക്ക്, ഇബ്നു ഹാത്തിം എന്നിവർ ദുരി മൻതൂർ എന്ന ഗ്രന്ഥത്തിൽ ഈ കഥ ഒരേ രീതിയിൽ വിവരിക്കുന്നു. Vol. 4 P. 224 അതിൽ ഇബ്നു ഖാതിർ ഇബ്നു അബ്ബാസിന്റെ നിവേദനത്തെ അടിസ്ഥാനപ്പെടുത്തി ഗുഹാനിവാസികളുടെ പേര് പോലും എഴുതി ചേർത്തിട്ടുണ്ട്.

ഇനി മറ്റൊരു പരാമർശം. റോമൻ സാമ്രാജ്യത്തിന്റെ ശിഥിലീകരണവും പതനവും (The Decline and Falls of Roman Empire) എന്ന പുസ്തകത്തിന്റെ കർത്താവായ എഡ്വേർഡ് ഗിബ്ബന്റെതാണ്. 'നിദ്രയിലാണ്ട ഏഴു പേർ' (Seven sleepers) എന്ന കഥയിലാണ് ഈ കാര്യം പ്രതിപാദിച്ചിട്ടുള്ളത്. ഗിബ്ബൺ തന്റെ ഈ ചരിത്ര സമാഹാരത്തിൽ ഗുഹാനിവാസികളുടെ ചരിത്രത്തെ പറ്റി ഒരു സൂചന നൽകുന്നുണ്ട്. അതിൽ അദ്ദേഹം എഴുതുന്നു: ഭരണാധിപനായ ഡീഷ്യസ് (Decius) കാലത്ത് കൃസ്ത്യാനികൾ പീഡിപ്പിക്കപ്പെട്ടിരുന്നു. എഫേസൂസ് (Ephesus) ക്കാരായ ഏഴു യുവാക്കൾ അവരുടെ വിശ്വാസ സംരക്ഷണത്തിനായി ഒരു കുന്നിന്റെ പാർശ്വത്തിൽ സ്ഥിതിചെയ്യുന്ന വിശാലമായ ഒരു ഗുഹയിൽ അഭയം പ്രാപിച്ചു. ഈ വിവരം അറിഞ്ഞ സ്വേച്ഛാധിപതിയായ രാജാവ് പ്രസ്തുത ഗുഹാമുഖം വലിയ കല്ലു കൊണ്ടു അടച്ചുകളഞ്ഞു. അവരെ നിശ്ശേഷം ഇല്ലായ്മ ചെയ്യാനായിരുന്നു ക്രൂരനായ അദ്ദേഹത്തിന്റെ ഉദ്ദേശ്യം. ഗുഹാനിവാസികൾ അപ്പോൾ തന്നെ ഗാഢനിദ്രയിൽ ആണ്ടുപോയി. പ്രസ്തുത ഗുഹവാസം ഏതാണ്ട് 197 കൊല്ലം നീണ്ടുപോയി. ഈ ഉറക്കം അവരുടെ ആരോഗ്യസ്ഥിതിയിൽ യാതൊരുമാറ്റവും ഉണ്ടാക്കിയില്ല. ഗുഹ സ്ഥിതി ചെയ്തിരുന്ന കുന്നിൻ പ്രദേശം അഡോളിയൂസിന്റെ (Adolius) അടിമകൾക്ക് കുടുംബസ്വത്തായി ലഭിച്ചിരുന്നു. അവർ ഗുഹാമുഖത്തുള്ള കല്ലുകൾ നീക്കം ചെയ്തു. സൂര്യവെളിച്ചം ഗുഹയിൽ പ്രവേശിച്ചു. ഗുഹാനിവാസികൾ ഉറക്കത്തിൽ നിന്നും മുക്തരായി. അവർ ഏതാണ്ടു കുറച്ചു മണിക്കൂറുകളെ ഉറങ്ങിയുള്ളുവെന്നാണ് അവരുടെ ധാരണ. വിശപ്പു തോന്നുകയാൽ അവരിൽ ഒരാൾ പട്ടണത്തിൽ അപ്പം വാങ്ങാൻ പോയി. അപ്പോൾ പട്ടണത്തിന്റെ കവാടത്തിൽ തന്നെ അദ്ദേഹത്തിന് വലിയ ഒരു കുരിശ് ദർശിക്കാൻ സാധിച്ചു. അദ്ദേഹത്തിന് പരിചയമുള്ള സ്ഥലവും കമ്പോളങ്ങളുമെല്ലാം മാറിയതായി അദ്ദേഹം കണ്ടു. അദ്ദേഹത്തിന്റെ കയ്യിലുണ്ടായിരുന്നത് (ഡിഷ്യൂസിന്റെ തലയുള്ള നാണയമായിരുന്നു. അദ്ദേഹത്തിന്റെ വസ്ത്രം നീളത്തിലുള്ള ഒറ്റക്കുപ്പായമായിരുന്നു. ഇതൊക്കെ കണ്ട് സംശയം തോന്നിയ അപ്പം വില്പനക്കാരൻ അദ്ദേഹത്തെ പിടിച്ചു മജിസ്ട്രേട്ടിന്റെ മുമ്പാകെ ഹാജരാക്കി. മജിസ്ട്രേറ്റിന്റെ മുമ്പിൽ ഹാജരാക്കിയ ഈ ഗുഹാനിവാസികൾ സംഭവങ്ങൾ വിവരിക്കുകയുണ്ടായി. പ്രസ്തുത സംഭവങ്ങൾ നടന്നിട്ട് രണ്ടു നൂറ്റാണ്ടുകളായി. ഇപ്പോഴത്തെ രാജാവിന്റെ പേർ തിയോഡോഷ്യസ് എന്നാണ്. അദ്ദേഹവും ജഡ്ജിയും മറ്റു ഭരണാധിപന്മാരും ബിഷപ്പും ജനങ്ങളുമെല്ലാം ആ ചരിത്രം ശ്രവിച്ചു വികാരഭരിതരാവുകയും അവരെല്ലാവരും പ്രസ്തുത ഗുഹയിലേക്ക് പോവുകയും ഗുഹയിലുണ്ടായിരുന്ന മറ്റു ആറുപേരെയും കൂടി കാണുകയുണ്ടായി. അവരിൽ നിന്നെല്ലാം അവരുടെ ചരിത്രം ആരായുകയും അതിനുശേഷം അവരൊക്കെ മരണമടയുകയും ചെയ്തു (The Decline and Falls of Roman Empire. Chapter. 33).

■

## നാശം മനുഷ്യകരങ്ങൾ കൊണ്ട് തന്നെ

മനുഷ്യരുടെ കൈകൾ പ്രവർത്തിച്ചതിന്റെ ഫലമായി കരയിലും കടലിലും നാശം വെളിപ്പെട്ടിരിക്കുന്നു. തൽഫലമായി അവൻ പ്രവർത്തിച്ചതിൽ ചിലതിന്റെ ഫലം അല്ലാഹു അവരെ അനുഭവിപ്പിക്കുന്നു. അവർ മടങ്ങുന്നതിനുവേണ്ടി.

**വി. ഖുർആൻ(30:42)**

ലേഖനം

### ഇന്ത്യയും പാകിസ്താനും ഭരണഘടനാപരമായി ആരാണ് ഇസ്‌ലാമിനോടടുത്ത് നിൽക്കുന്നത്? – 4

# പാകിസ്താനിലെ മതനിന്ദാ നിയമം

**എ.എം. മുഹമ്മദ് സലീം**

**മതനിന്ദക്ക് വധശിക്ഷ എന്ന പാകിസ്താനിലെ ശരീഅത്ത് നിയമം ഇസ്‌ലാമിനെതിരാണെന്ന് മാത്രമല്ല മനുഷ്യത്വ വിരുദ്ധവുമാണ്. മതനിന്ദക്ക് ഇസ്‌ലാം യാതൊരു ശിക്ഷയും അനുശാസിക്കുന്നില്ല.**

1980–ലാണ് പട്ടാള സ്വേച്ഛാധിപതിയായ ജനറൽ മുഹമ്മദ് സിയാ ഉൽഹഖ് പാകിസ്താനിൽ ഫെഡറൽ ശരീഅത്ത് കോടതി രൂപീകരിച്ചത്. അതോടെ ഭരണകൂടത്തിൽ മുല്ലായിസത്തിന് മേൽകൈ ലഭിച്ചു. പട്ടാള അട്ടിമറി നടത്തി 1978–ൽ അധികാരം പിടിച്ചുപറ്റിയ അവസരത്തിൽ തന്നെ പാകിസ്താനിലെ മതമൗലികവാദികളെ പ്രീണിപ്പിക്കാൻ പി.സി. 220ാം ഓർഡർ പ്രകാരം ശരീഅത്ത് ബഞ്ച് സ്ഥാപിക്കാമെന്ന് ജനറൽ സിയാഉൽഹഖ് വാഗ്ദാനം ചെയ്തിരുന്നു. ഇതിനെ ഏറ്റവും കൂടുതൽ ആഹ്ലാദപൂർവ്വം സ്വാഗതം ചെയ്തത് ജമാഅത്തെ ഇസ്‌ലാമി സ്ഥാപകനായ മൗലാനാ അബുൽ അഅ്‌ലാ മൗദൂദിയാണ്. ജമാ അത്തെ ഇസ്‌ലാമി ഈ വാഗ്ദാനം കൊണ്ട് മാത്രം തൃപ്തരായില്ല. അന്നത്തെ പാകിസ്താൻ ജമാഅത്തെ ഇസ്‌ലാമി അമീർ, മിയാൻ തുഫൈയിൽ മുഹമ്മദ് ശരീഅത്ത് കോടതികൾക്ക് ഭരണഘടനാപരമായ അംഗീകാരം വേണമെന്ന് ശക്തിയായി വാദിച്ചു. ഈ ആവശ്യം അംഗീകരിച്ചുകൊണ്ട് ജനറൽ സിയ ഭരണഘടന ഭേദഗതി ചെയ്യുകയും ശരീഅത്ത് ഓർഡർ ഭരണഘടനയുടെ IIIA മുതൽ VII വരെയുള്ള ഭാഗമാക്കി എഴുതിച്ചേർക്കുകയുമുണ്ടായി. ഈ ഫെഡറൽ ശരീഅത്ത് കോടതി ഇതുവരെ 55ഓളം ഫെഡറൽ നിയമങ്ങളും 212 പ്രവിശ്യാ അസംബ്ലി നിയമങ്ങളും ഇസ്‌ലാമിക വിരുദ്ധമാണെന്ന് പറഞ്ഞ് റദ്ദാക്കുകയുണ്ടായി.

ശരീഅത്ത് കോടതി രൂപീകരിച്ച സിയാഉൽ ഹഖ് പ്രസ്തുത കോടതികൾക്ക് 1949–ലെ ഒറിജിനൽ ഒബ്ജക്റ്റീവ് റിസല്യൂഷന്റെ അടിസ്ഥാനത്തിൽ തന്നെ ഭരണഘടനാപരമായി പ്രാബല്യം നൽകാൻ തീരുമാനിച്ചു. പഴയ ഒരു തീരുമാനം താൻ നടപ്പാക്കുന്നു എന്നു വരുത്താനായിരുന്നു ഇത്. ഇതിനായി 1984ൽ ഒരു പ്രത്യേക പ്രസിഡൻഷ്യൽ ഓർഡറിലൂടെ പാർലിമെന്റിനോട് ആവശ്യപ്പെട്ടു.

'മുസ്‌ലിംകൾ അവരുടെ ജീവിതം വ്യക്തിപരമായും സാമൂഹ്യമായും ഖുർആനും സുന്നത്തിനും അനുസൃതമായ രീതിയിൽ ക്രമീകരിക്കാൻ സാധിക്കണം ' എന്നതായിരുന്നു 1949 ഒബ്ജക്റ്റീവ് റിസല്യൂഷനിലെ പ്രമേയം. സിയാഉൽഹഖ് മറ്റൊരു ഭേദഗതി കൂടി നിർദ്ദേശിച്ചിരുന്നുവെങ്കിലും അത് എന്തുകൊണ്ടോ പാസ്സായില്ല. ഖുർആനും സുന്നത്തിനും അടിസ്ഥാനമാക്കിയുള്ള ഇസ്‌ലാമിക നിയമങ്ങൾ പാകിസ്താനിലെ പരമോന്നത നിയമമായിരിക്കണമെന്നും, പാർലമെന്റിലേയും പ്രൊവിൻഷ്യൽ അസംബ്ലിയുടേയും നിയമനിർമ്മാണങ്ങളും, രാജ്യത്തിന്റെ നയരൂപീകരണങ്ങളും ഇതിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്നുമുള്ള ഭരണഘടനാഭേദഗതിയായിരുന്നു നടക്കാതെ പോയ സിയാ ഉൽ ഹഖിന്റെ സ്വപ്നങ്ങൾ.

മുല്ലായിസത്തിന്റെ പടുയാഥാസ്ഥിതികത്വവും മതഭ്രാന്തും ഇസ്‌ലാമിന്റെ പേരിൽ പാകിസ്താൻ ഭരണഘടനക്ക് മേൽ അടിച്ചേല്പ്പിക്കാനായിരുന്നു സിയായുടെ പദ്ധതി. നിയമനിർമ്മാണ സഭകളിൽവെച്ച് നീതിയുടെ സ്പിരിറ്റ് ഉൾക്കൊണ്ട് ചർച്ചകളിലൂടേയും ഭേദഗതികളുടേയും വിട്ടു

വീഴ്ചയുടേയും അടിസ്ഥാനത്തിൽ ജനപ്രതിനിധികൾ രൂപീകരിക്കുന്ന നിയമ ങ്ങൾക്ക് പകരം ദൈവികമാണെന്നും പറഞ്ഞ് മുല്ലമാരുടെ മനോവൈകൃതങ്ങൾ കർശനമായ നിയമങ്ങളായി വരുന്നത് എത്രമാത്രം ദുസ്സഹമായിരിക്കും!

വിപുലമായ അധികാരങ്ങളോടെ ഭരണഘടനാപ്രാബല്യം ലഭിച്ച പാകിസ്താനിലെ ശരീഅത്ത് കോടതി പാർലമെന്റിന്റെ നിയമോപകരണം എന്ന നിലക്ക് 1984–ൽ ഒരുകൂട്ടം നിയമങ്ങൾ പാസാക്കുകയുണ്ടായി. മതനിന്ദാനിയം, ഖുർആനെ നിന്ദിക്കുന്നതിനെതിരെയുള്ള നിയമം, റസൂൽ തിരുമേനിയെയോ കുടുംബത്തേയോ സഹാബിമാരേയോ നിന്ദിക്കുന്നതിനെതിരെയുള്ള നിയമം, അഹ്മദികളെ പ്രത്യേകമായി ലക്ഷ്യംവെച്ചുകൊണ്ടുള്ള ഇരുപതാം ഓർഡിനൻസ് എന്നിവയായിരുന്നു അവ. മതനിന്ദാനിയമത്തെപറ്റി നമുക്ക് ഹ്വസ്വമായൊന്നു വിശകലനം ചെയ്യാം.

## മതനിന്ദാ നിയമം

മതനിന്ദ ഒരു പാപമാണ്. എല്ലാ സമൂഹങ്ങളിലും ദൈവത്തിലേക്ക് ക്ഷണിച്ചുകൊണ്ട് മതപുരുഷന്മാരെ അല്ലാഹു നിയോഗിച്ചിട്ടുണ്ടെന്ന് ഖുർആൻ പറയുന്നു. എല്ലാ മതങ്ങളും ദൈവത്തിൽ നിന്നുൽഭവിച്ചവയാണെന്നാണ് ഇസ്ലാമിക സങ്കല്പം. മഹാന്മാരായ ആ മതപുരുഷന്മാരെ നിന്ദിക്കുന്നത് വാസ്തവത്തിൽ പാപമായി ഇസ്ലാം കരുതുന്നു. അത്തരം മതപുരുഷന്മാരുടെ അഥവാ പ്രവാചകന്മാരുടെ യഥാർത്ഥ അദ്ധ്യാപനങ്ങൾ ഉൾക്കൊള്ളുന്നതിന് പകരം അവരുടെ ദൗത്യത്തിന് വിപരീതമായ രീതിയിൽ മിക്ക മതങ്ങളും അവരെ സമീപിക്കുന്നതായി ഇസ്ലാം കാണുന്നു. അതായത് ദൈവത്തിലേക്ക് നയിക്കാൻ മനുഷ്യർക്ക് മാതൃകയായി മനുഷ്യർക്കിടയിൽ ജീവിച്ച പ്രവാചകന്മാരെത്തന്നെ ദൈവമായി സങ്കൽപ്പിച്ച് ആരാധനാമൂർത്തിയാക്കുന്നതിനോട് ഇസ് ലാം വിയോജിക്കുന്നു. ഈ ബ്രഹ്മാണ്ഡ കടാഹം സൃഷ്ടിച്ച് പരിപാലിക്കുന്ന സ്രഷ്ടാവായ ദൈവത്തിന്റെ ഉണ്മയും, ഗുണങ്ങളും, പ്രവർത്തനങ്ങളും മനുഷ്യൻ അതിന്റെ മഹിതഭാവത്തിൽ തിരിച്ചറിയപ്പെടണമെന്ന് ഇസ്ലാം ആത്മാർത്ഥമായി ആഗ്രഹിക്കുന്നു.

മതങ്ങൾ തമ്മിലുള്ള ദാർശനികവും, ദൈവശാസ്ത്രപരവുമായ ഇത്തരം വിയോജിപ്പുകളിൽ ഏറ്റവും നല്ലനിലയിൽ ആശയസംവാദം നടത്താനാണ് ഇസ്ലാമിന്റെ നിർദ്ദേശം. ഖുർആൻ പറയുന്നു. "തത്വജ്ഞാനവും സദുപദേശവും കൊണ്ട് നിന്റെ നാഥന്റെ മാർഗ്ഗത്തിലേക്ക് നീ ക്ഷണിക്കുക. ഏറ്റവും ഉത്കൃഷ്ടമായ രീതിയിൽ അവരോട് സംവാദം നടത്തുകയും ചെയ്യുക. തന്റെ മാർഗ്ഗത്തിൽ നിന്നും വ്യതിചലിച്ചുപോകുന്നവനെ സംബന്ധിച്ച് അല്ലാഹു നന്നായി അറിയുന്നവനാണ് നേർമാർഗ്ഗം പ്രാപിച്ചവനേയും അവൻ നന്നായി അറിയുന്നു. (10:120).

അന്യമതസ്ഥരുടെ ആരാധനാമൂർത്തികളോടും, ആരാധനാസമ്പ്രദായത്തോടും അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ തന്നെ അധിക്ഷേപിച്ചുകൊണ്ടോ നിന്ദിച്ചുകൊണ്ടോ ഒരു വാക്കുപോലും ഉച്ചരിക്കാൻ ഇസ്ലാം അനുവദിക്കുന്നില്ല. ഖുർആൻ പറയുന്നു. 'അല്ലാഹുവിന് പുറമെ അവർ മറ്റാരെ വിളിച്ചു പ്രാർത്ഥിക്കുന്നുവോ അവരെ നിങ്ങൾ ശകാരിക്കരുത് അപ്പോൾ ശത്രുത നിമിത്തം അവർ അറിവില്ലാതെ അല്ലാഹുവിനെ ശകാരിച്ചേക്കും. ഇപ്രകാരം എല്ലാ സമുദായവും അവരവരുടെ പ്രവർത്തനങ്ങൾ അലംകൃതമായി കാണുന്നു. പിന്നീട് അവന്റെ നാഥന്റെ അടുക്കലേക്ക് തന്നെയാണ് അവരുടെ മടക്കം. അപ്പോൾ അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെ സംബന്ധിച്ച് അവർക്ക് അവൻ വിവരം നൽകുന്നതാണ്' (6:109). അല്ലാഹുവിനെ ശകാരിക്കുന്നത് കേൾക്കാൻ മുസ്ലിംങ്ങൾ ഒരിക്കലും ഇഷ്ടപ്പെടുന്നില്ല. ഈയൊരു ബോധത്തെ ഉണർത്തിക്കൊണ്ട്, എല്ലാ മതവിശ്വാസികൾക്കും അവരവരുടെ ആരാധനാമൂർത്തികളും ആരാധനാസമ്പ്രദായങ്ങളും പ്രിയപ്പെട്ടവയും പവിത്രവുമാണെന്ന അദ്ധ്യാപനമാണ് ഖുർആൻ മുസ്ലിംകൾക്ക് നൽകുന്നത്. പരലോകവുമായി ബന്ധപ്പെട്ട ആരാധനയുടെ കണക്ക് നോക്കൽ അല്ലാഹുവിന്റെ പരിധിയിൽപ്പെട്ടതാണ്. അതുകൊണ്ട് വിശ്വാസികൾ തമ്മിൽ അതിന്റെ പേരിൽ കലഹിക്കരുത് എന്ന പൊതു തത്വം ഖുർആൻ അതിന്റെ വായനക്കാരെ ഓർമ്മിപ്പിക്കുന്നു. മതനിന്ദ വികാരസാന്ദ്രമായ വിശ്വാസികളുടെ ഭാവുകത്വത്തെ വ്രണപ്പെടുത്തുകയും കലാപങ്ങൾക്കും കലഹത്തിനും കാരണമാകുകയും ചെയ്യും. രാജ്യത്തെ ക്രമസമാധാന പാലനത്തിലെ ചട്ടങ്ങളുപയോഗിച്ച് അത് നിയന്ത്രിക്കാവുന്നതാണ്. ആത്മീയ, ധാർമ്മിക, സാമൂഹ്യ മൂല്യങ്ങളോടുള്ള തുറന്ന സംഘട്ടനം എന്ന നിലക്ക് മതനിന്ദ തികച്ചും അപലപനീയമാണ്. പക്ഷേ മതനിന്ദക്കെതിരെ നിയമനിർമ്മാണം നടത്തുന്നതിനോടു മതങ്ങളെ ബഹുമാനിക്കുന്ന ഇസ്ലാം യോജിക്കുന്നില്ല എന്നതാണ് വാസ്തവം. മതനിന്ദയോട് ഭരണകൂടങ്ങൾ സ്വീകരിക്കേണ്ട നിലപാടെന്തായിരിക്കണമെന്നതിന്റേയും ഇസ്ലാം മതത്തിൽ ഇത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശം എന്താണെന്നതിന്റെയും അടിസ്ഥാനത്തിൽ പാക്കിസ്താൻ ഭരണകൂടം നടപ്പാക്കിയ മതനിന്ദാനിയമത്തെപറ്റി നമുക്ക് അല്പം ചർച്ച ചെയ്യാം.

പാക്കിസ്താനിൽ ആർട്ടിക്കിൾ 295–സി പ്രകാരം മത നിന്ദക്കെതിരെയുള്ള നിയമം ഇങ്ങിനെയാണ്. ''വാക്കുകൊണ്ടോ എഴുത്തുകൊണ്ടോ പ്രവൃത്തികൊണ്ടോ ദൃശ്യപ്രതീകങ്ങൾ കൊണ്ടോ വ്യംഗ്യമായോ പ്രകടമായോ പ്രത്യക്ഷമായോ പരോക്ഷമായോ മുഹമ്മദ് നബി (സ) യെ നിന്ദിക്കുന്നയാൾക്ക് ജയിൽ ശിക്ഷയും ജീവപര്യന്തം ശിക്ഷയും ലഭിക്കുന്നതായിരിക്കും".

വിശുദ്ധ ഖുർആനെതിരെയുള്ള നിന്ദയെ ചെറുക്കാനുള്ള നിയമം

ആർട്ടിക്കിൾ 295 – ബി, ഇപ്രകാരമാണ്. " ഒരാൾ വിശുദ്ധ ഖുർആനെയോ അതിൽ നിന്നുള്ള പാഠഭാഗങ്ങളേയോ ബോധപൂർവ്വം നിന്ദിക്കുകയോ കളങ്കപ്പെടുത്തുകയോ നിയമവിരുദ്ധമാർഗ്ഗങ്ങൾക്കായി ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ജീവപര്യന്തം ശിക്ഷ ലഭിക്കുന്നതായിരിക്കും".

മുല്ലമാരും, പാകിസ്താനിലെ പട്ടാള സ്വേച്ഛാധിപതി സിയാഉൽ ഹഖും നിർമ്മിച്ച ഈ നിയമം ഇസ്‌ലാമിക വിരുദ്ധമാണ്. കാരണം ഒന്നാമതായി ഈ നിയമം തികച്ചും പക്ഷപാതപരമാണ്. മുസ്‌ലിംകളുടെ മതവികാരത്തിന് ലഭിക്കുന്ന പരിരക്ഷ ന്യൂനപക്ഷമായ ക്രിസ്ത്യാനികൾക്കോ, ഹിന്ദുക്കൾക്കോ സിക്കുകാർക്കോ, അമുസ്‌ലിംകളെന്ന് പാക്കിസ്താനിലെ മുല്ലായിസം മുദ്രകുത്തിയ അഹ്മദികൾക്കോ ലഭിക്കുന്നില്ല. 1927–ലെ മതനിന്ദാനിയമമാണ് മറ്റു മതസ്ഥർക്ക് വേണ്ടി വ്യവസ്ഥ ചെയ്തിട്ടുള്ളത്. സെക്കുലർ സ്വഭാവമുള്ള ആർട്ടിക്കിൾ 295–എ എന്ന ഈ പൊതുനിയമം അനുശാസിക്കുന്നത്.

"ഒരാൾ കരുതിക്കൂട്ടിയോ ബോധപൂർവ്വമോ പാക്കിസ്താൻ പൗരന്റെ മതവികാരത്തെ വാക്കുകൊണ്ടോ എഴുത്തുകൊണ്ടോ, ദൃശ്യപ്രതീകങ്ങൾ ക്കൊണ്ടോ വ്രണപ്പെടുത്തുന്നതായാൽ രണ്ടുകൊല്ലം വരെയുള്ള തടവോ പിഴയോടുകൂടിയ തടവോ ലഭിക്കുന്നതാണ്" – മുസ്‌ലിംകൾക്കും അമുസ്‌ലിംകൾക്കുമായുള്ള മതനിന്ദാനിയമങ്ങളിലെ പക്ഷപാതിത്വം ഇവിടെ വളരെ പ്രകടമാണ്. മുസ്‌ലിംകളുടെ മതവികാരം വ്രണപ്പെട്ടാൽ വധശിക്ഷയും മറ്റുള്ളവരുടെ മതവികാരം വ്രണപ്പെട്ടാൽ രണ്ട് കൊല്ലത്തെ ലഘു ശിക്ഷയും! അഹ്മദികൾ പ്രവാചകനായി ആദരിക്കുന്ന ഹസ്രത്ത് അഹ്മദ് (അ)നെതിരെ എന്ത് വ്യാജവും വൃത്തികേടുകളും നിന്ദാരൂപത്തിൽ പ്രചരിപ്പിക്കുന്നതും കള്ളം പറയുന്നതും പുണ്യം ലഭിക്കുന്ന കാര്യങ്ങളാണെന്നാണ് മുല്ലമാരുടെ നിലപാട്. ആരോടും പ്രീണനമില്ലാതെ നീതിയെ മുറുകെ പിടിക്കണമെന്ന് പഠിപ്പിച്ച ഇസ്‌ലാമിൽ മുല്ലായിസത്തിന്റെ സഹജ ദൗർബല്യമായ സ്വജനപക്ഷപാതവും അന്യമതവിരോധവും കുത്തിതിരുകി പാകിസ്താനിൽ നിയമമാക്കി മാറ്റിയിരിക്കുകയാണ്. ഖുർആൻ പറയുന്നു: ''ജനങ്ങൾക്കിടയിൽ വിധി നടത്തുമ്പോൾ നിങ്ങൾ നീതിപൂർവ്വം വിധി നടത്തുവിൻ. അല്ലാഹു നിങ്ങളെ ഉപദേശിക്കുന്നത് എത്ര മഹത്തരം' (4:59). തുല്യനീതിയുടെ തത്ത്വങ്ങൾ ആവിഷ്കരിച്ച ഖുർആന്റെ മഹത്തായ ഒരു വചനം ഇങ്ങിനെയാണ് 'മനുഷ്യരിൽ ചിലർക്ക് മറ്റുചിലരെ ക്കൊണ്ട് അക്രമണത്തിൽ നിന്നും സ്വയം രക്ഷിക്കുന്നതിന് അല്ലാഹു അനുമതി നൽകിയില്ലായിരുന്നുവെങ്കിൽ സന്യാസിമഠങ്ങളും, ക്രിസ്തീയ ദേവാലയങ്ങളും, ജൂതപള്ളികളും മുസ്‌ലിം പള്ളികളും എല്ലാം തകർക്കപ്പെടുമായിരുന്നു' (22:41). ഈ വചനത്തിൽ എല്ലാ മതസ്ഥരുടേയും ആരാധനാലയങ്ങൾ പവിത്രമാണെന്നും അത് സംരക്ഷിക്കാൻ ഒരു മുസ്‌ലിം ഭരണകൂടത്തിന് ബാദ്ധ്യതയുണ്ടെന്നുമാണ് വ്യക്തമായി പറയുന്നത്. ഇവിടെ സംരക്ഷിക്കപ്പെടേണ്ട ആരാധനാലയങ്ങളിൽ അവസാനത്തേതാണ് മുസ്‌ലിം പള്ളി എന്നതും ശ്രദ്ധേയമാണ്.എന്നിരിക്കെ മുസ്‌ലിം വികാരം വ്രണപ്പെട്ടാൽ വധശിക്ഷയും അന്യരുടെ വികാരം വ്രണപ്പെട്ടാൽ ലഘുശിക്ഷയും എന്ന നയം ഇരട്ടത്താപ്പല്ലേ? ഇത്തരം സമീപനത്തെയാണ് മതപണ്ഡിതന്മാരുടെ മുല്ലായിസം എന്ന് വിളിക്കുന്നത്. ഖുർആൻ പറയുന്നു: 'ഓ വിശ്വാസികളെ നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിന്ന് വേണ്ടി നിലകൊള്ളുക ഒരു സമുദായത്തോടുള്ള വെറുപ്പ് അവരോട് നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. അത് ദൈവഭക്തിയുമായി ഏറ്റവും അടുത്തതാണ്' (5:9).

ഇനി പ്രധാന പ്രശ്നത്തിലേക്ക് വരാം. ഇസ്‌ലാമിൽ മതനിന്ദക്ക് ഒരിക്കലും വധശിക്ഷ വ്യവസ്ഥ ചെയ്തിട്ടില്ല. വധശിക്ഷയെന്നല്ല മതനിന്ദക്ക് യാതൊരു ശിക്ഷയും നിർദ്ദേശിക്കപ്പെട്ടിട്ടില്ല. മതനിന്ദയെ ശിക്ഷ മൂലം തടയാനല്ല ഇസ്‌ലാം അനുശാസിക്കുന്നത്. അത്തരം നിയമങ്ങൾ മനുഷ്യന്റെ ധൈഷണിക സ്വാതന്ത്ര്യത്തിനെതിരേയുള്ള കൈ യ്യേറ്റമായി പരിണമിച്ചേക്കാമെന്ന് ഇസ്‌ലാം ന്യായമായും ഭയപ്പെടുന്നു. മതത്തിനെതിരെയും, മതത്തിന്റെ പേരിൽ ഉള്ളതുമായ കാര്യങ്ങളോടുള്ള ബുദ്ധിപരമായ വിയോജിപ്പും, മാന്യമായ വിമർശനങ്ങൾ പോലും സഹിക്കാനും മറുപടി പറയാനും വികാരജീവികളായ മതവിശ്വാസികളിൽ മിക്കവരും പ്രത്യേകിച്ച് മുല്ലാവർഗ്ഗം കൂട്ടാക്കില്ല. മതനിന്ദാനിമയത്തിന്റെ പേരിൽ ആരോഗ്യകരമായ വിമർശനങ്ങൾ പോലും വധശിക്ഷയർഹിക്കുന്ന കുറ്റമായി മാറ്റാൻ നീതിപീഠത്തിലിരിക്കുന്ന മതത്തിന്റെ വക്താക്കൾക്ക് എളുപ്പമാണ്. ഇസ്‌ലാം ആത്മാർത്ഥമായി ആഗ്രഹിക്കുന്ന മതങ്ങൾ തമ്മിലുള്ള സംവാദങ്ങളും. ആരോഗ്യകരമായ വിമർശനവും ഇത് ഇല്ലാതാക്കുന്നു. അങ്ങിനെ ലഭിക്കേണ്ടുന്ന ധിഷണാപരമായ ഔന്നത്യവും മനോവികാസവും ഇത് മൂലം അന്യം നിന്നുപോകുകയും ചെയ്യും.

പാകിസ്താനിൽ കുപ്രസിദ്ധമായ മതനിന്ദാനിയമം പാസ്സാക്കിയതിനു ശേഷം 1988 ഏപ്രിൽ 27ാം തിയ്യതി സൽമാൻ റുഷ്ദിയുടെ 'സാത്താനിക് വേഴ്സസ്' എന്ന ഹീനകൃതിക്ക് അനുകൂലമായി പ്രസ്താവനയിറക്കിയ അയ്യൂബ് മസീഹ് എന്ന ക്രിസ്ത്യൻ യുവാവിനെ പാക്കിസ്താനിലെ ഒരു കീഴ്കോടതി വധശിക്ഷക്ക് വിധിക്കുകയുണ്ടായി. ഇതിനോടുള്ള പ്രതിഷേധം എന്ന നിലക്ക് പാക്കിസ്താനിലെ ഫൈസാബാദിലെ ഡോ. ജോൺ ജോസഫ് എന്നയാൾ കോടതിവളപ്പിൽ വെച്ച് ആത്മാഹുതി നടത്തിയത് ലോകമാധ്യമങ്ങളിൽ വ്യാപകമായി ചർച്ചചെയ്യപ്പെട്ടതാണ്. ഇസ്‌ലാമിന്റെ അസഹിഷ്ണുതക്ക് ഉദാഹരണമായിട്ടാണ് പാശ്ചാത്യ മാധ്യമങ്ങൾ ആ സംഭവം ആഘോഷിച്ചത്. റസൂൽ തിരുമേനി(സ) യെ മറ്റെ

ല്ലാവരെക്കാളും. ഏറ്റവും അഗാധ മായി സ്നേഹിക്കുന്ന അഹ്മദികൾ റസൂൽ തിരുമേനി (സ) നാമം കേൾക്കുമ്പോൾ തിരുമേനിയുടെ മേൽ സ്വലാത്തും സലാമും ഉണ്ടാവട്ടെ എന്ന് പ്രാർത്ഥിക്കാറുണ്ട്. ഇത് കേട്ടാൽ വികാരം വ്രണപ്പെടുന്നവരാണ് പാകിസ്താനിലെ മുല്ലമാർ. ഇങ്ങിനെ വിചിത്ര വികാരമുള്ള മുല്ലമാർ അഹ്മദികൾക്കെതിരെ മത നിന്ദക്ക് കേസെടുക്കുകയും ചെയ്യുന്നു. മതനിന്ദക്ക് ആത്യന്തികശിക്ഷയായ വധശിക്ഷ വ്യവസ്ഥ ചെയ്ത പാക്കിസ്ഥാനിൽ മുല്ലമാരുടെ ഭീകര വാഴ്ചയാണ് നടക്കുന്നത് എന്നതിന് മറ്റൊരു തെളിവുവേണമെന്നില്ല.

മതനിന്ദയെ പരാമർശിച്ച ഭാഗങ്ങളിലെല്ലാം വിശ്വാസികളോട് സംയമനവും ആത്മനിയന്ത്രണവും പാലിക്കാനാണ് ഖുർആൻ ആഹ്വാനം ചെയ്തത്. ഏതെങ്കിലും വിഢികൾ ഇസ്‌ലാം മതത്തേയോ തിരുനബി(സ)യെ കുറിച്ചോ അധിക്ഷേപിക്കുമ്പോഴേക്കും ഹാലിളകി വെളിച്ചപ്പാടായി ഉറഞ്ഞുതുള്ളുന്ന വികാരജീവികളുടെ സമൂഹമല്ല ഇസ്‌ലാം സൃഷ്ടിക്കുന്നത്. ഇസ്‌ലാം അതിന്റെ അനുയായികളുടെ ആത്മീയബലത്തിലും ആത്മസംയമനത്തിലും വിശ്വസിക്കുന്നു. നിന്ദാവചനങ്ങൾ കേട്ടാൽ മുസ്ലിംകളുടെ പ്രതികരണമെന്തായിരിക്കണമെന്നതിനെപ്പറ്റി ഖുർആൻ പറയുന്നു.''അവർ നിരർത്ഥക വചനം കേട്ടാൽ അത് ശണ്ഠക്ക് കാരണമായേക്കാമെന്ന് ശങ്കിച്ച് ഗൗരവത്തോടെ നടന്നുകളയുന്നു. നിസ്സാരസംഗതികൾക്കായി അവർ ശണ്ഠ കൂടുകയില്ല (25:72) യേശുവിന്റെ മാതാവും പരിശുദ്ധയുമായ മർയമിനെക്കുറിച്ച് കടുത്ത അപവാദം പറഞ്ഞുപരത്തുന്ന യഹൂദികളെ പറ്റി ഖുർആൻ പറയുന്നു. ''അവരുടെ അവിശ്വാസവും മർയമിന്റെ പേരിൽ ഗുരുതരമായ അപവാദവും ആരോപിക്കുന്ന കാരണത്താലും.... അവർക്ക് അതിനെ പറ്റി യാതൊരറിവുമില്ല (4:15.7, 150).

'ബുഹ്താനൻ അളീമൻ' (ഗുരുതരമായ അപവാദം) എന്ന് ഖുർആൻ തന്നെ ഈ ഹീന പ്രവർത്തിയെ വിശേഷിപ്പിച്ചിട്ടും ആ നിന്ദക്കെതിരെ എടുക്കേണ്ട യാതൊരു നിയമനടപടികളെക്കുറിച്ചോ ശിക്ഷയെക്കുറിച്ചോ ഖുർആൻ സൂചിപ്പിച്ചിട്ടില്ല. മറ്റൊരു വചനത്തിൽ ഖുർആൻ പറയുന്നു. 'അല്ലാഹുവിന്റെ വചനങ്ങളെ സംബന്ധിച്ച് നിഷേധം പ്രകടിപ്പിക്കുന്നതായും അത് പരിഹസിക്കപ്പെടുന്നതായും നിങ്ങൾ കേൾക്കുന്നതായാൽ നിങ്ങൾ അവരോടൊപ്പം ഇരിക്കരുത് എന്ന് അല്ലാഹു ഈ ഗ്രന്ഥത്തിൽ വിധി ഇറക്കിയിട്ടുണ്ട്' (4:141). മതം നിന്ദിക്കപ്പെടുമ്പോൾ അല്ലാഹുവിന്റെ വിധി അവരുടെക്കൂടെ ഇരിക്കാതെ വിട്ടുനിൽക്കാനാണ് അല്ലാതെ നിന്ദ നടത്തുന്നവനെ കൊന്നുകുഴിച്ചുമൂടാനല്ല.

സത്യം തമസ്കരിക്കപ്പെടുമ്പോഴും പരിശുദ്ധന്മാർ നിന്ദിക്കപ്പെടുമ്പോഴും ബുദ്ധിമാന്മാരും നീതിമതികളും അത് എളുപ്പത്തിൽ തിരിച്ചറിയുന്നു. ഈയൊരു വിവേചനശീലം മനുഷ്യാത്മാവിൽ നിക്ഷേപിച്ചുകൊണ്ടാണ് അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചത്. നിയമങ്ങളും അധികാരവും അതിൽ ഇടപെടേണ്ട ആവശ്യമില്ല. ഖുർആൻ പറയുന്നു. 'മതത്തിൽ ഒരു വിധത്തിലുമുള്ള ബലപ്രയോഗവുമില്ല. തീർച്ചയായും സന്മാർഗ്ഗം ദുർമാർഗ്ഗത്തിൽ നിന്നും വ്യതിരിക്തമായിരിക്കുന്നു. അതിനാൽ ആര് ദുശ്ശക്തികളെ നിരാകരിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ തീർച്ചയായും അവൻ ഏറ്റവും ഉറപ്പുള്ള കൈപ്പിടിയിലാണ് പിടിച്ചിരിക്കുന്നത്. അത് ഒരിക്കലും മുറിഞ്ഞുപോകുന്നതല്ല അല്ലാഹു എല്ലാം കേൾക്കുന്നവനും നല്ലവണ്ണം അറിയുന്നവനുമാണ്' (2:257). ഒരു സത്യാത്മാവിനെ തെറ്റിദ്ധാരണയുടെ അടിസ്ഥാനത്തിൽ നിന്ദിക്കപ്പെടുകയോ വിമർശിക്കപ്പെടുകയോ ചെയ്യുമ്പോൾ അദ്ദേഹത്തെ സ്നേഹിക്കുന്ന അനുയായിവൃന്ദത്തിന് നിന്ദിക്കുകയും വിമർശിക്കുകയും ചെയ്യുന്ന അതേ സ്വാതന്ത്ര്യമുപയോഗിച്ച് അതിന് മറുപടി പറയാൻ തീർച്ചയായും അവകാശമുണ്ട്. ഈയൊരു സ്വതന്ത്രമായ സംവിധാനത്തിലാണ് ഇസ്‌ലാം വിശ്വാസമർപ്പിക്കുന്നത്. ഇത് കൊണ്ടുകൂടിയാണ് മതപുരുഷന്മാരുടെ ബഹുമതി സംരക്ഷിക്കാൻ നിയമത്തിന്റേയും ശിക്ഷയുടേയും മാർഗ്ഗം ഇസ്‌ലാം അവലംബിക്കാത്തത്. നിന്ദ നടത്തിയ അതേ മാർഗ്ഗത്തിൽ തന്നെ അതിന് മറുപടി പറയാനുള്ള സ്വാതന്ത്ര്യവും ഉറപ്പ് വരുത്തുകയാണ് ഭരണകൂടം ചെയ്യേണ്ടത്.

ഐക്യരാഷ്ട്രസഭയുടെ മനുഷ്യാവകാശ ചാർട്ടറിന്റെ ആർട്ടിക്കിൾ 55(സ) ഉം അന്താരാഷ്ട്ര മനുഷ്യാവകാശപ്രഖ്യാപനത്തിലെ ആർട്ടിക്കിൾ 18, 19 എന്നിവയും മനുഷ്യന്റെ അഭിപ്രായപ്രകടനസ്വാതന്ത്ര്യം ഒരവകാശമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിൽ ഒപ്പുവെച്ച പാക്കിസ്താൻ ഒരു കാലത്ത് ഈ ഉദാത്തമൂല്യങ്ങളുടെ ശക്തമായ വക്താവായിരുന്നു. മുല്ലായിസത്തിന്റെ മറ്റൊരു പറുദീസയും മനുഷ്യാവകാശങ്ങളും കശാപ്പുശാലയുമായ സഊദി അറേബ്യയുടെ മനുഷ്യത്വവിരുദ്ധമായ ശരീഅത്ത് നിയമങ്ങൾ ക്കെതിരെ അന്തർദേശീയ വേദികളിൽ വെച്ച് പോരാടിയ ചരിത്രം പാക്കിസ്താനുണ്ട്. പിൻക്കാലത്ത് മുല്ലായിസത്തിന്റെ കരാള ഹസ്തങ്ങളിലേക്ക് ആ രാജ്യം പതിക്കുകയാണുണ്ടായത്.

**(തുടരും)**

■

## ദുരൂഹം അരുത്

നിങ്ങൾ തമ്മിൽ ഹാസ്യപ്പേരുകൾ വിളിക്കരുത്. ഊഹങ്ങളിൽ അധികത്തേയും വർജിക്കുവിൻ നിശ്ചയമായും ഊഹങ്ങളിൽ ചിലത് പാപകരമാകുന്നു. നിങ്ങൾ ദോഷങ്ങളെ ചികഞ്ഞു നോക്കരുത്. നിങ്ങളിൽ ചിലർ മറ്റു ചിലരെ ദുഷിക്കയുമരുത്. അല്ലാഹുവിനെ ഭയപ്പെടുവീൻ. അല്ലാഹു ആർദ്രതയുള്ളവനും കരുണാമയനുമാണ്.

**വി. ഖുർആൻ (49:13)**

# ഇസ്ലാം സ്ത്രീയുടെ നേർമാർഗം

ബി. മൻസൂർ, കോഴിക്കോട്

**സ്ത്രീയുടെ സർവസ്വാതന്ത്ര്യമല്ല സ്ത്രീവിമോചനം. ജീവിതത്തെ ക്രമപ്പെടുത്തുകയും സ്വാസ്ഥ്യം നൽകുകയും ചെയ്യുന്ന ആത്മീയ ജീവിതമാണ് സ്ത്രീ വിമോചനത്തിന്റെ അധിഷ്ഠാനം**

ലോക ചരിത്രത്തിൽ കണ്ണീരിന്റെ നനവാർന്ന അക്ഷരത്തിൽ മാത്രമേ സ്ത്രീയുടെ പേര് കുറിക്കപ്പെട്ടിട്ടുള്ളൂ. കുരുക്ഷേത്രഭൂമിയിൽ ചിതറിക്കിടക്കുന്ന മക്കളുടേയും ബന്ധുക്കളുടേയും ജഡങ്ങൾകണ്ട് കണ്ണിൽ നിന്നും ചോരവാർന്ന ഗാന്ധാരി ഭാരതീയരുടെ ദു:ഖപുത്രിയാണ്. അഞ്ചു ഭർത്താക്കന്മാരുടെ ഭാര്യയായി,ചൂതുകളിയിൽ പണയവസ്തുവായി വസ്ത്രാക്ഷേപം ചെയ്യപ്പെട്ട പാഞ്ചാലി നമുക്ക് ഒരു ദുരന്തനായികയാണ്. ഭർത്താവിനാൽ പരിത്യക്തയായ് കൊടുംവനത്തിലെ ഏകാന്തതയിൽ വിലപിക്കുകയും കൊടും പരീക്ഷണങ്ങൾക്കൊടുവിൽ ഭൂമി പിളർന്ന് അന്തർധാനം ചെയ്യുകയും ചെയ്ത സീതാദേവിയുടെ സ്മരണ ഇന്ത്യയിലെ ഒരു കണ്ണുനീർ വിസ്മയമാണ്. ചൈനയിൽ ഇരുമ്പിന്റെ ഇടുങ്ങിയ ഷൂ സ്ത്രീയായി പിറന്ന ഹതഭാഗ്യയുടെ കാലിൽ കുത്തിക്കയറ്റിയിരുന്നു. അറബികൾക്കിടയിലാവട്ടെ പെൺമക്കളെ ജീവനോടെ കുഴിച്ചുമൂടുന്ന സമ്പ്രദായം നിലനിന്നിരുന്നു. പെൺകുഞ്ഞ് ജനിച്ച വാർത്തയറിഞ്ഞാൽ മുഖം അപമാനഭാരം കൊണ്ട് വിവർണമാകുന്ന അറബിപെരുമയെപറ്റി ഓർക്കുക. ഗ്രീസിലും, റോമിലും ലോകത്തിന്റെ മറ്റു പല ഭാഗങ്ങളിലും സ്ത്രീ ഒരു കാഴ്ചവസ്തുവും ഒളിമങ്ങുമ്പോൾ വലിച്ചെറിയപ്പെടുന്ന ഉപഭോഗ വസ്തുവും മാത്രമായിരുന്നു.

ഇസ്ലാം മതം അറേബ്യയുടെ ചക്രവാളത്തിൽ ഉദയകാന്തി ചൊരിഞ്ഞപ്പോൾ അത് സൂര്യകാന്തി ചെടിയെ തൊട്ടുണർത്തിയ സൂര്യബിംബംപോലെ സ്ത്രീയുടെ ഉത്ഥാന ചൈതന്യമായിത്തീർന്നു. അബലയെന്ന് മാത്രം വിളിക്കപ്പെട്ട സ്ത്രീയുടെ ഹൃദയത്തിൽനിന്ന് സ്വാസ്ഥ്യത്തിന്റെയും, സമാധാനത്തിന്റെയും നെടുവീർപ്പുകളുയർന്നു. സ്ത്രീപുരുഷൻമാർ തമ്മിലുള്ള ആത്മീയ, സാമൂഹ്യ, സാമ്പത്തിക രാഷ്ട്രീയ സമത്വത്തെ ഉദ്ഘോഷിച്ചുകൊണ്ടാണ് ഇസ്ലാം അതിന്റെ പ്രകടന പത്രിക ലോകത്തിന് മുമ്പിൽ സമർപ്പിച്ചത്. വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നു. “മനുഷ്യരെ, നിങ്ങളെ ഒരേ ഒരു സത്തയിൽ നിന്ന് സൃഷ്ടിക്കുകയും അതിൽ നിന്നുതന്നെ അതിന്റെ ഇണയെ സൃഷ്ടിക്കുകയും അത് രണ്ടിൽ നിന്നുമായി ഒട്ടധികം പുരുഷന്മാരെയും സ്ത്രീകളെയും വ്യാപിപ്പിക്കുകയും ചെയ്ത നിങ്ങളുടെ രക്ഷിതാവിനെ സൂക്ഷിച്ചുകൊള്ളുക” (4:2). അല്ലാഹുവിന്റെ ഈ സ്നേഹമന്ത്രം സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഒരായിരം മഴവില്ലുകൾ ഒന്നിച്ചു ചേർന്നതുപോലെ സുന്ദരവും വരണ്ട ഭൂമിയിലേക്ക് ആകാശത്തുനിന്ന് ആദ്യമായി പെയ്യുന്ന പുതുമഴ പോലെ ആശ്വാസപ്രദവുമായിരുന്നു. കാരണം സ്ത്രീയുടെ സ്വത്വവും ഉണ്മയും പുരുഷനു തുല്യം എന്ന അറിവ് വിശാല ദർശനങ്ങളുടെ പുതിയ ലോകങ്ങൾ മനുഷ്യസമൂഹത്തിനു മുമ്പിൽ തുറന്നിടുകയായിരുന്നു. ജൈവ മനുഷ്യൻ രൂപം കൊള്ളുവാൻ സ്ത്രീ ശരീരം പാതിയിൽ കവിഞ്ഞ പ്രാധാന്യം വഹിക്കുന്നത്പോലെ സാമൂഹിക മനുഷ്യന്റെ യും ആത്മീയ മനുഷ്യന്റെയും സ്ത്രീപാതിയുടെ പ്രാധാന്യത്തിന് ഇസ്ലാം ദാർശനിക മാനം നൽകുകയായിരുന്നു. മനുഷ്യ ജീവിതം ലിംഗഭേദങ്ങളുടെ രമ്യമനോഹരമായ ഒരു സമന്വയമാക്കിത്തീർക്കുവാൻ ഇസ്ലാം നിർദേശിക്കുന്ന ജീവിത മാർഗരേഖ മനുഷ്യജീവിതത്തിന്റെ മോചന പാതയായിത്തീർന്നു.

1400 വർഷങ്ങൾക്ക് മുമ്പ് അറേബ്യാ മണലാരണ്യത്തിൽ സ്ത്രീ വിമോചനത്തിന്റെ കവാടങ്ങൾ തുറക്കപ്പെട്ടുവെന്ന് ചരിത്രകാരന്മാർ ഇന്ന് സമ്മതിച്ചു കഴിഞ്ഞിട്ടുണ്ട്. പെൺകുട്ടികളെ കുഴിച്ചുമൂടുന്ന ഒരു സാമൂഹ്യവ്യവസ്ഥതിയിൽ നിന്ന് സ്ത്രീ അനുഗ്രഹീതയായി മാറിയ ഒരു സാഹചര്യം ഉടലെടുത്തു. ‘ഉഷ സന്ധ്യപോലെ പാവനാംഗിയാൾ’ എന്ന് കുമാരനാശാൻ നളിനിയെ പറ്റി പറഞ്ഞ ഒരു കാവ്യഭാവന മാത്രമാണ്.

എന്നാൽ നബിതിരുമേനി (സ) യുടെ സമൂഹത്തിൽ സ്ത്രീ ഉദിച്ചുയർന്ന സൂര്യൻ തന്നെയായി. ഉഷസ്സ് പ്രഭാതമാണ്. ദിവ്യമായ വെളിച്ചവുമാണ്. ജീവിക്കാനാഗ്രഹിക്കുന്ന ഒരു സമൂഹത്തിന്റെ പ്രഭാതമാണ് സ്ത്രീയെന്ന് ഇസ്ലാം വ്യക്തമാക്കി. മാത്രമല്ല നൂറ്റാണ്ടുകളെ ദിവ്യമാക്കുന്ന പ്രകാശം കൂടിയാണവൾ. നബി (സ) പറയുന്നത് ശ്രദ്ധിക്കുക. 'മാതാവിന്റെ കാലടി കീഴിലാണ് സ്വർഗം സ്ഥിതി ചെയ്യുന്നത്. സ്വർഗത്തിലേക്കുള്ള വഴി മാതാവാണ്. ജ്ഞാന സമ്പാദനത്തിനുള്ള ആദ്യത്തെ വഴി മാതാവാണ് നൽകുന്നത്. മാതൃ വാത്സല്യത്തിന്റെ സ്നേഹ പാഠങ്ങളുടെ സ്വച്ഛഭാവങ്ങൾക്ക് ഇസ്ലാം പ്രോത്സാഹനവും നിറവും മിഴിവും നൽകി. നബി തിരുമേനി (സ) ക്ക് ശേഷം വളരെ വർഷങ്ങൾക്കു ശേഷം ഫ്രഞ്ച് വിപ്ലവത്തിന്റെ സാഹിത്യകാരനായ റൂസ്സോ അദ്ദേഹത്തിന്റെ വിദ്യാഭ്യാസ തത്വത്തെ വിശദീകരിക്കുന്ന 'എമിലി' എന്ന പുസ്തകത്തിൽ അമ്മയാണ് ഗുരു എന്നു വ്യക്തമാക്കി. ഒരു കുട്ടിയെ സംബന്ധിച്ചിടത്തോളം അമ്മയാണ് പാഠശാല. കുഞ്ഞുങ്ങളിൽ വളർന്നുവരുന്ന ജൈവബോധത്തിൽ നിന്ന് ശിശുവിന്റെ വ്യക്തി ബോധത്തെ സ്വതന്ത്രമാക്കാനുള്ള ശ്രമം അമ്മയിൽ നിന്നാണാരംഭിക്കുന്നത്.

ശിശുവിന്റെ ആദ്യഗുരു അമ്മയാണ് എന്ന് ആധുനിക മന:ശാസ്ത്രം പറയുന്നു. സ്വർഗത്തെ പോലും സ്ത്രീയുടെ കാലിന് കീഴെയാണ് ഇസ്ലാം പ്രതിഷ്ഠിച്ചത്. സ്ത്രീകൾക്ക് നല്കിയ സ്ഥാനം അപരിമേയമാണ്. ഇസ്ലാം സ്ത്രീയെ ഗുരുനാഥയാക്കിയ മതമാണ്. നബിതിരുമേനി (സ) ക്ക് അല്ലാഹുവിൽ നിന്ന് ലഭിച്ച അതിദിവ്യമായ അമൃതഗംഗാപ്രവാഹമായ വിശുദ്ധ ഖുർആൻ തിരു സഖാക്കൾക്ക് പഠിപ്പിച്ച് കൊടുക്കാൻ നിയോഗിക്കപ്പെട്ടു ഗുരുനാഥ ഹ. ആയിശ (റ) യെ ആയിരുന്നു. ഇസ്ലാമിക ലോകം അവരുടെ ഈ ആദ്യ അധ്യാപികയിൽ നിന്ന് വിജ്ഞാനത്തിന്റെ സൂര്യഗായത്രികൾ ഏറ്റുവാങ്ങുമ്പോൾ അവിടെ അംഗീകരിക്കപ്പെട്ടത് സ്ത്രീയുടെ മഹത്വമായിരുന്നു.

**ജൈവ മനുഷ്യൻ രൂപം കൊള്ളുവാൻ സ്ത്രീ ശരീരം പാതിയിൽ കവിഞ്ഞ പ്രാധാന്യം വഹിക്കുന്നത്പോലെ സാമൂഹിക മനുഷ്യന്റെയും ആത്മീയ മനുഷ്യന്റെയും സ്ത്രീ പാതിയുടെ പ്രാധാന്യത്തിന് ഇസ്ലാം ദാർശനിക മാനം നൽകുകയായിരുന്നു.**

നബി (സ) യെ ആദ്യമായി വിശ്വസിക്കാൻ ഭാഗ്യമുണ്ടായതും ഒരു സ്ത്രീക്കാണെന്നത് ദൈവീകമായ ഒരടയാളമാണ്. ഇസ്ലാമിലേക്ക് ആദ്യമായി കടന്നുവന്നത് തിരുമേനി (സ) യുടെ ധർമ പത്നിയായിരുന്ന ഹ. ഖദീജ (റ) ആയിരുന്നു. പ്രവാചക തിരുമേനിക്ക് സമാശ്വാസത്തിന്റെ സാന്ത്വനമരുളിക്കൊണ്ട് പർവതസമാനം ആ മഹതിരത്നം ഉറച്ചു നിന്നു. അല്ലാഹു തന്നെ ചുമതലപ്പെടുത്തിയ ഭാരിച്ച ഉത്തരവാദിത്വത്തെക്കുറിച്ചോർത്ത് വിറകൊണ്ട് നിൽക്കുകയായിരുന്ന തിരുനബി (സ) യോട് അവർ പറഞ്ഞു: "ഇല്ല. അങ്ങയെ ദൈവം കൈവിടുകയില്ല. അങ്ങ് പാവങ്ങളെ സഹായിക്കുന്നു. അവശരോട് ദയാപൂർവം പെരുമാറുന്നു. ബന്ധുക്കളെ സംരക്ഷിക്കുന്നു. അതുകൊണ്ട് അല്ലാഹു അങ്ങയെ കൈവിടുകയില്ല." ഹ. ഖദീജ (റ) ഇങ്ങിനെ പ്രതികരിച്ചപ്പോൾ ചരിത്രത്തിന്റെ ഗതിമാറ്റിയ ഒരു മഹാപ്രസ്ഥാനത്തിന്റെ ശക്തിസ്രോതസ്സിന് തണലായി ഒരു മഹിളാ രത്നം നിൽക്കുകയായിരുന്നു. ഇസ്ലാമിന്റെ പടനിലങ്ങളിലും സ്ത്രീയുടെ സാന്നിദ്ധ്യമുണ്ടായിരുന്നു. നബിതിരുമേനി (സ) യുടെ കാലത്ത് യുദ്ധക്കളത്തിൽ പരിക്കേറ്റവരെ ചികിത്സിക്കാനും മുറിവേറ്റവർക്ക് പ്രഥമ ശുശ്രൂഷ നൽകാനും മുന്നോട്ടുവന്നത് സ്ത്രീകളായിരുന്നു. ഉമ്മുകുൽസുവും ഉമ്മു സൽമയും ഇസ്ലാമിക ലോകത്തിലെ ഫ്ളോറൻസ് നൈറ്റിം ഗേൽമാരാണ്.

സ്ത്രീകൾക്ക് സ്വന്തമായി സ്വത്ത് നൽകികൊണ്ടുള്ള ദായക്രമം നിയമപരമായി ആദ്യമായി അംഗീകരിച്ചത് ഇസ്ലാം മതമാണ്. ഏകദേശം ഒന്നര സഹസ്രാഹ്ബദങ്ങൾക്ക് മുമ്പാണ് തികവുറ്റ ഈ വിപ്ലവം ഇസ്ലാം നടത്തിയത്. അവർക്ക് സ്വതന്ത്രമായി സ്വത്ത് സമ്പാദിക്കാനും കൈമാറ്റം ചെയ്യാനും അനുവാദം നൽകപ്പെട്ടു. ഇസ്ലാമിക സംവിധാനത്തിലാണ് സ്ത്രീകൾക്ക് പിന്തുടർച്ചാവകാശം അനുവദിക്കപ്പെട്ടത്. പരിഷ്കൃത യൂറോപ്യൻ രാജ്യങ്ങളിൽ പോലും സ്ത്രീകളുടെ സ്വത്തവകാശം അംഗീകരിക്കപ്പെടുന്നത് പത്തൊമ്പതാം നൂറ്റാണ്ടിലാണ്.

സ്ത്രീയുടെ സുരക്ഷിതത്വം ഉറപ്പുവരുത്തിയ മതമാണ് ഇസ്ലാം. നബി തിരുമേനിയുടെ ജീവിതകാലത്ത് ഒരു സംഭവമുണ്ടായി. ഒരിക്കൽ ഒരു യുദ്ധത്തിനിടയിൽ യുദ്ധം ചെയ്യുന്ന ഭടന്മാർക്കിടയിൽ സംഭ്രമമുണ്ടാകുകയും മൃഗങ്ങൾ നിയന്ത്രണാതീതമാവുകയും ചെയ്തു. മുഹമ്മദ് നബി (സ) കുതിരപ്പുറത്തുനിന്ന് താഴെ വീണു. ആ മഹാത്മാവിന്റെ കാലുകൾ കുതിരയുടെ ജീനിയിൽ കുടുങ്ങിക്കിടക്കുകയായിരുന്നു. അപ്പോഴും നബി വിളിച്ചു പറഞ്ഞു. 'എന്നെപറ്റി വ്യാകുലപ്പെടേണ്ട വേഗം പോയി സ്ത്രീകളെ സഹായിക്കൂ' എന്നാണ്. സ്ത്രീയുടെ സംരക്ഷണവും അവരുടെ ക്ഷേമവും ഉറപ്പുവരുത്തുന്നതിന് ഉൽക്കടമായ താല്പര്യമാണ് പ്രവാചകൻ (സ) പ്രകടിപ്പിച്ചത്.

അധ്യാത്മികവും ധാർമികവുമായ സ്പർശങ്ങളില്ലാതെ ആസ്വാദനങ്ങളുടെയും അനുഭൂതികളുടെ ലോകത്തുള്ള

*(ശേഷം 37 -ാം പേജിൽ)*

# ലബ്ബൈക്കല്ലാഹുമ്മ ലബ്ബൈക്ക്

മുനീറ മുബാറക്ക്, കൂടാളി

## അഹ്മദി ദമ്പതികളുടെ ഹജ്ജ് യാത്രാവിവരണം

ലബ്ബൈക്കല്ലാഹുമ്മ ലബ്ബൈക്ക്! അതൊരു ചിരകാല സ്വപ്നമായിരുന്നു, പ്രാർത്ഥനയായിരുന്നു. ആ പ്രാർത്ഥന അല്ലാഹു സ്വീകരിച്ചുവെന്നറിഞ്ഞപ്പോൾ അതിരറ്റ ആഹ്ലാദമായിരുന്നു തോന്നിയത്. സർവ്വശക്തന്റെ മുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്ത് അവന്ന് നന്ദി പ്രകാശിപ്പിച്ചു. അല്ലാഹുവിന്റെ വരിഷ്ടദാസൻ ലോകത്തിലേക്ക് എഴുന്നള്ളിയ പുണ്യഭൂമി. തമസ്സിൽ നിന്ന് വെളിച്ചത്തിലേക്ക് ലോകത്തെ ആനയിച്ച ഖാത്തമുന്നബിയ്യീൻ റസൂൽ(സ)യുടെ പാദസ്പർശങ്ങളാൽ പുളകിതമായ പുണ്യഭൂമി ഒരുനോക്ക് കാണുവാൻ പ്രാർത്ഥനാനിരതരാകുവാൻ ഞങ്ങൾക്ക് തിടുക്കമായി.

ഹജ്ജ് കമ്മറ്റിക്കാരുടെ നിർദ്ദേശമനുസരിച്ച് ഞാനും ഭർത്താവ് മുബാറക്ക് സാഹിബും ജനുവരി 3-ാം തീയതി കോഴിക്കോട് എയർപോർട്ടിനടുത്തുള്ള ഹജ്ജ് ക്യാമ്പിലെത്തി. അപ്പോഴേക്കും ഞങ്ങളെപ്പോലെ ഹജ്ജിന് പോകേണ്ട നിരവധിപേർ അവിടെ എത്തിക്കഴിഞ്ഞിരുന്നു. നിസ്വാർത്ഥരും ത്യാഗസന്നദ്ധരുമായ നിരവധി സ്ത്രീപുരുഷന്മാർ അവിടെ ഞങ്ങൾക്ക് വേണ്ട സഹായങ്ങൾ ചെയ്യാനായി സദാ സന്നദ്ധരായി ഉണ്ടായിരുന്നു. അവർക്ക് പ്രതിഫലമായി വേണ്ടത് പരിശുദ്ധ സ്ഥലങ്ങളിൽ വെച്ചുള്ള ദുആ മാത്രമായിരുന്നു. കൈയിലിടാൻ തിരിച്ചറിയൽ സ്റ്റീൽ വളയും ഫോട്ടോയും ഇന്ത്യൻ പതാക പതിച്ച തിരിച്ചറിയൽ കാർഡും അവർ ഞങ്ങൾക്ക് തന്നു.

4-ാം തിയ്യതി തഹജ്ജുദ് നമസ്കാരത്തിനായി രണ്ട് മണിക്കുതന്നെ അവർ ഞങ്ങളെ വിളിച്ചുണർത്തി. ഞങ്ങൾ ഉംറയുടെ നിയ്യത്തോടുകൂടി കുളിച്ച് വുളു ചെയ്ത് നമസ്കാരം നിർവ്വഹിച്ചു. ഈ ലോകം ഉപേക്ഷിച്ച് അല്ലാഹുവിന്റെ അടുക്കലേക്ക് പോകുന്ന കാര്യം മാത്രം ഓർത്തുകൊണ്ട് വന്നുപോയ തെറ്റുകളിൽ പശ്ചാത്തപിക്കുകയും ദൈവകാരുണ്യത്തെക്കുറിച്ചുള്ള പ്രത്യാശയോടെ അല്ലാഹുവിന്റെ സന്നിധിയിലേക്ക് നീങ്ങുകയാണ് എന്ന ബോധത്തോടെ പുരുഷന്മാർ ഉച്ചത്തിലും സ്ത്രീകൾ പതുങ്ങിയ സ്വരത്തിലും റബ്ബിനെ സ്തുതിച്ചു. ‘‘ലബ്ബൈക്കല്ലാഹുമ്മ ലബ്ബൈക്ക്. ഇന്നൽഹാദ വനിഅ്മത്ത ലക്ക വൽമുൽക്ക ലാ ശരീക്ക ലക്ക....’’

പതിനൊന്നര മണിക്ക് ഞങ്ങൾ കോഴിക്കോട് നിന്ന് വിമാനം കയറി. 5 മണിക്കാണ് ജിദ്ദയിലെത്തിയത്. ജിദ്ദ എയർപോർട്ടിലെ ചടങ്ങുകളൊക്കെ കഴിഞ്ഞ് ഞങ്ങൾ മുതവഫിന്റെ വാഹനത്തിൽ തന്നെ മക്കയിലേക്ക് പുറപ്പെട്ടു. മസ്ജിദ് ഹറം, അല്ലാഹുവിന്റെ ഭവനമായ കഅ്ബ, പടുകൂറ്റൻ പള്ളിയും പകൽപോലെ പ്രകാശം ചൊരിയുന്ന നാലുഭാഗത്തുമുള്ള മിനാരങ്ങളും എല്ലാം ഞങ്ങളുടെ മുമ്പിൽ!! അപ്പോൾ എന്റെ ഹൃദയത്തിലുണ്ടായ വികാരങ്ങൾ പറഞ്ഞറിയിക്കാനാവുകയില്ല. കണ്ണിൽ നിന്നറിയാതെ നീർതുള്ളികൾ ഒലിച്ചിറങ്ങുന്നുണ്ടായിരുന്നു. ഞങ്ങൾ വീണ്ടും മലിക്കുൽ ജബ്ബാറിനെ സ്തുതിച്ചു.

അറേബ്യൻ സമയം 11 മണിക്കാണ് ഞങ്ങൾ ഞങ്ങളുടെ താമസസ്ഥലത്തെത്തിയത്. ഞങ്ങൾ രണ്ടുപേർക്കുമായി എല്ലാ സൗകര്യങ്ങളോടും കൂടിയുള്ള ഒരു മുറി കിട്ടി.

5-ാംനു രാവിലെ തഹജ്ജുദിന് വേണ്ടിയുള്ള ബാങ്ക് വിളി കേട്ടാണ് ഞങ്ങളുണർന്നത്. ഞങ്ങൾ പള്ളിയിൽ പോയി തഹജ്ജുദ് നമസ്കാരം നിർവ്വഹിച്ചു. കഅ്ബാ പ്രദക്ഷിണവും, സഫ മർവാ നടത്തവും നിർവ്വഹിച്ചു. രണ്ട് കർമ്മങ്ങളിലും പ്രത്യേകം ദുആകളും അതോടൊപ്പം നമുക്കാവശ്യമായ മറ്റ് ദുആകളും ഓതേണ്ടതുണ്ട്. പ്രാർത്ഥനകൾ സ്വീകരിക്കപ്പെടുന്ന പരിപാവന സ്ഥലങ്ങളാണവ.

7-ാം തിയ്യതി രാത്രി മുത്വവഫിന്റെ വാഹനത്തിൽ ഞങ്ങൾ മദീനയിലേക്ക് പുറപ്പെട്ടു. മക്കയിൽനിന്നും മദീനയിലേക്ക് 450 കി.മീറ്റർ ദൂരമുണ്ട്. ഞങ്ങൾ എട്ടാം തിയ്യതി എത്തി. അവിടെയും താമസത്തിന് ഞങ്ങൾക്ക് യാതൊരു വിഷമവുമുണ്ടായില്ല. ഉച്ചക്ക് ഞങ്ങൾ പള്ളിയിലേക്ക് പുറപ്പെട്ടെങ്കിലും മഴ കാരണം മസ്ജിദുന്നബവിയിലേക്ക്

# ശിശുവിനെ പോലെ പാപരഹിതൻ

**ഒരാൾ അല്ലാഹുവിനുവേണ്ടി ഹജ്ജ് കർമ്മം നിർവ്വഹിക്കുകയും അനാവശ്യ വാക്കുകൾ പറയാതിരിക്കുകയും അക്രമം പ്രവർത്തിക്കാതിരിക്കുകയും ചെയ്താൽ അയാൾ തന്റെ മാതാവ് പ്രസവിച്ച നാളിൽ എത്രത്തോളം പാപരഹിതനായിരിക്കുന്നുവോ അതുപോലെ ആയിത്തീരും.**

**(നബിവചനം - മിശ്ക്കാത്ത്)**

എത്താനായില്ല. എങ്കിലും അടുത്തുണ്ടായിരുന്ന ബിലാൽ പള്ളിയിൽ പോയി നമസ്കാരം നിർവ്വഹിച്ചു. അവിടെ കൂടുതലും ഹ: ബിലാൽ (റ) ന്റെ പിൻഗാമികളായ കറുത്ത അറബികളായിരുന്നു. പിറ്റേന്നാണ് ഞങ്ങൾ മസ്ജിദുന്നബവിയിൽ എത്തിയത്.

വിശാലമായ പള്ളിയായിരുന്നു മസ്ജിദുന്നബവി. റസൂൽ (സ) തിരുമേനിയുടെ പള്ളി. എത്ര ലക്ഷം ആളുകൾക്കും നമസ്കരിക്കാനുള്ള സൗകര്യം പള്ളിക്കകത്തും പുറത്തും ഉണ്ട്. സ്ത്രീകൾക്ക് നമസ്കാരത്തിന് നമ്മുടെ പള്ളികളിലൊക്കെ ഉള്ളത് പോലെ പ്രത്യേകം സ്ഥലമുണ്ട്. സ്ത്രീപുരുഷന്മാർ സമുദ്രംപോലെ ഒഴുകിക്കൊണ്ടിരിക്കുന്ന കാഴ്ചയായിരുന്നു ആ പള്ളിയിൽ. നബി(സ)യുടെ വീടിന്റെയും മിമ്പറിന്റെയും ഇടക്കുള്ള സ്ഥലത്ത് (റൗസാ ശരീഫ്) തഹിയത്ത് നമസ്കരിക്കാനായി ആളുകൾ തിരക്ക് കൂട്ടുന്നു. 'എന്റെ വീടിന്റെയും മിമ്പറിന്റെയും ഇട സ്വർഗ്ഗത്തോപ്പാണ്' എന്ന് റസൂൽ തിരുമേനി (സ) പറയുകയുണ്ടായത്രേ.

വെള്ളിയാഴ്ച ജുമാ നമസ്കാരാനന്തരമാണ് ഞങ്ങൾ റൗളാ ശരീഫ് കാണാൻ പോയത്. അപ്പോഴും അവിടുത്തെ തിരക്ക് ഭയങ്കരം തന്നെയായിരുന്നു. രണ്ട് റക്അത്ത് നമസ്കരിക്കാനുള്ള സൗകര്യം ഉണ്ടാക്കിത്തന്നത് തിരക്ക് നിയന്ത്രിക്കുന്ന വനിതാപോലീസുകാരാണ്. റസൂൽ(സ) തിരുമേനിയുടെ ഖബറിന് പുറമെ അബൂബക്കർ (റ), ഉമർ(റ) എന്നിവരുടെയും ഖബർ ഇവിടെയാണ്. ജന്നത്തുൽ ബഖിയ പള്ളിയുടെ അടുത്ത് തന്നെ മറ്റൊരു വശത്ത് റസൂൽ (സ) തിരുമേനിയുടെ ഭാര്യമാരുടെയും കുടുംബത്തിന്റെയും ചില സഹാബിമാരുടെയും കബറുകൾ സ്ഥിതിചെയ്യുന്നു. ഇവിടെയെല്ലാം ഞങ്ങൾ സിയാറത്ത് ചെയ്തു.

10-ാനു രാവിലെ മദീനയിലെ ചരിത്രപ്രസിദ്ധമായ മറ്റ് ചില സ്ഥലങ്ങൾ കൂടി കാണാനായി പുറപ്പെട്ടു. ആദ്യത്തെ ജുമാമസ്ജിദ് കണ്ടു. അത് പൂട്ടിയിട്ടിരിക്കുകയാണ്. പിന്നീട് മസ്ജിദ് കൂബായിലാണ് വന്നത്. ഇപ്പോഴത് വലിയ പള്ളിയാണ്. തിരുമേനിയും സഹാക്കളും ഹിജ്റത്ത് ചെയ്തു മദീനയിൽ വന്ന് ആദ്യമായി ഇവിടെയാണ് ഇറങ്ങിയത്. എല്ലാ ശനിയാഴ്ച ദിവസങ്ങളിലും റസൂൽ(സ) ഇവിടെ വരികയും നമസ്കരിച്ച് വിശ്രമിക്കുകയും ചെയ്യുമായിരുന്നുവെന്ന് ഞങ്ങളുടെ ഗൈഡുകൾ പറഞ്ഞു. അവിടെയും ഞങ്ങൾ രണ്ട് റക്അത്ത് നമസ്കരിച്ചു. പിന്നീട് സൽമാനുൽ ഫാരിസി(റ) യുടെ തോട്ടം കണ്ടു. റസൂൽ (സ) സ്വന്തം കൈകൊണ്ട് തോട്ടത്തിൽ ഈത്തപ്പഴമരം നട്ടതായും അത് ഒരു കൊല്ലം കൊണ്ട് കായ് പിടിച്ചതായും ഗൈഡുമാർ പറഞ്ഞു. റസൂൽ (സ) തിരുമേനി ആദ്യമായി തബ്‌ലീഗ് ചെയ്തതും തർബിയത്ത് ചെയ്തതുമായ പള്ളിയാണ് മസ്ജിദ് സഫർ. ആദ്യമായി ഖുർആൻ പഠിപ്പിച്ചതും ഇവിടെ വെച്ചായിരുന്നുവത്രേ.

പിന്നീട് കണ്ട മസ്ജിദ് ഖിബ്‌ലത്തെയ്നും പടുകൂറ്റൻ പള്ളി തന്നെ. ബൈത്തുൽ മഖ്ദസിനെ അഭിമുഖീകരിച്ചു നമസ്കരിച്ചിരുന്ന റസൂൽ തിരുമേനിക്ക് തിരുമേനി(സ) ആഗ്രഹിച്ചത് പ്രകാരം കഅ്ബ ഖിബ്‌ലയായി നിശ്ചയിച്ചുകൊണ്ടുള്ള വഹ്‌യ് ലഭിച്ച പള്ളിയാണ് മസ്ജിദ് ഖിബ്‌ലത്തെയ്ൻ എന്നു പറയുന്നു. ഒരു നമസ്കാരവേളയിലായിരുന്നു സംഭവം. ഉഹ്ദ് മലയിൽ പോയി ശുഹദാക്കളുടെ ഖബറിടങ്ങളിൽ സിയാറത്ത് നടത്തി. അതുപോലെ ബദറിലും ഖന്തഖിലും പോയി.

മലകളാൽ ചുറ്റപ്പെട്ടു കിടക്കുന്ന പ്രദേശമാണ് മക്കയും മദീനയും. മദീനയിൽ ഞങ്ങൾ എട്ട് ദിവസം ഉണ്ടായിരുന്നു. മക്കയിൽ തിരിച്ചെത്തി ചരിത്രപ്രസിദ്ധമായ സ്ഥലങ്ങൾ സന്ദർശിച്ചു. ഇഖ്റഅ് ബിസ്മി റബ്ബിക്ക... തുടങ്ങി റസൂൽ (സ) തിരുമേനിക്ക് ആദ്യമായി വെളിപാട് ലഭിച്ച ഹിറാ ഗുഹ. റസൂൽ തിരുമേനിയും അബൂബക്കർ സിദ്ദീഖ് (റ)വും ശത്രുക്കളിൽ നിന്ന് രക്ഷപ്പെടാൻ ഒളിച്ചിരുന്നിരുന്ന സൗർ ഗുഹ.

ഇക്കൊല്ലം കേരളത്തിൽ നിന്നും മറ്റിതരഭാഗങ്ങളിൽ നിന്നുമായി ധാരാളം അഹ്മദികൾ ഹജ്ജിനുണ്ടായിരുന്നു. എന്റെ ഇളയമ്മയുടെ മകൻ മുനവ്വർ ഖാദിയാനിൽ നിന്നും ഹജ്ജിനായി എത്തിയിരുന്നു. അവന്റെ സാമീപ്യം ഞങ്ങൾക്ക് വളരെ സഹായകമായി. കോഴിക്കോട്, കണ്ണൂർ, കരുനാഗപ്പള്ളി ജമാഅത്തുകളിലെ സഹോദരി സഹോദരന്മാരെ ഹജ്ജിനിടയിൽ കണ്ടുമുട്ടാനിടയായതും സന്തോഷത്തിനിടയാക്കി. കണ്ണൂർ ജമാഅത്തിലെ ബി. അബ്ദുസ്സലാം സാഹിബും ഭാര്യ മുനീറ സാഹിബയും, കരുനാഗപ്പള്ളി അമീർ അബ്ദുൽ ജലീൽ സാഹിബിന്റെ മകൾ

അനൂദ സാഹിബയും കോഴിക്കോട്ട് നിന്നും ആയിഷ സാഹിബയേയും ഹജ്ജ് വേളയിൽ കണ്ടുമുട്ടി.

ദുൽഹജ്ജ് 8–ന് ഞങ്ങൾ താമസിക്കുന്ന സ്ഥലത്ത് നിന്നും ഇഹ്റാം കെട്ടി. "ലബ്ബൈക്കല്ലാഹുമ്മ ലബ്ബൈക്ക്...." ഹജ്ജ് ആരംഭിച്ചു കഴിഞ്ഞു. തൽബിയത്ത് ചൊല്ലിക്കൊണ്ട് മീനായിലേക്ക് പുറപ്പെടുന്നു. ആ ദിവസം മുഴുവനും മീനായിലെ ടെന്റുകളിൽ പ്രാർത്ഥനാനിരതരായി കഴിച്ചുകൂട്ടി.

ദുൽഹജ്ജ് 9–ന് രാവിലെ സൂര്യൻ ഉദിച്ചശേഷം അറഫയിലേക്ക് പുറപ്പെടുന്നു. അറഫ മൈതാനം ഇസ് ലാമികചരിത്രത്തിൽ സുപ്രസിദ്ധമാണല്ലോ. തൽബിയത്ത് ചൊല്ലിക്കൊണ്ടുതന്നെയാണ് അറഫാ മൈതാനത്തിലും കഴിച്ചുകൂട്ടേണ്ടത്. ളുഹറും അസറും ജംഉം ഖസ്റുമാക്കി നമസ്കരിച്ചു. അല്ലാഹുവിന് പ്രിയപ്പെട്ട സദസ്സാണ് അറഫയിലെ ഒരുമിച്ചുകൂടൽ എന്നതിനാൽ ഏറെ ദുആയിലും പൊറുക്കലിനെ തേടലിലുമായി സൂര്യാസ്തമയം വരെ കഴിച്ചുകൂട്ടി. പിന്നീട് മുസ്തലഫയിലേക്ക് മടങ്ങി

10–ന് ഈദുൽ അസ്ഹാ ദിനം. ജംറത്തുൽ അഖ്ബയിൽ 7 വീതം കല്ലെറിഞ്ഞു. പുരുഷന്മാർ മുടിയെടുക്കുകയും സ്ത്രീകൾ ഒരിഞ്ച് നീളത്തിൽ മുടി മുറിക്കുകയും ചെയ്യുന്നു. മറ്റുള്ള കർമ്മങ്ങളും അതിന്റെ രീതിയനുസരിച്ച് ഞങ്ങളും മറ്റുള്ളവരോടൊപ്പം ചെയ്തു. 10–ന് ബലികർമ്മത്തിന്റെ ദിവസവുമാണ്. ഞങ്ങൾ ബലികർമ്മത്തിനുള്ള പണം ഓഫീസിൽ ഏൽപ്പിക്കുകയായിരുന്നു. നമുക്കുവേണ്ടി അവർ ബലിയറുത്ത് മാംസം ദരിദ്രരാഷ്ട്രങ്ങളിലേക്ക് അയച്ചുകൊടുക്കുകയാണ് ചെയ്യുക. നാല് ദിവസത്തെ മീനാ താമസത്തിനു ശേഷം മക്കയിലേക്ക് മടങ്ങി.

ഈ അനുഗ്രഹീത സ്ഥലത്തു വെച്ച് ഖിദ്മത്ത് ചെയ്യുവാനുള്ള അവസരം കൂടി അല്ലാഹു എനിക്ക് തന്നു എന്നതിലും ഞാൻ അതീവ കൃതാർത്ഥയാണ്. തിക്കിലും തിരക്കിലും മാതാപിതാക്കളെ പിരിഞ്ഞ് വേവലാതിപ്പെട്ട് കരഞ്ഞുകൊണ്ട് അങ്ങോട്ടുമിങ്ങോട്ടും ഓടി നടക്കുന്ന പിഞ്ചുകുഞ്ഞുങ്ങളെ അവരുടെ മാതാപിതാക്കൾക്ക് എത്തിച്ചുകൊടുക്കാനുള്ള സൗഭാഗ്യം എനിക്കുണ്ടായി. പ്രായമായ സ്ത്രീകളെ അവരുടെ ടെന്റുകളിൽ കൊണ്ടെത്തിക്കുക, രോഗികളായ സ്ത്രീകളെ ഡോക്ടറുടെ അടുത്ത് കൊണ്ട് പോയി മരുന്നുവാങ്ങിക്കൊടുക്കുക എന്നീ ചെറിയ ചെറിയ സഹായങ്ങൾ ചെയ്യുവാനും അല്ലാഹു അവസരമുണ്ടാക്കിത്തന്നു. അൽഹംദുലില്ലാ. സർവ്വശക്തനായ അല്ലാഹു ഞങ്ങളുടെ ഹജ്ജ് ഖബൂൽ ചെയ്തുതരികയും ഇനിയും കൂടുതൽ അഹ്മദികൾക്ക് ഹജ്ജ് കർമ്മം നിർവ്വഹിക്കാനുള്ള തൗഫീഖ് നൽകുകയും ചെയ്യട്ടെ. ■

---

*(34 -ാം പേജിൽ നിന്ന് തുടർച്ച)*

സ്ത്രീയുടെ സ്വഛന്ദ സഞ്ചാരമാണ് ആധുനിക ഫെമിനിസം. കുടുംബ ജീവിതത്തിൽ ഇസ്ലാം നിഷ്കർഷിച്ച ചിട്ടകളും, വസ്ത്രധാരണ നിഷ്ഠകളും ഫെമിനിസത്തിന്റെ രൂക്ഷമായ വിമർശനങ്ങൾക്ക് വിധേയമാണ്. ഫെമിനിസത്തിന്റെ വിലാസ ലോകത്ത് മാനസിക സംഘർഷങ്ങളും മനോരോഗങ്ങളുമായി കഴിയുന്ന ഹതഭാഗ്യകളായ സ്ത്രീജന്മങ്ങൾക്ക് മുസ്ലിം സ്ത്രീ അനുഭവിക്കുന്ന മാനസികസ്വാസ്ഥ്യം, കുടുംബ സുരക്ഷയും മൂല്യനിർണയം ചെയ്യുവാൻ പോലും അശക്തമാണ്. ചിരന്തനമായി മനുഷ്യസമൂഹം പാലിച്ചുവരുന്ന കുടുംബമൂല്യങ്ങളെപോലും തൂത്തെറിഞ്ഞ് സ്ത്രീസ്വാതന്ത്ര്യം ആഘോഷിക്കുന്നവരാണ് ഇന്നത്തെ യൂറോപ്യൻ സമൂഹം. നമ്മുടെ നാട്ടിലെ സ്ത്രീ സ്വാതന്ത്ര്യവാദികളുടെ മാതൃകാ സമൂഹം അവരാണല്ലോ. ടി. വിയിലും മാധ്യമങ്ങളിലും പകിട്ടോടെ പ്രദർശിപ്പിക്കപ്പെടുന്ന സ്ത്രീകളുടെ അന്ത:ക്ഷോഭങ്ങളും ജീവിത തകർച്ചയും ലോകത്തിലെ ഏറ്റവും ദാരുണമായ വിലാപഗീതങ്ങളാണെന്ന് കൂടി നാം അറിയണം. ഇസ്ലാം അതിന്റെ ആത്മീയ സുരഭിലമായ മാർഗനിർദേശങ്ങളിലൂടെ കുടുംബജീവിതത്തെ മനോഹരമാക്കുന്നു. ഇസ്ലാം മാത്രമാണ് യഥാർഥ സ്ത്രീ വിമോചന പ്രസ്ഥാനം എന്നത് ചരിത്രം തെളിയിച്ചതും തെളിയിച്ചുകൊണ്ടിരിക്കുന്നതുമായ സത്യമാണ്. മനുഷ്യജീവിതത്തെപറ്റി സമഗ്ര ഭാവനകളില്ലാത്ത ഹ്രസ്വദൃഷ്ടികളുടെ മാ യാ കാഴ്ചകൾ സ്ത്രീ സ്വാതന്ത്ര്യമല്ല. ഭോഗതൽപരതയുടെ അനാശാസ്യതകൾ മാത്രമാണതെന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. ■

## ഗതിയറ്റവന്റെ വാക്കുകളെ സൂക്ഷിക്കുക

പ്രാകൃതനെന്നു തോന്നത്തക്കവിധം ചീകാതെ പൊടിപാറിയ മുടിയോടുകൂടിയ എത്രയോ ആളുകളുണ്ട്. അവജ്ഞയാൽ വാതിലുകൾ അവരുടെ നേരെ കൊട്ടിയടക്കപ്പെടും. (അവർക്ക് അല്ലാഹുവിന്റെ അടുക്കൽ സ്ഥാനമുണ്ട്). അവർ അല്ലാഹുവിന്റെ പേരിൽ ആണയിട്ടാൽ അല്ലാഹു അവരുടെ വാക്കുകൾ സാക്ഷാത്കരിക്കും.

**(നബിവചനം - മുസ്ലിം)**

കുറിപ്പുകൾ
മുസാഫിർ

# സോണിയാഗാന്ധിയുടെ തിളക്കത്തിൽ പ്രധാനമന്ത്രിയായ മൻമോഹൻസിംഗ്

അഭിഷേകത്തിനു കാത്തുനിന്ന സിംഹാസനവും കരതലത്തിൽ വെച്ചു നീട്ടിയ ചെങ്കോലും പരിത്യജിച്ച് നിതാന്ത ഗഹനമായ ജീവിതത്തിന്റെ പരം പൊരുൾ തേടി കയ്യിൽ കമണ്ഡലുവും ചുണ്ടിൽ ശരണമന്ത്രങ്ങളുമായി നടന്നുനീങ്ങിയ ശാക്യമുനിയുടെ നാടാണ് ഭാരതം. ഭാരതീയ ധർമ്മശാസ്ത്രങ്ങളുടെ ഗതകാല സംഹിതകളിൽ നിന്നും ഒരു ദൃശ്യ വീചി ഹസ്തിനപുരിയെ തലോടിയത് പോലെ. 'അധികാരക്കസേരകളിൽ അല്പ സമയത്തേക്ക് ആസനമൊന്ന് പ്രതിഷ്ഠിക്കാൻ ജീവത്യാഗം വരെ ചെയ്യുന്നവരുടെ പെരുപ്പം കൊണ്ട് കെട്ടുനാറിയ ഇന്ത്യൻ രാഷ്ട്രീയത്തിൽ സ്ഥാനത്യാഗത്തിന്റെ വീരഗാഥ രചിച്ച സോണിയാഗാന്ധി ഇന്ത്യൻ രാജനീതിയുടെ ശുക്രനക്ഷത്രമായി തിളങ്ങുകയാണ്.

നമ്മുടെ രാജ്യത്തിനുവേണ്ടി മറ്റേതൊരു ഇന്ത്യൻ പൗരനേക്കാളും ഘോരമായ ദുഃഖങ്ങളും ദുരന്തങ്ങളും ഏറ്റുവാങ്ങിയവരാണ് സോണിയാഗാന്ധി. ധരിച്ച വസ്ത്രം പോലെ വിപത്തുകൾ ഞങ്ങളെ ഇപ്പോഴും വലയം ചെയ്തുനിൽക്കുന്നു എന്ന രാഹുൽ ഗാന്ധിയുടെ പ്രസ്താവന കൂടി വായിക്കുക. നമുക്കു വേണ്ടി വൈധവ്യം വരിച്ച ഭാരതത്തിന്റെ ഈ ദുഃഖപുത്രിയെ ഭാരതീയ ജനാതാപാർട്ടി ഹീനവിമർശനങ്ങൾ നടത്തി നിന്ദാപൂർവ്വം ആട്ടിയകറ്റുകയായിരുന്നു. പക്ഷേ നിഷ്ക്കളങ്കരായ ഭാരതത്തിലെ ജനകോടികൾ അവരെ വാരിപുണർന്നു. അധികാരത്തിന്റെയും സ്നേഹത്തിന്റെയും കിരീടം അണിയിച്ചു. ഭാരതത്തിന്റെ റാണിയായി വാഴാനുള്ള സമ്മതി നൽകി അവരെ ആദരിച്ചു. മതവും, ജാതിയും ദേശവും നോക്കാതെ മനുഷ്യത്വത്തേ കണ്ടറിയാൻ ഈ നാട്ടിലെ നിഷ്ക്കളങ്കരായ ദരിദ്രകോടികളുടെ ചിരന്തന സംസ്കൃതി അവരെ പഠിപ്പിച്ചിരുന്നു. ശക്തമായ പ്രചരണങ്ങളെ അതിജീവിച്ച് ഇന്ത്യയിലെ ഗ്രാമീണജനത നൽകിയ വിവേചനപൂർണ്ണമായ ഈ വിധിയെഴുത്ത് ലോകത്തെ വിസ്മയം കൊള്ളിക്കുകയാണ്.

ബി.ജെ.പി. നേതൃത്വത്തിലുള്ള എൻ.ഡി.എ. സഖ്യത്തെ പരാജയപ്പെടുത്തിക്കൊണ്ടാണ് കോൺഗ്രസ് സഖ്യം വിജയിച്ചത്. 145 സീറ്റുകൾ നേടി കോൺഗ്രസ്സ് ഏറ്റവും വലിയ ഒറ്റകക്ഷിയായി. സഖ്യകക്ഷികളുടെ 74 സീറ്റും ഇടത് കക്ഷികളുടെ 61 സീറ്റുമടക്കം സുരക്ഷിത ഭൂരിപക്ഷത്തോടെ സോണിയാഗാന്ധിയുടെ നേതൃത്വത്തിൽ മന്ത്രിസഭ രൂപീകരിക്കാനുള്ള തീരുമാനമായി. സഖ്യകക്ഷികളും ഇടതുകക്ഷികളുമടക്കം സോണിയാഗാന്ധിയെ പ്രധാനമന്ത്രിയാക്കുന്നതിന് പരിപൂർണ സമ്മതവും നൽകി. സത്യപ്രതിജ്ഞക്ക് ജനം കാതോർത്ത് നിൽക്കുമ്പോയായിരുന്നു സോണിയാഗാന്ധിയുടെ പ്രഖ്യാപനം വന്നത് 'എന്റെ മനസ്സാക്ഷി പറയുന്നു വേണ്ട എന്ന്'..... പൗരാണികമായ ഗുണപാഠകഥകളിൽ മാത്രം നാം കേട്ടുശീലിച്ച നിഷ്കാമ വിരക്തിയുടെ ആ ശബ്ദം ഇന്ത്യൻ പാർലമെന്റിന്റെ നടുത്തളത്തിൽ നിന്നും വന്നപ്പോൾ അത് അവിശ്വസനീയമായിതോന്നി. പരിണതപ്രജ്ഞനായ ഡോ. മൻമോഹൻസിംഗിനെ പ്രധാനമന്ത്രി സ്ഥാനത്തേക്ക് നിശ്ചയിച്ച് സോണിയ പിൻവാങ്ങുകയായിരുന്നു.

തിരഞ്ഞെടുപ്പ് വിജയത്തിന്റെ മുഴുവൻ ക്രെഡിറ്റും സോണിയാഗാന്ധിക്കു തന്നെ അവകാശപ്പെട്ടതാണ്. ഇന്ത്യക്ക് സ്വാതന്ത്ര്യം വാങ്ങിത്തന്ന നൂറുവർഷം പഴക്കമുള്ള മുത്തശ്ശി പാർട്ടിയായ കോൺഗ്രസ്സ് ദേശീയതലത്തിൽ മുന്നണി രാഷ്ട്രീയത്തിൽ വിശ്വസിച്ചിരുന്നില്ല. തറവാട് കുത്തുപാളയെടുത്തിട്ടും ഭൂതകാല പെരുമയുടെ മീതെ അടയിരിക്കുന്ന കാരണവരെ പോലെ കോൺഗ്രസ്സ് പരാജയങ്ങളുടെ ദൈന്യതയിൽ മുഖം താഴ്ത്തി നിന്നു. ഇന്ത്യയുടെ ദേശീയ മനസ്സാക്ഷിയേയും, സാംസ്കാരിക പാരമ്പര്യങ്ങളേയും സ്വാംശീകരിക്കാൻ കഴിയുന്ന കോൺ ഗ്രസ്സ് പ്രാദേശികവാദവും വർഗ്ഗീയ രാഷ്ട്രീയവും വിജയങ്ങൾ കൊയ്യുന്ന സമകാലീന രാഷ്ട്രീയത്തിൽ പ്രായോഗിക രാഷ്ട്രീയത്തിന്റെ വഴികാണാതെ മിഥ്യാഭിമാനത്തിൽ ഉറച്ചുനിൽക്കുകയായിരുന്നു. മുന്നണി രാഷ്ട്രീയത്തിന്റെ അനന്തസാധ്യതകൾ കണ്ടറിഞ്ഞ സോണിയാഗാന്ധിയാണ് ജാരണം ബാധിച്ച കോൺഗ്രസ്സിന് വാജീകരണ ചികിത്സ നൽകി യൗവ്വനയുക്തമാക്കിയത്. തലങ്ങും വിലങ്ങും ഓടിനടന്ന അവർ ഇന്ത്യയിലെ പ്രാദേശിക രാഷ്ട്രീയ പ്രഭുക്കളെയെല്ലാം അങ്ങോട്ടു പോയിക്കണ്ടു. ഇത് അവരുടെ പ്രായോഗികരാഷ്ട്രീയത്തിലെ സാമർത്ഥ്യം വെളിവാക്കുന്നു. തന്റെ വിദേശജന്മപ്രശ്നത്തിൽ കോൺഗ്രസ്സിൽ നിന്നും വിട്ടുപോയ മഹാരാഷ്ട്രയിലെ ശരത്പവാറിനെ, ദ്രാവിഢ രാഷ്ട്രീയത്തിന്റെ കുലപതി

യായി വാഴുന്ന കരുണാനിധിയെ, ജാതിരാഷ്ട്രീയത്തിലെ ആശാനായ ബീഹാറിലെ ലാലുവിനെ, ആന്ധ്ര യിലെ തെലുങ്ക് രാഷ്ട്രീയ സമിതിയെ, ഝാർഖണ്ഡിലെ ഗോത്രവർഗ്ഗ രാഷ്ട്രീയക്കാരെ, ഒപ്പം നിന്നില്ലെങ്കിലും ഉത്തർപ്രദേശിലെ മായാവതിയെ, എല്ലാവരേയും വിട്ടുവീഴ്ചയുടെ മനോഭാവവുമായി മുന്നണി രൂപീകരിക്കാൻ അവർ സമീപിച്ചു. ഇടതുപാർട്ടികളുമായി തിരഞ്ഞെടുപ്പിനുമുമ്പേ പല സ്ഥലങ്ങളിലും ധാരണയായി. അങ്ങിനെ ഊർജ്ജസ്വലയായി അവർ മാത്രം ഓടിനടന്നു ബുദ്ധിപൂർവ്വം അദ്ധ്വാനിച്ചാണ് ഖദർധാരികളെ കസേരയിലിരുത്തിയത്.

വിവാദങ്ങളിൽ പെടാത്ത സമുന്നതനായ സാമ്പത്തിക പണ്ഡിതനാണ് പ്രധാനമന്ത്രിയായ ഡോ. മൻമോഹൻസിംഗ്. അദ്ധ്വാനശീലനായ ഒരു ബ്യൂറോക്രാറ്റ് എന്ന പരിവേഷമുള്ള യാളാണ് അദ്ദേഹം. സോഷ്യലിസ്റ്റ് ആദർശങ്ങളെ പിന്തുണച്ചിരുന്ന കോൺഗ്രസ്സിന്റെ ഭരണകാലത്ത് ഡോ. സിംഗ് ധനകാര്യമന്ത്രിയായപ്പോഴായാണ് ആഗോളീകരണത്തിന്റേയും സാമ്പത്തിക ഉദാരവാദത്തിന്റേയും നയങ്ങളിലേക്ക് മാറിയത്. ലോകബാങ്കിന്റെയും ഐ.എം.എഫിന്റേയും ഇഷ്ടക്കാരൻ എന്ന് ഇടത്പക്ഷം അന്ന് വിമർശിച്ചിരുന്ന ഡോ. സിംഗിനെ ഇടത്പക്ഷം തന്നെ കോമൺ മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ ഇപ്പോൾ പിന്തുണക്കുകയാണ്. ഏതായാലും സാമ്പത്തിക ഉദാരവാദത്തിന്റെ വക്താവായ സിംഗും അതിനെ എതിർക്കുന്ന ഇടത്പക്ഷവും സമതുലിതമായ ഒരു സാമ്പത്തിക വികസന പാതയിലൂടെ ഇന്ത്യയെ മുന്നോട്ടു നയിക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. 100 കോടി ജനതയുടെ രാഷ്ട്രീയ ഭാഗധേയം നിർണ്ണയിക്കുന്ന ഇന്ത്യൻ പ്രധാനമന്ത്രിയുടെ കരങ്ങൾക്ക് ശക്തി നൽകട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

ബി.ജെ.പി.യുടെ രാഷ്ട്രീയ അജണ്ടകളെപറ്റി വീണ്ടുവിചാരം നടത്തുവാനുള്ള സന്ദർഭം കൂടിയാണിത്. രാജ്യത്തെ ഹിന്ദുക്കളേയും മുസ്ലിംകളേയും ഭിന്നിപ്പിക്കുന്ന ബി.ജെ.പി.യിലെ തീവ്രവാദികളുടെ നയം ഇന്ത്യൻ ജനത നിരാകരിച്ചിരിക്കുകയാണ്. അതിന്റെ ആഘാതം സോണിയാഗാന്ധിയുടെ വിജയത്തിൽ നിന്നും അവർ പഠിക്കേണ്ടതുണ്ട്. ജന്മം കൊണ്ട് വിദേശിയും, ക്രിസ്ത്യാനിയും, സ്ത്രീയുമായ ഒരു വ്യക്തിയെ ഹിന്ദുക്കൾ ഭൂരിപക്ഷമുള്ള രാജ്യത്തിന്റെ ഭരണാധികാരിയാക്കി മാറ്റാൻ ഇന്ത്യൻ ജനതക്ക് യാതൊരു മനസ്സാക്ഷിക്കുത്തുമില്ല എന്ന കാര്യം ബി. ജെ.പി. ഓർക്കേണ്ടതാണ്. ഗുജറാത്തിലെ നരേന്ദ്രമോഡിയുടെ ന്യൂനപക്ഷ നരമേധങ്ങൾ ഒഴിയാബാധ പോലെ ബി. ജെ. പി.യെ വേട്ടയാടുക തന്നെ ചെയ്യും. വിദ്വേഷ പ്രചരണം താൽക്കാലിക നേട്ടങ്ങൾ ഉണ്ടാക്കിയേക്കാമെങ്കിലും ചരിത്രത്തിൽ ചിരസ്ഥായിയായ സ്ഥാനം നേടാനും മനുഷ്യത്വത്തിന്റെ അംഗീകാരമുണ്ടാവാനും മാനവീയത്തിലധിഷ്ഠിതമായ സാർവ്വജനീനമൂല്യങ്ങൾബി.ജെ.പി. ഉയർത്തിപ്പിടിക്കേണ്ടതുണ്ട്. ഹിന്ദുത്വത്തേയും, ഭാരതീയതയേയും അവർ പുനർവ്യാഖ്യാനിക്കേണ്ടിയിരിക്കുന്നു. മാത്രമല്ല. നെഹ്റുവിന്റെ കാലം മുതൽ സോഷ്യലിസ്റ്റ് അടിത്തറയിൽ പടുത്തുയർത്തിയ ഇന്ത്യൻ സമ്പദ്ഘടനയുടെ യശസ്തംഭങ്ങളായ പൊതു മേഖലാ വ്യവസായങ്ങൾ യാതൊരു തത്ത്വദീക്ഷയുമില്ലാതെ കുറച്ചു നാൾകൊണ്ട് ആർത്തിയോടെ സ്വകാര്യമേഖലയ്ക്ക് വിറ്റൊഴിക്കുകയും അതിന്നായി ഒരു വകുപ്പ് ആരംഭിക്കുകയും ചെയ്തത് ശരിയായ തീരുമാനമാണോ എന്ന് അവർ പുനപ്പരിശോധിക്കേണ്ടിയിരിക്കുന്നു. അമേരിക്കയുടെയും മുതലാളിത്ത രാജ്യങ്ങളുടെയും മേൽകൈയ്യുള്ള ആഗോളവത്കരണ നിബന്ധനകൾക്ക് യാതൊരു ഉപാധിയും കൂടാതെ ബി. ജെ.പി. സർക്കാർ വിധേയപ്പെട്ടത് മൂലം കാർഷിക രാജ്യമായ ഇന്ത്യയിലെ ജനങ്ങളുടെ ദുരിതങ്ങൾ വർദ്ധിക്കുന്നതായാണ് അനുഭവം. അതുപോലെ വിദ്യാഭ്യാസ മേഖലയുടെ കാവിവത്കരണം, പോട്ട, പലസ്തീൻ ജനതയോടുള്ള അനുഭാവശൂന്യത, ഇറാക്ക് യുദ്ധത്തിൽ അമേരിക്കൻ നയങ്ങളോടുള്ള അനുഭാവം, ലോകാഭിപ്രായത്തെ മാനിക്കാത്ത ഇസ്രായേലുമായുള്ള സൗഹൃദം, മുതലായ നിരവധി കാര്യങ്ങളിൽ ബി.ജെ.പി. പുനർവിചാരത്തിനു തയ്യാറാവേണ്ടതാണ്.

വാജ്പേയ് ഗവൺമന്റിന്റെ കാലത്ത് ഇന്ത്യ ഹൈടെക് രംഗത്ത് കൈവരിച്ച നേട്ടങ്ങളും, പാകിസ്താനുമായി തുടങ്ങിവച്ച സൗഹൃദസംഭാഷണങ്ങളും വിദേശനാണ്യശേഖരവും തീർച്ചയായും ബി.ജെ.പി. ഗവൺമെന്റിന്റെ നേട്ടങ്ങളാണ്. തോൽവിയിൽ നിന്ന് പാഠങ്ങളുൾക്കൊണ്ട് ഏറ്റവും ക്രിയാത്മകമായ പ്രതിപക്ഷമായി പ്രവർത്തിക്കുകയാണ് ബി.ജെ. പി. ഇനി വേണ്ടത്. അതിന് അവർക്ക് കഴിയുമാറാകട്ടെ.

കേരളത്തിൽ ഈ തിരഞ്ഞെടുപ്പ് ഐക്യ ജനാധിപത്യമുന്നണിക്ക് നൽകിയ തിരിച്ചടി കനത്തതായിരുന്നു. കേരളത്തിൽ ജനങ്ങൾക്ക് കോൺഗ്രസ്സ് ഒരു പാർട്ടിയാണെന്ന് തോന്നിയിട്ടില്ല. ഗ്രൂപ്പുകളുടെ ഒരു കോൺഫെഡറേഷനായിരുന്നു ആ പാർട്ടി. തിരഞ്ഞെടുപ്പ് കാലത്ത് മാത്രം ഒന്നിച്ചു നിന്ന് ഫോട്ടോക്ക് പോസ് ചെയ്യുക ബാക്കി സമയം വിഴുപ്പലക്കുക തമ്മിൽ തല്ലുക എന്നതായിരുന്നു ഇവിടത്തെ കോൺഗ്രസ് കാരുടെ ഒരു രീതി. ഇതാണ് ഉൾപാർട്ടി ജനാധിപത്യമെന്നാണ് കോൺഗ്രസ് നേതാക്കന്മാരുടെ ധാരണ. മക്കൾക്ക് വേണ്ടി ഗ്രൂപ്പു നടത്തിക്കൊണ്ടു പോകുന്ന ലീഡറുമായി ആന്റണിയുണ്ടാക്കിയ തിരഞ്ഞെടുപ്പു കാല നീക്കുപോക്കുകൾ ആദർശമായി കേരള ജനത അംഗീകരിച്ചില്ല. ഫലമോ 14-ാം ലോക്സഭ കേരളത്തിലെ കോൺഗ്രസ്സിന്റെ ശവപ്പറമ്പായി മാറി. കേരളത്തിലെ വലിയൊരു വിഭാഗം ജനങ്ങൾ കോൺഗ്രസ്സിന്റെ അതേ തരംഗ ദൈർഘ്യ

*(ശേഷം 42 -ാം പേജിൽ)*

കുറിപ്പുകൾ
മുസാഫിർ

# അമേരിക്ക: മനുഷ്യസമൂഹത്തിന്റെ ശത്രു

ക്രൂരതയും മൃഗീയതയും പ്രകടിപ്പിച്ച് അമേരിക്ക മനുഷ്യ സമൂഹത്തിന്റെ പേക്കിനാവായി മാറുകയാണ്. ഏതെങ്കിലും നാമമാത്ര മുസ്‌ലിം എവിടെയെങ്കിലും തോക്കെടുത്താൽ ഇസ്‌ലാമിക ഭീകരൻ എന്നാണ് പാശ്ചാത്യ മാധ്യമങ്ങൾ അയാളെ വിശേഷിപ്പിക്കാറ്. ഇറാഖിലെ അബൂഗുറൈബ് ജയിലിൽ നിസ്സഹായരായ മനുഷ്യരുടേമേൽ പിശാചുക്കൾക്ക് പോലും ഉൾക്കിടിലമുണ്ടാക്കുന്ന രീതിയിൽ അമേരിക്ക നടത്തുന്ന ഭീകരതയും ക്രൂരതയും ഏത് മതം പഠിപ്പിച്ച സൽക്കർമ്മമാണെന്ന് നമുക്കറിയില്ല. ജനിതക ശാസ്ത്രത്തിന്റെ അങ്ങേതല കണ്ട വികസിത സമൂഹമായ അമേരിക്കയിൽ ക്ലോണിംഗ് സംബന്ധമായി അനവധി പരീക്ഷണങ്ങൾ നടക്കുന്നുണ്ട്. ചെന്നായ്ക്കളുടെ മൂലകോശങ്ങളുമായി ക്ലോൺ ചെയ്ത് ഉല്പാദിപ്പിച്ച ഒരു തലമുറയേയാണോ അമേരിക്ക തങ്ങളുടെ പട്ടാള സർവ്വീസിൽ നിയോഗിച്ചിരിക്കുന്നതെന്ന് അവരുടെ സേവനം കാണുമ്പോൾ സംശയിച്ചു പോകുന്നു.

യാതൊരു കാരണവുമില്ലാതെ ഇതൊരു കുരിശുയുദ്ധമാണെന്ന് പറഞ്ഞാണ് കടുത്ത മതഭക്തനായ ബുഷ് എണ്ണ മോഷ്ടിക്കാൻ ഇറാഖിൽ അതിക്രമിച്ചു കടന്നത്. അതു സംബന്ധിച്ച് ഈ കോളത്തിൽ നിരവധി തവണ എഴുതിയതാണ്. ആ പരമ്പരയിലെ അവസാനത്തെ സംഭവമാണ് അബൂഗുറൈബ് ജയിലിൽ അമേരിക്കൻ പട്ടാളം കാട്ടിക്കൂട്ടിയ അവിശ്വസനീയമായ പേക്കൂത്തുകൾ. നഗ്നരാക്കിയ മനുഷ്യക്കോലങ്ങളെ ക്കൊണ്ട് മാംസ പിരമിഡുണ്ടാക്കി രസിക്കൽ, കൈകാലുകൾ ബന്ധിച്ച തടവുകാർക്ക് നേരെ കാവൽ പട്ടികളെ കൊണ്ട് അക്രമിപ്പിക്കൽ, ക്രൂരമായി കൊലപ്പെടുത്തിയ ഒരു ഇറാഖിയുടെ മയ്യത്തിനരികെ ആർത്ത് ചിരിച്ചുകൊണ്ട് ഫോട്ടോക്ക് പോസുചെയ്യുന്ന, അമേരിക്കൻ പെൺ പട്ടാളക്കാരി, ചുണ്ടിൽ സിഗരറ്റുമായി നഗ്നരായ ഇറാഖികളെ പീഡിപ്പിക്കുന്ന മറ്റൊരു അമേരിക്കൻ സ്ത്രീ പട്ടാളം, തടവുകാരുടെ മുഖത്ത് മൂത്രമൊഴിക്കുന്ന രംഗം, നിലത്ത് കിടക്കുന്ന പടുവൃദ്ധയായ ഒരു ഇറാഖി സ്ത്രീയുടെ മുതുകിൽ കയറി ഇരുന്നു സവാരി ചെയ്യുന്ന ഒരു അമേരിക്കൻ പട്ടാളമൃഗം... മനുഷ്യസമൂഹത്തിനു മുമ്പിൽ സ്വപ്നത്തിൽ പോലും ദൃശ്യമാകാത്ത അതിഭയാനകമായ ചിത്രങ്ങൾ പത്രത്താളുകളിൽ വന്നത് വിവരിക്കാൻ വാക്കുകളില്ല. മനുഷ്യമനസ്സിനെ ദിവസങ്ങളോളം അസ്വസ്ഥമാക്കുന്നതായിരുന്നു ആ ചിത്രങ്ങൾ. എണ്ണ മോഷ്ടിച്ചുതീർന്നാൽ അമേരിക്ക ഒരു പക്ഷേ ഇറാഖ് വിട്ടുപോകും. പക്ഷേ അറപ്പും വെറുപ്പും ഉളവാക്കുന്ന ഈ ക്രൂരതകളും പൈശാചികത്വവും നൂറ്റാണ്ടുകൾ കഴിഞ്ഞാലും മനുഷ്യസമൂഹത്തിന്റെ ധാർമ്മിക മനസ്സാക്ഷിയെ വേട്ടയാടിക്കൊണ്ടിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ചരിത്രം അവസാനിച്ചിരിക്കുന്നു എന്നു തീസിസെഴുതുന്ന അമേരിക്കൻ പ്രൊഫസർമാരോട് ലോക മനസ്സാക്ഷിക്ക് പറയാനുള്ളത്, അമേരിക്കയിൽ മനുഷ്യരുടെ ചരിത്രം തീർന്നിരിക്കുന്നു എന്നാണ്. തുടരുന്നത് മനഷ്യമൃഗങ്ങളുടെ ചരിത്രമാണ്.

ഇറാഖിലെ ജയിലുകളുടെ ചുമതല വഹിച്ചത് ജാനീസ് കാർപിൻസി എന്നൊരു സ്ത്രീ ജന്മമാണ്. സൈനിക കമാണ്ടറായിരുന്ന ഈ ശൂർപ്പണഖയാണ് ജയിലിലെ രതി വൈകൃതങ്ങൾക്കും കൊടും ക്രൂരതകൾക്കും നേതൃത്വം നൽകിയത്. കഴിഞ്ഞ ഡിസംബറിൽ സെന്റ് പീറ്റേഴ്സ് ബർഗിൽ വെച്ച് ഈ സ്ത്രീ നടത്തിയ പത്രസമ്മേളനത്തിൽ ഇറാഖിലെ ജയിലുകൾ അവരുടെ വസതികളേക്കാൾ മെച്ചമാണെന്നും ഇറാഖിലെ ജയിൽ പുള്ളികൾ ഇനി വീട്ടിലേക്ക് തിരിച്ചു പോകില്ല എന്നും തട്ടിവിട്ടത് വാർത്താ മാധ്യമങ്ങളിൽ വന്നതാണ്.

ജാനീസിന് യഹൂദികളുമായുള്ള ബന്ധം പല അറബി പത്രങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അമേരിക്കയിലെ യഹൂദനായ ഡിഫൻസ് സെക്രട്ടറി ഡൊനാൾഡ് റംസ് ഫീൽഡിന്റെ കീഴിലായിരുന്ന ഇറാഖ് പട്ടാളം. അദ്ദേഹത്തിന്റെ അറിവും സമ്മതവും ജയിൽ പീഢനങ്ങൾക്ക് ഉണ്ടായിരുന്നു എന്നാണ് ആരോപിക്കപ്പെടുന്നത്. അവിശ്വസനീയമായ അമേരിക്കയുടെ ഈ നീച കൃത്യങ്ങൾ ലോകത്തിന് മുമ്പിൽ പ്രദർശിപ്പിച്ച് അതിനേക്കാൾ ക്രൂരമായ നീചകൃത്യങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ഇസ്രായേലിന്റെ കുറ്റകൃത്യങ്ങൾ ന്യായീകരിക്കാനുള്ള ശ്രമം ഇതിനു പിന്നിലുണ്ടോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. ഫലസ്തീൻ നേതാക്കന്മാരായ അഹ്മദ് യാസീനേയും അബ്ദുൽ അസീസ് റൻസീതിയേയും വധിച്ചതിനു ശേഷം യാസിർ അറഫാത്തിനെ കൊല്ലാൻ ഇസ്രായേൽ ചാപ്പ കുത്തികഴിഞ്ഞു. ഗാസയിലെ പല സ്തീനികളുടെ പാർപ്പിടങ്ങൾ കൂട്ടത്തോടെ പൊളിച്ചു നീക്കിക്കൊണ്ടിരിക്കുകയും ചെറുക്കുന്നുവരെ വെടിവെച്ചു കൊല്ലുകയുമാണ് ഇസ്രായേൽ ചെയ്യുന്നത്. കൊടും ക്രൂരതകൾ കണ്ടും കേട്ടും ജനത്തിനു മടുക്കുമ്പോൾ ലോകത്തിനി എന്തുമാകാം എന്ന മനശാസ്ത്ര യുദ്ധമുറ അമേരിക്കയുടെ ചിലവിൽ യഹൂദൻ പയറ്റുകയാണോ എന്നും സംശയിക്കാം. ■

# മുസ്‌ലിം അല്ലെന്നു പറഞ്ഞ് മയ്യത്ത് കബറടക്കാൻ അനുവദിച്ചില്ല

**പാലക്കാട്:** മുസ്‌ലിം അല്ലെന്ന് പറഞ്ഞ്, അഹമ്മദിയ മുസ്‌ലിം ജമാഅത്ത് വിഭാഗത്തിൽപ്പെട്ട ആളുടെ മയ്യത്ത് പൊതുശ്മശാനത്തിൽ കബറടക്കാൻ സമ്മതിച്ചില്ല. രാവിലെ ഏഴിന് മരിച്ച ആളുടെ ജഡം വൈകിട്ട് വരെ കാത്തിരുന്നിട്ടും കബറടക്കാൻ അനുവദിച്ചില്ല. തുടർന്ന്, പാലക്കാട് നിന്ന് മണ്ണാർക്കാട്ട് കൊണ്ടുപോയി കബറടക്കി.

പാലക്കാട് മേപ്പറമ്പിനടുത്ത മെട്രോ നഗറിലെ മുഹമ്മദ് ഷാഫി (60) യുടെ മൃതദേഹം കള്ളിക്കാട് ശ്മശാനത്തിൽ കബറടക്കുന്നതാണ്. ശ്മശാന മേൽനോട്ട കമ്മിറ്റി ഭാരവാഹികൾ വിലക്കിയത്. പാലക്കാട് നഗരസഭയുടെ കീഴിലുള്ളതാണ് കള്ളിക്കാട് ശ്മശാനം. മുസ്‌ലിം സമുദായത്തിൽപ്പെട്ടവരെ കബറടക്കാനാണ് ഇതുപയോഗിക്കുന്നത്. ഇതിനായി ഒരു കമ്മിറ്റിയുണ്ട്.

മയ്യത്ത് കബറടക്കുന്നതിന് മുഹമ്മദ് ഷാഫിയുടെ ബന്ധുക്കൾ രാവിലെ തന്നെ കമ്മിറ്റി ഭാരവാഹികൾക്ക് അപേക്ഷ നൽകിയിരുന്നു. എന്നാൽ, അഹമ്മദീയ വിഭാഗത്തിൽപ്പെട്ടവരെ മുസ്‌ലിമായി അംഗീകരിക്കാനാവില്ലെന്നും അതുകൊണ്ട് ജഡം ഇവിടെ മറവുചെയ്യാൻ അനുവദിക്കാനാവില്ലെന്നുമുള്ള നിലപാടാണ് കമ്മിറ്റി ഭാരവാഹികൾ സ്വീകരിച്ചത്.

തുടർന്ന് മുഹമ്മദ് ഷാഫിയുടെ ബന്ധുക്കൾ നഗരസഭാ അധികൃതരെയും ജില്ലാ കലക്ടരെയും കണ്ടു ജഡം ശ്മശാനത്തിൽ മറവുചെയ്യാൻ അനുവദിക്കാത്തത് ശരിയല്ലെന്നായിരുന്നു അധികൃതരുടെയും നിലപാട്. എന്നാൽ, ഇതുപറഞ്ഞതിനപ്പുറം ഒരു നടപടിയും അധികൃതരുടെ ഭാഗത്ത് നിന്നുമുണ്ടായില്ല. ഒടുവിൽ വൈകീട്ട് നാലരക്ക് മൃതദേഹം മണ്ണാർക്കാട്ടേക്ക് കൊണ്ടുപോയി. അവിടെ തെങ്കര അഹമ്മദീയ മുസ്‌ലിം ജമാഅത്തിന്റെ ഖബർസ്ഥാനിൽ മറവുചെയ്തു.

ഇസ്‌ലാമിലെ ഇതരവിഭാഗങ്ങൾ അന്ത്യപ്രവാചകനെന്നു കരുതുന്ന മുഹമ്മദ് നബിക്ക് ശേഷവും പ്രവാചകനുണ്ടെന്ന് വിശ്വസിക്കുന്നവരാണ് അഹമ്മദീയ വിഭാഗം. അനാചാരങ്ങൾ കുറഞ്ഞ ഇവർക്കിടയിൽ സ്ത്രീധന സമ്പ്രദായവുമില്ല. ലോകത്തിന്റെ വിവിധ പ്രദേശങ്ങളിലെന്ന പോലെ ഇന്ത്യയിലും ഈ വിഭാഗമുണ്ട്. പാലക്കാട് ജില്ലയിൽ മെട്രോ നഗറിന് പുറമെ മണ്ണാർക്കാട്, അലനല്ലൂർ ഭാഗങ്ങളിലുമുണ്ട്. സർക്കാർ രേഖ പ്രകാരം ഇവർ മുസ്‌ലിംങ്ങൾ തന്നെയാണ്. അതുപ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നുമുണ്ട്.

ആസ്യയാണ് മുഹമ്മദ് ഷാഫിയുടെ ഭാര്യ. മക്കൾ: നാസർ, ഫാത്തിമ, ലിയാഖത്ത് അലി, സെറീന, സുധീർ, മരുമക്കൾ അഷറഫ്, ബക്കർ

***(2004 മെയ് 19ന് ദേശാഭിമാനി പത്രത്തിൽ പ്രസിദ്ധീകരിച്ച റിപ്പോർട്ട്)***

മുഹമ്മദ് ശാഫി സാഹിബിന്റെ മയ്യത്ത് കബറടക്കുന്നത് സംബന്ധിച്ചുണ്ടായ പ്രശ്നത്തിൽ മുഖ്യമന്ത്രിക്കും, പ്രതിപക്ഷനേതാവിനും സംസ്ഥാന അമീർ എ.പി. കുഞ്ഞാമു സാഹിബ് പരാതി സമർപ്പിച്ചിട്ടുണ്ടെന്ന് അറിയിച്ചു.

(സ.പ)


# നൂറുശതമാനം വിജയം

**കോഴിക്കോട്:** അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഫസ്‌ലെ ഉമർ എഡ്യുക്കേഷണൽ ട്രസ്റ്റ് നടത്തുന്ന കരുളായി, കുടാളി എന്നിവിടങ്ങളിലെ ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളുകൾ പത്താം ക്ലാസ് സി. ബി. എസ്. സി. പരീക്ഷയിൽ നൂറുശതമാനം വിജയം നേടി. വിജയം നേടിയ വിദ്യാർത്ഥികളേയും ഈ വിജയത്തിലേക്ക് അവരെ നയിച്ച അദ്ധ്യാപകരേയും ഫസ്‌ലെ ഉമർ വിദ്യാഭ്യാസ ട്രസ്റ്റ് പ്രവർത്തകരേയും സംസ്ഥാന അമീർ എ. പി. കുഞ്ഞാമു സാഹിബ് അഭിനന്ദിച്ചു.

കരുളായിലെ ഹൈസ്കൂൾ പ്രിൻസിപ്പൽ ശ്രീമതി കെ. ജെ. റോസി ടീച്ചറുടേയും കൂടാളി ഹൈസ്കൂൾ പ്രിൻസിപ്പൾ ശ്രീ. സഹദേവൻ മാസ്റ്ററുടേയും ആത്മാർത്ഥമായ സേവനങ്ങളെ അമീർ സാഹിബ് പ്രശംസിക്കുകയും അഹ്മദി ജമാഅത്തിന്റെ വേണ്ടി നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു.

ഫസ്‌ലെ ഉമർ എഡുക്കേഷണൽ ട്രസ്റ്റിന്റെ വിദ്യാഭ്യാസ ലക്ഷ്യങ്ങളെ സാക്ഷാൽക്കരിക്കാനും അത് വമ്പിച്ച വിജയമാക്കി മാറ്റാനും കഠിനമായി പരിശ്രമിക്കുകയും നേതൃത്വം നൽകുകയും ചെയ്ത ട്രസ്റ്റ് സെക്രട്ടറി ബശീറുദ്ദീൻ സാഹിബ് കരുനാഗപ്പള്ളിയെ അമീർ സാഹിബ് പ്രത്യേകം അഭിനന്ദിക്കുകയുണ്ടായി. അതുപോലെ കരുളായി ഹൈസ്കൂളി ലെ അഡ്മിനിസ്ട്രേറ്ററായിരുന്ന മുഹമ്മദലി മാസ്റ്ററുടെ നിസ്സീമമായ സഹകരണവും അർപ്പണ മനോഭാവവും ഈ വിജയത്തിന്റെ പിന്നിലുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ട്രസ്റ്റിന്റെ എല്ലാ പ്രവർത്തകരെയും അമീർ സാഹിബ് അഭിനന്ദിക്കുകയും അവർക്ക് വേണ്ടി പ്രാർത്ഥിക്കണമെന്നും ജമാഅത്തിനോട് അഭ്യർത്ഥിച്ചു. ■

## ബി.യം. അഹ്മദ് കോയ സാഹിബ്



**കോഴിക്കോട് :** കോഴിക്കോട് ജമാഅത്തിലെ ജനാബ് അഹ്മദ് കോയ സാഹിബ് (69) (ആമു സാഹിബ്) ഇക്കഴിഞ്ഞ മേയ് 13ാം തിയ്യതി വ്യാഴാഴ്ച രാവിലെ കോഴിക്കോട് ജനറൽ ഹോസ്പിറ്റലിൽ നിര്യാതനായി. (ഇന്നാലില്ലാഹി.....) ജമാഅത്തിൽ സജീവമായി പ്രവർത്തിച്ചിരുന്ന ജ. ആമു സാഹിബ് കോഴിക്കോട്ടെ ആദ്യകാല പ്രസിദ്ധീകരണമായിരുന്ന "കാഹളത്തിന്റെ" പത്രാധിപരായിരുന്നു. കോഴിക്കോട് ജമാഅത്തിലെ ഇമാമുസ്വലാത്തായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. പരേതന്ന് അല്ലാഹു ജന്നത്തും മഅ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. ഭാര്യ : ആയിശബി. മക്കൾ : മഹ്ബൂബ്, ആദംമാലിക്ക്, ഷൗക്കത്തലി, ഫരീദ.മരുമക്കൾ: അസീസ് അഹമ്മദ്, മാജിദ, റംല, ഷഫീന, ഷൗക്കത്തലി.

**ഷൗക്കത്തലി**

## സയ്യിദ്ബ്നു മൊഹ്യുദ്ദീൻ സാഹിബ്

**മാത്തോട്ടം:** കോഴിക്കോട് ജമാഅത്തിലെ സയ്യിദ്ബ്നു മൊഹ്യുദ്ദീൻ മാത്തോട്ടത്തുള്ള വസതിയിൽ നിര്യാതനായി പരേതന്ന് അല്ലാഹു ജന്നത്തും മഅ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ.


**എ. എം**

## കെ.പി. മഹ്മൂദ് അഹ്മദ് സാഹിബ്



**പഴയങ്ങാടി :** മൗലാനാ ബി. അബ്ദുല്ലാ സാഹിബിന്റെ മകൻ കെ. പി. മഹ്മൂദ് അഹ്മദ് സാഹിബ് (67) നിര്യാതനായി. (ഇന്നാലില്ലാഹി...). പരേതന് അല്ലാഹു മഗ്ഫിറത്തും ജന്നത്തും നൽകട്ടെ. ഭാര്യ : പി.പി. ആയിശാസാഹിബ് (ചേലക്കര), മക്കൾ : റഹ്ന, റീമ, റസീം സാഹിബ്. മരുമക്കൾ: കെ.വി. അബ്ദുൾ ഖയ്യും, വി. റഫി അഹ്മദ്.

## ബി. അബ്ദുറഹ്മാൻ സാഹിബ്



**കണ്ണൂർ :** ബിലാവിന്റകത്ത് അബ്ദുറഹ്മാൻ സാഹിബ് (87) നിര്യാതനായി. (ഇന്നാലില്ലാഹി.....). പരേതന് അല്ലാഹു മഗ്ഫിറത്തും ജന്നത്തും നൽകട്ടെ. ഭാര്യ: ഖദീജ സാഹിബ, മകൻ : കെ. ഹബീബ് അഹ്മദ് സാഹിബ്, മകൾ : കെ. ബീഫാത്തിമാ സാഹിബ, മരുമകൻ : ബി.എം. കോയ സാഹിബ്.

## മുഹമ്മദ് ശാഫി സാഹിബ്

**പാലക്കാട്:** പാലക്കാട് ജമാഅത്ത് പ്രസിഡണ്ട് ജനാബ് മുഹമ്മദ് ശാഫി സാഹിബ് (60) മെയ് 18ന് പാലക്കാട് മെട്രോനഗറിലെ വസതിയിൽ വെച്ച് വഫാത്തായി. 'ഇന്നാലില്ലാഹി.....' പാലക്കാട് ജമാഅത്ത് പ്രസിഡണ്ടായി സേവനമനുഷ്ഠിച്ചു വരുന്ന ശാഫി സാഹിബ് ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തിരുന്നു. പരേതന് അല്ലാഹു ജന്നത്തും മഅ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ.

## കുഞ്ഞാമിന സാഹിബ

കോഴിക്കോട്: കോഴിക്കോട് ജമാഅത്തിലെ കുഞ്ഞാമിന സാഹിബ (74) മെയ് 6–ാം തീയതി അന്തരിച്ചു. (ഇന്നാലില്ലാഹി....) പഴയങ്ങാടിയിലെ പള്ളിക്കുട്ടി സാഹിബ് (മർഹൂം) ന്റെ ഭാര്യയായ പരേത തളിപ്പറമ്പ് സ്വദേശിയാണ്. ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ സജീവ താല്പര്യം പ്രകടിപ്പിച്ചിരുന്നു. കുഞ്ഞാമിന സാഹിബ വളരെ ധർമ്മിഷ്ഠയും ഭക്തയുമായിരുന്നു. പരേതക്ക് അല്ലാഹു ജന്നത്തും മഅ്ഫിറത്തും നൽകട്ടെ – മക്കൾ: നൂറുദ്ദീൻ സാഹിബ്, അബ്ദുല്ല സാഹിബ്, കദീജ സാഹിബ, സയീദ സാഹിബ, അസ്മ സാഹിബ, നസീമ സാഹിബ. ■

---

*(38 –ാം പേജിൽ നിന്ന് തുടർച്ച)*

ത്തിൽ ചിന്തിക്കുന്നവരാണ്. പക്ഷേ പ്രതല വൈകല്യമുള്ള ലെൻസ് പോലെ ഒരേ ബിന്ദുവിൽ ജനാഭിപ്രായത്തെ അഭിസരിപ്പിക്കാൻ കോൺഗ്രസ്സിന് കഴിയുന്നില്ല. സുകുമാർ അഴീക്കോട് പറഞ്ഞത് ഓർക്കുകയാണ്. 'മരിക്കുന്നതുവരെ കോൺഗ്രസ്സുകാരനാകാൻ ഞാൻ ആഗ്രഹിച്ചിരുന്നു. പക്ഷെ ഞാൻ മരിക്കുന്നതിന് മുമ്പേ കോൺഗ്രസ് മരിച്ചിരിക്കുകയാണ്.' കേരളത്തിലെ കോൺഗ്രസിനെപറ്റി അഴീക്കോട് പറഞ്ഞത് ശരിയാണോ? ശരിയല്ല, എന്ന് കോൺഗ്രസുകാർ തെളിയിക്കേണ്ടിയിരിക്കുന്നു. ■